# റബ്ബർ

ജനുവരി 2023 • വാർഷികവരിസംഖ്യ ₹100

- ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ
- കാംപെയ്ൻ 2022
- തേനീച്ചവളർത്തൽ
- കാഞ്ചൻമാലയിലെ കർഷകശ്രീ
- ജെൻഡർ ബജറ്റിങ്



2023

പുതുവത്സരാശംസകൾ



കപ്പുതൈകൾ സുരക്ഷിതമായി
എത്തിച്ചുതരുന്നതിന്
പ്രത്യേക വാഹന സംവിധാനമുള്ള
കപ്പുതൈ റബ്ബർ നഴ്സറി
അടുത്ത സീസണിലേക്ക്
വണ്ടർ റൂട്ട് തൈകളുടെ
ബുക്കിംഗ്
ആരംഭിച്ചിരിക്കുന്നു..!
CHEERAKUZHY
Wonder Root
ROOT TRAINER RUBBER PLANT
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuriakose
CHEERAKUZHY RUBBER NURSERY &
RESEARCH CENTRE PVT. LTD.
Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

680

# റബ്ബർ

ജനുവരി 2023

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481-2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ :
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**ഡോ. കെ.എൻ. രാഘവൻ**

എഡിറ്റർ:
**പി. പ്രസാദ്**


അസിസ്റ്റന്റ് എഡിറ്റർ:
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# ഉള്ളടക്കം

06 | കർഷകസെമിനാർ
09 | കാംപെയ്ൻ 2022
14 | വീട്ടുവളപ്പിലെ തേനീച്ചവളർത്തൽ
17 | കാഞ്ചൻമാലയിലെ കർഷകശ്രീ
20 | ടാപ്പിങ്മേഖലയ്ക്ക് കരുത്തേകാൻ ജെൻഡർ ബജറ്റിങ്
22 | ആദായം വർദ്ധിപ്പിക്കൽ - പോളിന്റെ 'പോളിസി'
25 | റബ്ബർചരിത്രം
29 | കൃഷിപ്പണികൾ
32 | കോൾസെന്റർ
36 | പരിശീലനപരിപാടികൾ
38 | ഗ്രാമകേരളം
40 | വിപണി
42 | തോട്ടത്തിലാശാൻ



# പുതിയ സമീപനങ്ങൾ
# പുതിയ പ്രതീക്ഷകൾ


പുതുവർഷത്തെ ഏവരും വരവേൽക്കുന്നത് പുതിയ പ്രതീക്ഷകളുമായിട്ടാണ്. പോയ വർഷത്തിലെ നഷ്ടങ്ങളും ലാഭങ്ങളുമെല്ലാം പേറ്റിക്കൊഴിച്ച് തെറ്റുകളുണ്ടെങ്കിൽ തിരുത്താനും പുതിയൊരു തുടക്കം കുറിക്കാനും ആഗ്രഹിക്കാത്തവർ കുറവായിരിക്കും. പുതിയ പ്രതിജ്ഞകളുടെയും പുതിയ സമീപനങ്ങളുടെയും കാലം. റബ്ബർകർഷകർക്ക് ഏറെ പ്രതിസന്ധികൾ നേരിടേണ്ടിവന്ന ഒരു വർഷമാണ് കടന്നുപോയത്. കാലാവസ്ഥയിലെ പ്രാതികൂല്യങ്ങളും രോഗങ്ങളുമെല്ലാം വിളവ് കുറച്ചിട്ടുണ്ട്. വിലയിലെ അനിശ്ചിതത്വം തുടരുകയും ചെയ്യുന്നു. അനുകൂലമായ മാറ്റങ്ങൾക്കായി കാത്തിരിക്കുന്നതോടൊപ്പം പുതുതായി എന്തു സമീപനം എടുക്കണമെന്നുകൂടി ചിന്തിക്കേണ്ട സമയമാണ്.

ഇപ്പോൾ നിലവിലുള്ള പല പ്രതിസന്ധികളും ചെറുകിടകർഷകർക്ക് ഒറ്റയ്ക്ക് പരിഹരിക്കാൻ പ്രയാസമായിരിക്കും. ഒന്നാം ഗ്രേഡ് ഷീറ്റുനിർമ്മാണം, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ രൂപവത്കരണം, ഉത്പന്നനിർമ്മാണം തുടങ്ങിയ കാര്യങ്ങളെല്ലാം റബ്ബറുത്പാദകസംഘങ്ങളിലൂടെ മാത്രമേ സാധ്യമാകൂ. ചെറുകിടകർഷകർക്ക് അധികവരുമാനം നേടിക്കൊടുക്കുന്നതിന് സാധ്യതയുള്ള കാർബൺ ട്രേഡിങ്, സസ്റ്റൈനബിലിറ്റി സർട്ടിഫിക്കേഷൻ തുടങ്ങിയ പുതിയ കാര്യങ്ങൾ നടപ്പാക്കണമെങ്കിലും സംഘങ്ങളുടെ ഇടപെടൽ ആവശ്യമായിവരും.

സംഘങ്ങൾ പുതിയ ഉത്തരവാദിത്വങ്ങളിലേക്കും രീതികളിലേക്കും മാറുമ്പോൾ അവയുടെ നേതൃത്വത്തിലും പ്രവർത്തനങ്ങളിലുമെല്ലാം പുതിയ സമീപനങ്ങൾ ആവശ്യമായി വരും. ഇത്തവണത്തെ തീവ്രബോധനപരിപാടിയിലെ മുഖ്യവിഷയവും അതുതന്നെയാണ്. ആധുനികസങ്കേതങ്ങളിൽ അറിവുള്ള യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ ദിശാബോധം നൽകാൻ ഈ പുതുവർഷത്തിൽ ഒരുമിച്ച് പരിശ്രമിക്കാം.

എല്ലാ വായനക്കാർക്കും പുതുവത്സരാശംസകൾ

– എഡിറ്റർ



# ടാപ്പർമാരുടെ തൊഴിൽസുരക്ഷ ഉറപ്പാക്കണം

റബ്ബർമേഖലയിലെ പ്രതിസന്ധികളെക്കുറിച്ചും റബ്ബർകൃഷി സുസ്ഥിരമായി നിലനിർത്തുന്നതിനെക്കുറിച്ചുമുള്ള ചിന്തകളിൽ പ്രഥമപരിഗണന നൽകേണ്ട വിഷയങ്ങളിലൊന്ന് റബ്ബർ ടാപ്പർമാരുടെ തൊഴിൽസുരക്ഷയെക്കുറിച്ചുള്ളതാണ്. നൈപുണ്യം ഏറെ ആവശ്യമുള്ള ഒരു തൊഴിലാണ് റബ്ബർടാപ്പിങ്. പരിശീലനം നേടിയിട്ടുള്ളവർക്ക് മാത്രമേ മെച്ചപ്പെട്ട രീതിയിൽ ടാപ്പുചെയ്യാൻ കഴിയൂ. എന്നാൽ, ഇത്തരത്തിൽ നൈപുണ്യം ആവശ്യമുള്ള ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കില്ലാത്ത പല പ്രശ്നങ്ങളും ടാപ്പർമാർക്ക് അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്. അവയെല്ലാം കൃത്യമായി വിലയിരുത്തി ആവശ്യമായ പരിഹാരങ്ങൾ കാണേണ്ടത് റബ്ബർകൃഷിയുടെ നിലനിൽപിന് അനിവാര്യമാണ്.

ടാപ്പർമാരുടെ തൊഴിൽസുരക്ഷയുമായി ബന്ധപ്പെട്ട ഒരു പ്രധാന പ്രശ്നം റബ്ബറിന്റെ വിളവെടുപ്പുരീതികളിലുള്ള പ്രത്യേകതയാണ്. ഇടവേള കൂടിയ ടാപ്പിങ്ങാണെങ്കിൽ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസമേ വിളവെടുപ്പ് ഉണ്ടാകൂ. മഴക്കാലത്തും കടുത്ത വേനലിലും ടാപ്പിങ് മുടങ്ങാം. ടാപ്പർമാർക്ക് വർഷം മുഴുവൻ തൊഴിൽ നൽകുന്നതിന് റബ്ബറുമായി ബന്ധപ്പെട്ടതോ ഇതരമേഖലകളിലുള്ളതോ ആയ ജോലികളും ടാപ്പിങ്ങും തമ്മിൽ ഫലപ്രദമായി ഏകോപിപ്പിക്കാൻ കഴിയണം. സാങ്കേതികവിദ്യാഭ്യാസം നേടിയ ആളാണെങ്കിലും നൈപുണ്യമില്ലെങ്കിൽ ടാപ്പുചെയ്യാൻ കഴിയില്ല. അത്തരത്തിൽ നിപുണരായ ടാപ്പർമാർക്ക് മെച്ചപ്പെട്ട വരുമാനം കിട്ടണമെങ്കിൽ അവർ ജോലിചെയ്യുന്ന തോട്ടങ്ങളുമായോ അതതു പ്രദേശങ്ങളിലെ റബ്ബറുത്പാദകസംഘങ്ങളുമായോ ബന്ധപ്പെട്ട ഇടങ്ങളിൽ ഉത്പന്നത്തിന്റെ മൂല്യവർദ്ധനയ്ക്ക് ഉതകുന്ന സംരംഭങ്ങൾ കൂടി ഉണ്ടാകണം. അതിലൂടെ ടാപ്പർമാർക്ക് സ്ഥിരം തൊഴിലും മെച്ചപ്പെട്ട വരുമാനവും ഉറപ്പാക്കാൻ കഴിയും.

ഇൻഷുറൻസ്, വൈദ്യസഹായം, പെൻഷൻ തുടങ്ങിയ പദ്ധതികൾ ജോലികൾക്ക് തൊഴിൽപരമായ മാന്യത നൽകുന്ന ഘടകങ്ങളാണ്. ഇപ്പോൾ റബ്ബർബോർഡ് ക്ഷേമപദ്ധതികളിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ മാത്രമാണ് ടാപ്പർമാരുടെ ഏക ആശ്വാസം. വിപുലമായ രീതിയിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടേണ്ടതുണ്ട്. തൊഴിലിടങ്ങളിലെ വസ്ത്രധാരണത്തിലുള്ള ഏകീകരണം പോലും മാന്യതയുടെ അളവുകോലായി മാറുന്ന കാലമാണിത്. അത്തരത്തിൽ ടാപ്പിങ്ജോലിയുമായി ബന്ധപ്പെട്ട മേഖലകളിലെ കാലോചിതമായ പരിഷ്കരണം ചെറുപ്പക്കാരടക്കം കൂടുതൽ ആളുകളെ ഈ ജോലിയിലേക്ക് ആകർഷിക്കുകയും ചെയ്യും.

ഇനിയുള്ള നാളുകളിൽ റബ്ബർ അടക്കമുള്ള കാർഷികവിളകളുടെ മൂല്യവർദ്ധന, തോട്ടങ്ങളിൽനിന്നുള്ള ഇതരവരുമാനമാർഗ്ഗങ്ങൾ തുടങ്ങിയവയെല്ലാം പുതിയ സങ്കേതങ്ങളിൽ അധിഷ്ഠിതമായിരിക്കും. അതുമായി ബന്ധപ്പെട്ട ജോലികളും വിവരശേഖരണവും എല്ലാം ടാപ്പർമാർക്കുതന്നെ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയണം. പുതിയ സമീപനങ്ങളിലൂടെ ടാപ്പർമാരുടെ തൊഴിൽസുരക്ഷയും മാന്യതയും വരുമാനവും മെച്ചപ്പെടുത്തുന്നതിനായി കർഷകരും അനുബന്ധമേഖലകളിലുള്ളവരും ചേർന്ന് കൂട്ടായ പരിശ്രമങ്ങൾ നടത്തേണ്ടതുണ്ട്. അത്തരത്തിലുള്ള നീക്കം കർഷകർക്കും ടാപ്പർമാർക്കും ഒരുപോലെ പ്രയോജനം ചെയ്യും.

പുതുവത്സരാശംസകളോടെ

ഡോ. കെ.എൻ. രാഘവൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്


SEMINAR ON



# റബ്ബർകർഷകർ ഉത്പന്നനിർമ്മാണത്തിലേക്ക് തിരിയണം

- ഡോ. സാവർ ധനാനിയ

റബ്ബറുത്പാദകസംഘങ്ങൾ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളുടെ (എഫ്.പി.ഒ.) സഹായത്തോടെ ഉത്പന്നനിർമ്മാണവുമായി ബന്ധപ്പെട്ട സംരംഭകത്വങ്ങളിലേക്ക് തിരിയണമെന്ന് റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ പറഞ്ഞു. 'റബ്ബർമേഖലയിൽ എഫ്.പി.ഒ.-കൾക്കുള്ള സാധ്യതകൾ' എന്ന വിഷയത്തിൽ റബ്ബർബോർഡ് നടത്തിയ സെമിനാറിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. റബ്ബർകർഷകരെ സംഘടിപ്പിക്കുന്നതിലും ഒരുമിച്ച് നിർത്തുന്നതിലും റബ്ബറുത്പാദകസംഘങ്ങൾ വിജയിച്ചിട്ടുണ്ട്. ഇനി ഉത്പന്നങ്ങളുടെ നിർമ്മാണരംഗത്ത് കാര്യമായ സാന്നിദ്ധ്യം അറിയിക്കാനും വിലപേശലിനുമുള്ള കഴിവ് ആർജ്ജിക്കാനുള്ള ശ്രമങ്ങളാണ് ഉണ്ടാകേണ്ടത്. അതുകൊണ്ട് സംഘങ്ങൾ എഫ്.പി.ഒ.-കളുടെ സഹകരണത്തോടെ റബ്ബറുത്പന്നനിർമ്മാണത്തിലേക്ക് തിരിയേണ്ടത് റബ്ബർകൃഷിമേഖലയുടെ നിലനിൽപിന് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

വിലയിലെ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുന്ന പ്രതിസന്ധികളെ നേരിടുന്നതിന് റബ്ബറിന്റെ പുതിയ ഉപഭോഗസാധ്യതകൾ കണ്ടുപിടിക്കുകയും ടയറിതര മേഖലകളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുകയും ചെയ്യണമെന്ന് എഫ്.പി.ഒ. -കളെക്കുറിച്ച് സെമിനാറിൽ സംസാരിച്ച കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി ചെയർമാൻ റ്റി.കെ. ജോസ് ഐ.എ.എസ്. (റിട്ട.) പറഞ്ഞു. റബ്ബറുത്പന്നനിർമ്മാണവുമായി ബന്ധപ്പെട്ട് എം.എസ്.എം.ഇ. മേഖലയിലുള്ള സാധ്യതകൾ എഫ്.പി.ഒ.-കൾക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ റബ്ബർകൃഷിയിൽ ഇപ്പോഴുള്ള പല പ്രതിസന്ധികൾക്കും പരിഹാരമാകുമെന്നും അദ്ദേഹം പറഞ്ഞു.

റബ്ബർവില കുറയുമ്പോൾ കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് സർക്കാരുകൾ നൽകുന്ന ധനസഹായത്തെ മാത്രം ആശ്രയിച്ച് മുന്നോട്ട് പോകാൻ കഴിയില്ലെന്നും സുസ്ഥിരമായ ഇതര വരുമാനമാർഗ്ഗങ്ങൾ




*കെ.എ. ഉണ്ണിക്കൃഷ്ണൻ*


*റ്റി.കെ. ജോസ്*


*ഡോ. കെ.എൻ. രാഘവൻ*


*റ്റി.പി. ജോർജുകുട്ടി*


*കോര സി. ജോർജ്*


*എൻ. ഹരി*


*പി. രവീന്ദ്രൻ*


*ഡോ. ജേക്കബ് മാത്യു*

റബ്ബർമേഖലയിൽ നിന്നുതന്നെ കണ്ടെത്തേണ്ടതുണ്ടെന്നും റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ പറഞ്ഞു. കാർബൺ ട്രേഡിങ്, സസ്റ്റൈനബിലിറ്റി സർട്ടിഫിക്കേഷൻ തുടങ്ങിയ പുതിയ സംവിധാനങ്ങളിൽനിന്ന് കിട്ടാവുന്ന വരുമാനം റബ്ബർകർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും കർഷകരുടെ ചോദ്യങ്ങൾക്ക് മറുപടി പറയവെ ഡോ. കെ.എൻ. രാഘവൻ വിശദീകരിച്ചു.


റബ്ബർബോർഡ് വൈസ് ചെയർമാൻ കെ.എ. ഉണ്ണിക്കൃഷ്ണൻ, റബ്ബർബോർഡ് അംഗങ്ങളായ റ്റി.പി. ജോർജുകുട്ടി, എൻ. ഹരി, കോര സി. ജോർജ്, പി. രവീന്ദ്രൻ എന്നിവർ യോഗത്തിൽ സംസാരിച്ചു. ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞനായിരുന്ന ഡോ. ജേക്കബ് മാത്യു എഫ്.പി.ഒ.-കളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു. •

## ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.പി.ഒ.)

ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നത് കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്ന, കർഷകർക്കായി രൂപം നൽകിയിട്ടുള്ള കർഷകരുടെ മാത്രം സംഘടനയാണ്. ഭക്ഷ്യവിളകളോ നാണ്യവിളകളോ കൃഷിചെയ്യുന്നവർക്കു മാത്രമല്ല പ്രാഥമികതലത്തിൽ ഉത്പാദനം നടത്തുന്ന കർഷകർക്കും (ഉദാഹരണം ക്ഷീരകർഷകൻ) ഇതിൽ അംഗങ്ങളാകാം. കുറഞ്ഞത് നൂറ് അംഗങ്ങളെങ്കിലും വേണം ഈ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാൻ. കമ്പനി ആക്ട് അനുസരിച്ച് പബ്ലിക് ലിമിറ്റഡ് കമ്പനികളായോ, സഹകരണനിയമമനുസരിച്ചോ ഇവ രജിസ്റ്റർ ചെയ്യാം. എഫ്.പി.ഒ.-കൾക്ക് ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു ഡയറക്ടർ ബോർഡ് ഉണ്ടായിരിക്കണം. പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ (സി.ഇ.ഒ.) നിയമിക്കണം. സ്ഥാപകരിൽ ഒരാൾക്ക് വേണമെങ്കിൽ സി.ഇ.ഒ. ആകാം. അംഗങ്ങളായ കർഷകരുടെ പക്കൽനിന്ന് സ്വരൂപിക്കുന്ന ഓഹരികളാണ് എഫ്.പി.ഒ.-കളുടെ പ്രധാന പ്രവർത്തനമൂലധനം. നൂറു രൂപയുടെ ഏത് ഗുണിതങ്ങളും ഓഹരിവിഹിതമായി നിശ്ചയിക്കാം. ഒരു കർഷകന് ഇത്തരം എത്ര ഓഹരികൾ വേണമെങ്കിലും എടുക്കാം.

പ്രവർത്തനമേഖലകളുടെ കാര്യത്തിൽ എഫ്.പി.ഒ.-കൾക്ക് 'ആകാശമാണ് അതിർത്തി' എന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയാകുകയില്ല. കർഷകരുടെ ഉത്പന്നങ്ങൾ ശേഖരിച്ച് കൂട്ടായ വിലപേശലിലൂടെ മെച്ചപ്പെട്ട വിലയ്ക്ക് വിൽക്കാൻ കഴിയുന്ന വിപണിയായി അവയ്ക്ക് പ്രവർത്തിക്കാം.





ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ

# കാംപെയ്ൻ 2022

**‘റബ്ബറുത്പാദകസംഘങ്ങളുടെ നവീകരണം യുവജനപങ്കാളിത്തത്തോടെ’ എന്ന വിഷയത്തിൽ റബ്ബർബോർഡ് നടത്തുന്ന തീവ്രബോധനപരിപാടിയുടെ (കാംപെയ്ൻ 2022) ദേശീയതല ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. നടത്തിയ ഫേസ്ബുക്ക് ലൈവിന്റെ പ്രസക്തഭാഗങ്ങളാണ് താഴെ ചേർത്തിട്ടുള്ളത്.**

റബ്ബർകൃഷിമേഖല പലവിധ പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. കർഷകരെ കൂടുതലായി ബാധിച്ചിട്ടുള്ളത് റബ്ബർവിലയിലുണ്ടായിട്ടുള്ള കുറവ് തന്നെയാണ്. റബ്ബർകൃഷിയിൽ തുടരണമെങ്കിൽ ഇതര വരുമാനമാർഗ്ഗങ്ങൾ കൂടി ഫലപ്രദമായി പ്രയോജനപ്പെടുത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. റബ്ബർകൃഷിയെ സംബന്ധിച്ചിടത്തോളം ദീർഘകാലാടിസ്ഥാനത്തിൽ മുതൽ മുടക്കിയിരിരിക്കുന്ന കർഷകർക്ക് തിരിച്ചുപോക്ക് എളുപ്പമല്ല. മുഖ്യവിളയായി മറ്റാരു കൃഷി ചൂണ്ടിക്കാണിക്കുക എളുപ്പവുമല്ല. വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചാണ് ഇപ്പോൾ ചിന്തിക്കേണ്ടത്. വൈകാരികമായ സമീപനങ്ങൾക്ക് പകരം ഈ മേഖലയിൽ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് കൃത്യമായി മനസ്സിലാക്കിയാൽ മാത്രമേ



*കാംപെയ്ൻ 2022–ന്റെ ഭാഗമായി കാസറഗോഡ് വെച്ച് നടന്ന യോഗത്തിന്റെ ദൃശ്യം*

പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയൂ. റബ്ബർ ബോർഡ് എല്ലാ വർഷവും ഇത്തരത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ട വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് മുഖാമുഖം പരിപാടികളിലൂടെ കർഷകരെ നേരിട്ടുകണ്ട് ചർച്ചകൾ നടത്താറുണ്ട്. ഈ സമയത്ത് ചുരുങ്ങിയ കാലയളവിൽ ഗ്രാമതലങ്ങളിൽ നടത്തുന്ന യോഗങ്ങളിൽ ബോർഡിന്റെ വിജ്ഞാനവ്യാപനവിഭാഗം ഉദ്യോഗസ്ഥർ നേരിട്ട് പങ്കെടുക്കുകയും കാലികപ്രാധാന്യമുള്ള വിഷയങ്ങൾ കർഷകരുമായി പങ്കിടുകയും ചെയ്യുക പതിവാണ്. കഴിഞ്ഞ വർഷത്തെ തീവ്രബോധന പരിപാടിയുടെ വിഷയം ഇടവേള കൂടിയ ടാപ്പിങ്, സ്വയം ടാപ്പിങ് എന്നിവയായിരുന്നു. ഈ വർഷം 'റബ്ബറുത്പാദകസംഘങ്ങളുടെ നവീകരണം യുവജനപങ്കാളിത്തത്തോടെ' എന്ന വിഷയമാണ് ബോർഡ് കർഷകരുമായി ചർച്ചചെയ്യുന്നത്.

റബ്ബർകർഷകരുടെ ശാക്തീകരണത്തിനായി 1980–തുകളിലാണ് റബ്ബർബോർഡ് മുൻകൈയ്യെടുത്ത് ഉത്പാദകസംഘങ്ങൾ രൂപവത്കരിച്ചത്. കുറഞ്ഞ ചെലവിൽ കാർഷികവസ്തുക്കൾ വിതരണം ചെയ്യുക, സമൂഹ റബ്ബർസംസ്കരണം സാധ്യമാക്കുക, വിജ്ഞാനവ്യാപനപ്രവർത്തനങ്ങളിൽ സഹായിക്കുക തുടങ്ങിയവയൊക്കെ ആയിരുന്നു അക്കാലത്തെ ആവശ്യങ്ങൾ. ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് സേവനം മാത്രം മുൻനിർത്തിയുള്ള അവയുടെ പ്രവർത്തനങ്ങളിൽ വളരെ പെട്ടെന്നാണ് കർഷകർ ഭാഗഭാക്കായി മാറിയത്. പിന്നീട് പതിയെപ്പതിയെ റബ്ബർകൃഷിമേഖലയിലെ രീതികളിലും ആവശ്യങ്ങളിലുമെല്ലാം മാറ്റങ്ങൾ വരാൻ തുടങ്ങി. ഭാരവാഹികൾ സേവനമനോഭാവത്തോടെ കാര്യങ്ങൾ ചെയ്തിരുന്നതുകൊണ്ട് ഭരണപരമായ ചെലവുകൾ കുറയ്ക്കാൻ കഴിഞ്ഞിരുന്നെങ്കിലും മറ്റ് ചെലവുകൾക്ക് ആവശ്യമായ വരവ് കണ്ടെത്താനോ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനോ കഴിയാത്ത സ്ഥിതി വന്നു. റബ്ബർബോർഡ് സാമ്പത്തികമായി സഹായിച്ചിരുന്ന രണ്ട് ദശാബ്ദക്കാലം സംഘങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ, കഴിഞ്ഞ ഏതാനും വർഷങ്ങളിൽ റബ്ബർബോർഡിന് സാമ്പത്തികമായ പിന്തുണ നൽകാൻ കഴിയാതെ വന്നതിനെത്തുടർന്ന് പല സംഘങ്ങളും പ്രവർത്തനങ്ങളിൽനിന്ന് പിന്നാക്കം പോയതായി കാണാം. ഈ സമയത്ത് സംസ്ഥാനസർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹനപദ്ധതി കേരളത്തിലെ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സഹായകമായിട്ടുണ്ട്. എന്നാൽ, മറ്റു സംസ്ഥാനങ്ങളിലൊന്നും ഇത്തരത്തിലുള്ള പദ്ധതികൾ ഇല്ലാത്തത് അവിടങ്ങളിലെ സംഘങ്ങളുടെ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. റബ്ബറുത്പാദക സംഘങ്ങളും അവയുടെ കീഴിൽ സ്വയം സഹായ സംഘങ്ങളും ലേബർ ഗ്രൂപ്പുകളും കൂടാതെ സംഘങ്ങളുടെ പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന അനേകം കമ്പനികളും– ഇത്രയും സുശക്തവും വ്യാപകവുമായ ഒരു സംവിധാനത്തിന് എന്താണ് സഭവിച്ചു കൊണ്ടിരിക്കുന്നത്? അവയെ മുഖ്യധാരയിൽ നിലനിർത്താൻ എന്തു ചെയ്യണം? അതിനുള്ള ചിന്തകളിലൂടെ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുക എന്നതാണ് ഇത്തവണത്തെ കാംപെയ്ൻ 2022 ലക്ഷ്യമിടുന്നത്.

ഒന്നാമതായി പരിശോധിക്കേണ്ടത് ഈ കാലയളവിൽ എന്തെങ്കിലും കാതലായ മാറ്റങ്ങൾ സംഘങ്ങളിൽ വന്നിട്ടുണ്ടോ എന്നതാണ്. റബ്ബറുത്പാദകസംഘങ്ങൾ പ്രവർത്തനമാരംഭിക്കുന്ന കാലത്ത് ഓൺലൈനായി ഒരു റെയിൽവേ ടിക്കറ്റ് ബുക്ക് ചെയ്യുന്നതോ അവശ്യവസ്തുക്കൾ വാങ്ങുന്നതോ ഒന്നും ചിന്തിക്കാൻ തന്നെ കഴിഞ്ഞിരുന്നില്ല. വിവരസാങ്കേതികവിദ്യയിൽ ഉണ്ടായിരിക്കുന്ന പുരോഗതി അത്ഭുതാവഹമാണ്. റബ്ബർബോർഡിന്റെ ധനസഹായം കർഷകന്റെ അക്കൗണ്ടിൽ നേരിട്ട് എത്തുന്നു. ഓൺലൈൻ മീറ്റിങ്ങുകൾ സാധാരണമായി. റബ്ബർ വിൽക്കാനും വാങ്ങാനും ഇ–വിപണന സംവിധാനം– അങ്ങനെ ഡിജിറ്റലൈസേഷന്റെ കാര്യത്തിൽ നാം ഏറെ മുന്നേറിയിരിക്കുന്നു. എന്നാൽ, ഇത്തരത്തിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാനോ പുതുതലമുറയുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള പ്രവർത്തനങ്ങളിലേക്ക് മാറാനോ സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ എന്നത് ആദ്യമായി പരിശോധിക്കണം.

പ്രകൃതിദത്തറബ്ബർമേഖലയിൽ ഉണ്ടായിരിക്കുന്ന പലവിധ പ്രതിസന്ധികളാണ് സംഘങ്ങൾ നേരിടുന്ന മറ്റൊരു പ്രശ്നം. റബ്ബർവിലയിലെ വ്യതിയാനങ്ങൾ സാധാരണക്കാരായ ചെറുകിടകർഷകരെ ഏറെ ബാധിച്ചിട്ടുണ്ട്. അതുപോലെ ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം ഇറക്കുമതിക്ക് കാരണമാകുന്നു. കർഷകർ നേരിടുന്ന ഇത്തരത്തിലുള്ള പ്രശ്നങ്ങൾ



*കാംപെയ്ൻ 2022-ന്റെ ഭാഗമായി മൂർജ്ജെ റബ്ബറുത്പാദകസംഘത്തിൽ വെച്ച് നടന്ന യോഗം*

സംഘങ്ങളുടെ പ്രവർത്തനങ്ങളെയും ബാധിച്ചിട്ടുണ്ട്. ഈ ഒരു സാഹചര്യത്തെ നേരിടുന്നതിന് സംഘങ്ങളെ എങ്ങനെ സുശക്തമാക്കാമെന്ന് ആലോചിക്കേണ്ടതുണ്ട്.

കാർഷികവസ്തുക്കൾ കുറഞ്ഞ നിരക്കിൽ കർഷകർക്ക് എത്തിച്ചുകൊടുക്കുക എന്നതായിരുന്നു സംഘങ്ങളുടെ ആദ്യകാലലക്ഷ്യം. പിന്നീടത് സംസ്കരണത്തിലേക്കും വിപണനത്തിലേക്കും മാറി. പരമ്പരാഗത രീതിയിലാണ് ഇതുവരെ കർഷകർ റബ്ബർ വിറ്റിരുന്നത്. ഇപ്പോൾ റബ്ബർബോർഡ് ആരംഭിച്ചിരിക്കുന്ന 'ഇലക്ട്രോണിക് ട്രേഡിങ് പ്ലാറ്റ്ഫോം' ഉപയോഗിച്ച് ഒരു ടണ്ണിൽ കൂടുതൽ റബ്ബർ ഏത് കർഷകനും എവിടെനിന്നും വിപണനം നടത്താം. കൂടുതൽ റബ്ബറുത്പാദകസംഘങ്ങൾ ഈ ആധുനികവിപണനരീതിയിലേക്ക് കടന്നുവരേണ്ടതുണ്ട്. ഒരു പുതിയ സംവിധാനത്തിലേക്ക് മാറാൻ മടികാണിക്കുന്നത് സ്വാഭാവികമാണ്. കംപ്യൂട്ടറുകൾ വന്നപ്പോഴും നമ്മുടെ ആദ്യസമീപനം അത്തരത്തിലായിരുന്നു. സംഘങ്ങൾക്ക് ഇപ്പോൾ ശ്രദ്ധ ചെലുത്താവുന്ന ഒരു പുതിയ മേഖലയാണ് ഇ-വിപണനം. അതിലൂടെ ലഭ്യമാകുന്ന ഉയർന്നവിലയുടെ ആത്യന്തികമായ പ്രയോജനം കർഷകർക്കുതന്നെയായിരിക്കും.

അതുപോലെ മാറ്റങ്ങൾ വരേണ്ട മറ്റൊന്ന് അധിക വരുമാനമാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട മേഖലയാണ്. ഇടവിളക്കൃഷി, തേനീച്ചവളർത്തൽ തുടങ്ങിയ പരമ്പരാഗതരീതികൾ കർഷകർ നടപ്പാക്കിക്കൊണ്ടാണിരിക്കുന്നത്. എന്നാൽ, ഇപ്പോൾ അതിനൊക്കെ പുറമെ പുതുതായി ഉരുത്തിരിഞ്ഞുവരുന്ന ചില സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു. ആഗോളതലത്തിൽ റബ്ബറടക്കമുള്ള വിളകൾ നേരിട്ടുകൊണ്ടിരിക്കുന്ന വലിയൊരു പ്രതിസന്ധി കാലാവസ്ഥാവ്യതിയാനമാണ്. ഈജിപ്റ്റിൽ നടന്ന ക്ലൈമറ്റ് ചെയ്ഞ്ച് കോൺഫറൻസിൽ ഇന്ത്യയും പങ്കെടുത്തിരുന്നു. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനും 2070-ൽ എത്തുമ്പോൾ 'സീറോ എമിഷൻ സ്റ്റാറ്റസി'ലേക്ക് എത്തിക്കുന്നതിനുമുള്ള ശ്രമങ്ങൾ നമ്മൾ തുടങ്ങിക്കഴിഞ്ഞു. റബ്ബർതോട്ടങ്ങൾക്ക് അന്തരീക്ഷത്തിലെ കാർബൺഡയോക്സൈഡിന്റെ അളവ് കുറയ്ക്കാൻ കഴിയും. വ്യവസായങ്ങളാകട്ടെ വലിയ അളവിൽ കാർബൺഡയോക്സൈഡ് പുറത്തേക്ക് വിടുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ബഹിർഗമനം കുറയ്ക്കുന്നതിനുള്ള ഏത് ശ്രമങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് 'കാർബൺ ക്രെഡിറ്റ്' നൽകുന്നതിനുള്ള നടപടിക്രമം ആഗോളതലത്തിൽ നടപ്പാക്കി വരുന്നു. വലിയതോതിൽ അന്തരീക്ഷത്തെ ശുദ്ധമാക്കാൻ സഹായിക്കുന്ന ഒരു സംവിധാനമെന്നനിലയിൽ റബ്ബർതോട്ടങ്ങൾക്ക് കാർബൺ ക്രെഡിറ്റിന് അർഹതയുണ്ട്. അതിനുവേണ്ടി ഒട്ടേറെ ശ്രമങ്ങൾ മുൻപ് നടത്തിയിരുന്നു. ഇപ്പോൾ അത് ഏതാണ്ട് യാഥാർത്ഥ്യത്തിലേക്ക് അടുത്തിരിക്കുകയാണ്. അങ്ങനെ വന്നാൽ കാർബൺ ക്രെഡിറ്റ് വഴിയുള്ള സാമ്പത്തികനേട്ടം റബ്ബർകർഷകരിലേക്ക് നേരിട്ട് എത്തിക്കാൻ കഴിയും. പക്ഷേ, അതിന് റബ്ബറിന്റെ പ്രായം, തോട്ടത്തിന്റെ വിസ്തൃതി, സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ 'ജിയോ കോർഡിനേറ്റ്സ്' (ലോങ്ങിറ്റ്യൂഡ്, ലാറ്റിറ്റ്യൂഡ്) തുടങ്ങിയവ സംബന്ധിച്ച കൃത്യമായ സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട ഏജൻസികൾക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. ഇക്കാര്യങ്ങൾക്കായി വിവരസാങ്കേതികവിദ്യകളെ വലിയതോതിൽ ആശ്രയിക്കേണ്ടതായും വരും.




പ്രധാനപ്പെട്ട മറ്റൊരു മേഖലയാണ് 'സസ്റ്റൈനബിലിറ്റി സർട്ടിഫിക്കേഷൻ'. ഉത്പന്നങ്ങൾ ഏതായിരുന്നാലും അവയോ അവയുടെ നിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന വസ്തുക്കളോ പ്രകൃതിക്ക് ദോഷകരമായ രീതിയിൽ ഉത്പാദിപ്പിച്ചവയല്ല എന്നത് ഉറപ്പാക്കിയിരി



*കാംപെയ്ൻ 2022-ന്റെ ഭാഗമായി തളിപ്പറമ്പിൽ വെച്ച് നടന്ന യോഗത്തിന്റെ ദൃശ്യം*

ക്കണം. ഉദാഹരണമായി ഒരു വിദേശരാജ്യത്ത് നിർമ്മിക്കുന്ന കാറിന്റെ ടയറുകൾ ഇന്ത്യയിൽ നിന്നായിരിക്കാം ഇറക്കുമതി ചെയ്തിരിക്കുന്നത്. ആ ടയറുകൾക്ക് ഇത്തരത്തിൽ ഒരു സർട്ടിഫിക്കേഷൻ രാജ്യത്തെ അംഗീകൃത ഏജൻസി നൽകിയിരിക്കണം. ടയറുണ്ടാക്കാൻ ഉപയോഗിച്ച റബ്ബർപാൽ, അതിന്റെ സംസ്കരണം, നിർമ്മാണം നടത്തിയ ഫാക്ടറി - തുടങ്ങി എല്ലാ തലത്തിലും സർട്ടിഫിക്കേഷൻ ആവശ്യമായി വരും. ഇന്ത്യയെ സംബന്ധിച്ചിടത്തോളം മണ്ണിന് ഹാനികരമായ രാസവസ്തുക്കളോ കീടനാശിനികളോ ഒന്നും റബ്ബർതോട്ടങ്ങളിൽ ഉപയോഗിക്കുന്നില്ല. അതുപോലെ ഫാക്ടറികളിൽ ബാലവേലയോ മറ്റ് മനുഷ്യാവകാശലംഘനങ്ങളോ ഇല്ല. പക്ഷേ, ഇത്തരത്തിലുള്ള സർട്ടിഫിക്കേഷൻ നൽകുന്നതിന് ഒരംഗീകൃത ഏജൻസി ഉണ്ടായിരിക്കണം. റബ്ബർബോർഡിന് ഏറെ സാധ്യതകളുള്ള ഒരു മേഖലയാണിത്. ആദ്യമായി അതിനുവേണ്ട നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. റബ്ബർബോർഡ് ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളയുമായി ചേർന്ന് 'റബ്ബർ സസ്റ്റൈനബിലിറ്റി സ്റ്റാൻഡേർഡ്സ്' തയ്യാറാക്കുന്നതിനുള്ള ശ്രമത്തിലാണ്. ഒരിക്കൽ അത് തയ്യാറാക്കിക്കഴിഞ്ഞാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഐ.സി. റ്റൂൾസ് തുടങ്ങിയവയുടെയെല്ലാം സഹായത്തോടെ സർട്ടിഫിക്കേഷൻ നൽകാൻ കഴിയും. കാർബൺ ക്രെഡിറ്റിന്റെ കാര്യത്തിലെന്നപോലെ റബ്ബർപാൽ ഉത്പാദിപ്പിച്ച കർഷകനും ഒരു തുക പ്രീമിയം ക്രെഡിറ്റായി ലഭിക്കും. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ സംഘങ്ങൾക്ക് വലിയ സാധ്യതകളാണുള്ളത്.

റബ്ബറുത്പാദനം മെച്ചപ്പെടുത്തിയാൽ മാത്രമേ കർഷകരുടെ അറ്റാദായം കൂട്ടാനും ഉപഭോഗത്തിന് ആവശ്യമായ റബ്ബറിന്റെ കമ്മി കുറയ്ക്കാനും കഴിയൂ. ഇന്ന് വിളവെടുക്കാവുന്ന ധാരാളം തോട്ടങ്ങൾ ടാപ്പു ചെയ്യാതെ കിടപ്പുണ്ട്. അതുപോലെ ഇടവേള കൂടിയ ടാപ്പിങ്രീതി ഇപ്പോഴും ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. റബ്ബർതോട്ടങ്ങൾ ദത്തെടുത്ത് വിളവെടുത്തുകൊടുക്കുന്ന ഒരു പദ്ധതി റബ്ബർബോർഡ് നടപ്പാക്കിവരുന്നു. പല റബ്ബറുത്പാദകസംഘങ്ങളിലും ടാപ്പർബാങ്കുകൾ രൂപവത്കരിച്ചിട്ടുണ്ട്. പലപ്പോഴും അതിലെ അംഗങ്ങൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ കഴിയുന്നില്ല. സംഘങ്ങൾക്ക് ഫലപ്രദമായി ഏറ്റെടുക്കാൻ കഴിയുന്ന ഒന്നാണ് തോട്ടം ദത്തെടുക്കൽ. ദത്തെടുക്കുന്ന തോട്ടങ്ങളിൽ ലേബർബാങ്കുകളിലെ ടാപ്പർമാരെ ഉപയോഗിച്ച് ഇടവേള കൂടിയ ടാപ്പിങ്രീതികളിൽ വിളവെടുക്കാൻ കഴിയും. ടാപ്പർമാർക്ക് സ്ഥിരം തൊഴിലുമാകും. ഇവിടെയും ഇലക്ട്രോണിക് മീഡിയയും സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തിയാൽ മാത്രമേ പ്രൊഫഷണലായി കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ കഴിയൂ.

ഇതെല്ലാം ആത്യന്തികമായി വിരൽ ചൂണ്ടുന്നത് സംഘങ്ങളുടെ ഭരണനേതൃത്വത്തിലും പ്രവർത്തനങ്ങളിലുമെല്ലാം അനിവാര്യമായ ചില മാറ്റങ്ങൾ ആവശ്യമാണ് എന്നതിലേക്കാണ്. ഇന്ന് സംഘങ്ങളുടെ നേതൃസ്ഥാനങ്ങളിലുള്ളവരിൽ കൂടുതലും പ്രായമേറിയവരാണ്. പുതുതലമുറയിൽ ഉള്ളവർ ആരും തന്നെ സംഘങ്ങളുടെ പ്രവർത്തനങ്ങളിലേക്ക് കടന്നുവരുന്നില്ല. ഉപയോഗസാധ്യതകൾ കണക്കിലെടുത്താൽ റബ്ബർ വളരെയധികം അനുഗ്രഹീതമായ ഒരു കൃഷിയാണെന്ന് കാണാൻ കഴിയും. ഇന്ത്യയടക്കം ഏതാനും രാഷ്ട്രങ്ങളിൽ മാത്രമാണ് റബ്ബർകൃഷിക്ക് യോജിച്ച കാലാവസ്ഥയുള്ളത്. അമേരിക്ക കോടിക്കണക്കിന് ഡോളറാണ് പ്രകൃതിദത്തറബ്ബർ നൽകുന്ന *പാർത്തീനിയം ആർജെന്റേറ്റം* പോലുള്ള മറ്റ് ചെടികൾ കൃഷിചെയ്യുന്നതിന് ചെലവിടുന്നത്. തൊഴിൽരഹിതരായ ചെറുപ്പക്കാർ റബ്ബർകൃഷിയുടെയും അനുബന്ധവ്യവസായങ്ങളുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല എന്നത് ഖേദകരമാണ്. യുവജനങ്ങൾ കൂടുതലായി പങ്കുചേർന്നാൽ മാത്രമേ റബ്ബർകൃഷിമേഖലയെ സുസ്ഥിരമായി നിലനിർത്താൻ കഴിയൂ. മാറിയ സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ സമീപനങ്ങൾ കൈക്കൊള്ളുകയും ഡിജിറ്റൽ സാങ്കേതികവിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തുകയും വേണം. വെല്ലുവിളികളെ ഫലപ്രദമായി അതിജീവിക്കാൻ അത്തരത്തിലുള്ള മാറ്റങ്ങൾ ആവശ്യമാണ്. ഈ കാംപെയ്ൻ കാലത്ത് റബ്ബറുത്പാദക സംഘങ്ങളുടെ അനന്തമായ സാധ്യതകൾ തിരിച്ചറിയാനും യുവജനങ്ങളുടെ പങ്കാളിത്തത്തോടെ 'ഡിജിറ്റൽ യുഗ'ത്തിന്റെ ആവശ്യകതകൾക്കനുസരിച്ച് അവയുടെ ആവിഷ്കാരത്തിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവരാനും കർഷകർ തയ്യാറായാൽ റബ്ബർകൃഷിയുടെ സുസ്ഥിരത ഉറപ്പാക്കാൻ കഴിയുമെന്നതിൽ സംശയമില്ല. •

# റബ്ഫാം ഓഫീസ് മന്ദിരം ഉദ്ഘാടനം ചെയ്തു



മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിലൂടെ റബ്ബർകർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ റബ്ബറുത്പാദകസംഘങ്ങൾ മുന്നോട്ടുവരണമെന്ന് റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. അഭിപ്രായപ്പെട്ടു. പാലാ കേന്ദ്രമായി 25 റബ്ബറുത്പാദകസംഘങ്ങളിലെ (ആർ.പി.എസ്.) മുന്നൂറിൽപ്പരം ചെറുകിടകർഷകരെ അംഗങ്ങളാക്കി രൂപവത്കരിച്ച കേരളത്തിലെ ആദ്യത്തെ റബ്ബറധിഷ്ഠിത ഫാർമർ പ്രൊഡ്യൂസർ കമ്പനിയായ റബ്ഫാമിന്റെ ഓഫീസ് മന്ദിരം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

റബ്ബറുത്പാദകസംഘങ്ങൾ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ പ്രൊഫഷണൽ സമീപനത്തോടെ കാര്യങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന രീതിയിലേക്ക് മാറണമെന്നും അദ്ദേഹം പറഞ്ഞു. കാർബൺ ക്രെഡിറ്റ്, സസ്റ്റൈനബിലിറ്റി സർട്ടിഫിക്കറ്റ് തുടങ്ങിയവ വഴി ലഭിക്കാവുന്ന ആനുകൂല്യങ്ങൾ റബ്ബർകർഷകർക്ക് ലഭ്യമാക്കാൻ റബ്ബർബോർഡ് ശ്രമിച്ചുവരികയാണ്. ഇതിന് റബ്ബറുത്പാദകസംഘങ്ങളുടെ സഹകരണം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. റബ്ഫാം ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ 'ലോഗോ'യും ഡോ. രാഘവൻ ചടങ്ങിൽ വെച്ച് പ്രകാശനം ചെയ്തു.

റബ്ഫാം ചെയർമാൻ ഡോ. ജേക്കബ് മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സന്തോഷ് കുമാർ (എക്സിക്യൂട്ടീവ് ഡയറക്ടർ, ഹാരിസൺസ് മലയാളം), പി. രവീന്ദ്രൻ (മെമ്പർ, റബ്ബർബോർഡ്), കെ.കെ. ബിന്ദു (അസിസ്റ്റന്റ് ഡയറക്ടർ, കൃഷിവകുപ്പ്), കാർത്തിക് രാജ് (സ്റ്റേറ്റ് കോർഡിനേറ്റർ, അഗ്രികൾച്ചറൽ ബിസിനസ്സ് പ്രമോഷൻ ഏജൻസി) ഡോ. സിബി വർഗീസ് (ജോയിന്റ് ഡയറക്ടർ, ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം), പ്രൊഫ. കെ.സി. സെബാസ്റ്റ്യൻ (ആർ.പി.എസ്. പ്രതിനിധി), കെ.എസ്. മാത്യു (ആർ.പി.എസ്. പ്രതിനിധി), സിസിൽ വർക്കി (ഡയറക്ടർബോർഡ് മെമ്പർ) തുടങ്ങിയവർ പ്രസംഗിച്ചു.

കേരളാ സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യവും (എസ്.എഫ്.എ.സി.) കൃഷിവകുപ്പും ചേർന്നാണ് റബ്ഫാമിന്റെ പദ്ധതി നടപ്പാക്കുന്നത്. ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള സാങ്കേതികവിദ്യ തയ്യാറാക്കി നൽകുന്നത് റബ്ബർബോർഡിലെ ടെക്നിക്കൽ കൺസൾട്ടൻസി വിഭാഗത്തിന്റെ കീഴിലുള്ള റബ്ബർ പ്രോഡക്ട്സ് ഇൻകുബേഷൻ സെന്ററാണ്. ജർമ്മൻ സർക്കാർ സ്പോൺസർ ചെയ്യുന്ന ലോകപ്രശസ്ത കർഷകസംഘടനയായ ആൻഡിയാസ് ഹെർമിസ് അക്കാഡമി (AHA) കഴിഞ്ഞ നാലുവർഷമായി കേരളത്തിൽനിന്നുള്ള റബ്ബറുത്പാദകസംഘം പ്രതിനിധികൾക്കായി വിഭവശേഷി ഉയർത്തൽ പദ്ധതിയിൽ പരിശീലനം നടത്തുന്നുണ്ട്. ഇങ്ങനെ പരിശീലനം കിട്ടിയ കർഷകരാണ് റബ്ഫാമിന് നേതൃത്വം നൽകുന്നത്.





മോൻസി പി. കുര്യൻ
ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ്

# വീട്ടുവളപ്പിലെ തേനീച്ചവളർത്തൽ

**തേനീച്ചകളെ പരിപാലിക്കാനുള്ള മനസ്സും ക്ഷമയും ഉള്ള ഏതൊരാൾക്കും സ്വന്തം ആവശ്യത്തിനുള്ള തേൻ വീട്ടുവളപ്പിൽതന്നെ ഉത്പാദിപ്പിക്കാൻ കഴിയും. വീട്ടുവളപ്പിൽ തേനീച്ചവളർത്തൽ തുടങ്ങാനാഗ്രഹിക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

ഒരു തേൻകാലം കൂടി ആഗതമാകുന്നു. തേനീച്ചക്കർഷകർക്ക് ഫെബ്രുവരി-മാർച്ച് മാസങ്ങൾ തേൻ എടുക്കുന്ന സമയമാണ്. തേനീച്ചവളർത്തലിനെക്കുറിച്ച് അധികം അറിവില്ലാത്തവർക്കുപോലും തേനെടുക്കുന്നത് കാണുന്നത് കൗതുകമുണർത്തും. എന്നാൽ, തേനുത്പാദനം നടക്കുന്നതിന് മുൻപുള്ള മാസങ്ങളിൽ വേണ്ട പരിചരണം നൽകാനും മഴക്കാലത്ത് തേനീച്ചകൾക്ക് കൃത്രിമമായി ഭക്ഷണം നൽകാനും കഴിയുന്നുണ്ടെങ്കിൽ മാത്രമേ തേനീച്ചവളർത്തൽ വിജയകരമായി നടത്താൻ കഴിയുകയുള്ളൂ. *എപ്പിസ് സെറാന ഇൻഡിക്ക* എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഇന്ത്യൻ തേനീച്ചയെയാണ് കർഷകർ കൂടുതലായും വളർത്തുന്നത്. കൂടാതെ, താരതമ്യേന കുറഞ്ഞ പരിചരണം മാത്രം വേണ്ടിവരുന്ന ചെറുതേനീച്ചകളെയും കർഷകർ വളർത്തുന്നുണ്ട്. ചെറുതേനീച്ചകളിൽ നിന്ന് ലഭിക്കുന്ന തേനിന്റെ അളവ് വളരെ കുറവായിരിക്കും.

ഇന്ത്യൻ തേനീച്ചകളുടെ ഒരു പെട്ടിയിൽ നിന്ന് ശരാശരി എട്ടു മുതൽ പത്ത് വരെ കിലോഗ്രാം തേൻ ലഭിക്കുന്നു. തേനീച്ചകളെക്കുറിച്ചുള്ള അറിവ്, പരിചരിക്കുന്നതിനുള്ള സമയം, തേനീച്ചവളർത്തലിൽ താൽപര്യം എന്നിവയുള്ള ഏതൊരാൾക്കും തേനീച്ചകളെ പരിപാലിച്ച് തേനെടുക്കാൻ കഴിയും. മറ്റു കൃഷികളെപ്പോലെ സാമ്പത്തികലാഭം മാത്രം പ്രതീക്ഷിച്ചുകൊണ്ട് തേനീച്ചവളർത്തൽ നടത്തുന്നതിന് കൂടുതൽ 'പ്രൊഫഷണലിസം' ആവശ്യമാണ്.

ഈ ചെറുജീവികളാണ് നല്ലൊരു ഭാഗം ചെടികളിലെയും പരാഗണം സാധ്യമാക്കുന്നത്. ഒരു തേനീച്ചക്കർ

ഷകൻ തേനുത്പാദിപ്പിക്കുന്നതിനോടൊപ്പം പ്രകൃതിയോട് പ്രതിബദ്ധതയും പുലർത്തുന്നു. ഇക്കാരണങ്ങളാൽ തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. വീടിനോട് ചേർന്നുതന്നെ തേനീച്ചവളർത്തൽ നടത്തുന്ന രീതി ഇന്ന് പല രാജ്യങ്ങളിലും പ്രചാരത്തിലുണ്ട്. വളരെ ചെറിയ ഒരു ഗൃഹാന്തരീക്ഷത്തിലും തേനീച്ചകളെ വളർത്താം. തേനീച്ചകൾക്ക് ആവശ്യമായ ഭക്ഷണസ്രോതസ്സ്, പൂക്കൾ, വെള്ളം എന്നിവയുണ്ടെങ്കിൽ പട്ടണങ്ങളിലെ ടെറസുകളിൽപോലും തേനീച്ചകളെ വളർത്താനാകും.

തേനുത്പാദിപ്പിക്കുന്നതോടൊപ്പം തേനീച്ചകളെ പരിചരിക്കുന്നതും അവയെ നിരീക്ഷിക്കുന്നതും മനസിന് സന്തോഷം നൽകുന്ന ഒരു പ്രവൃത്തിയാണ്. തേനീച്ചവളർത്തലിനെക്കുറിച്ച് ആലോചിക്കുമ്പോൾ പലരുടെയും മനസ്സിൽ ആദ്യം എത്തുന്നത് തേനീച്ചകളുടെ കുത്തും തുടർന്നുള്ള വേദനയുമാണല്ലോ. പരിചയസമ്പന്നനായ ഒരു തേനീച്ചക്കർഷകന് തേനീച്ചയുടെ സ്വഭാവരീതി മനസ്സിലാക്കി അതിന്റെ ആക്രമണത്തിൽനിന്നും ഒഴിവാകാം. തേനീച്ചവളർത്തലിന് പെട്ടി, തേനീച്ചകൾ ആക്രമിക്കാതിരിക്കാനുള്ള കവചിതവസ്ത്രങ്ങൾ, മുഖാവരണം, തേനീച്ചകളെ പുകച്ച് ശാന്തരാക്കുന്നതിനുള്ള സ്മോക്കറുകൾ, തേനടകളിൽ നിന്ന് തേൻ ഊറ്റിയെടുക്കുന്നതിനുള്ള എക്സ്ട്രാക്റ്ററുകൾ, തേനട മുറിക്കുന്നതിനുള്ള കത്തി എന്നിവയെല്ലാം ആവശ്യമാണ്. ഇവയെല്ലാം ഇന്ന് വളരെ ചുരുങ്ങിയ വിലയിൽ വിപണിയിലും ഓൺലൈനിലും ലഭ്യമാണ്.

ഇന്ന് തേനീച്ചകളുടെ പരിചരണത്തെക്കുറിച്ചുള്ള വിവരങ്ങൾ കർഷകരിൽനിന്നും ഇന്റർനെറ്റിൽനിന്നും പുസ്തകങ്ങളിൽ നിന്നുമെല്ലാം ലഭ്യമാണ്. പ്രാദേശികമായി തേനീച്ച വളർത്തുന്നവരിൽനിന്ന് ലഭിക്കുന്ന അറിവും പരിശീലനവുമാണ് പ്രായോഗികമായി എളുപ്പത്തിൽ പഠിക്കാൻ നല്ലത്. പ്രകൃതിയിൽ കാണുന്ന തേനീച്ചകളെ പ്രത്യേകം തയ്യാറാക്കിയ പെട്ടികളിലേക്ക് മാറ്റിയെടുക്കാൻ സാധിക്കും. ഇതിന് കാര്യമായ ചെലവൊന്നും ഉണ്ടാകുന്നില്ല. എന്നാൽ, ഇവ താരതമ്യേന കൂടുകളിൽ വളർത്തുന്ന തേനീച്ചകളെക്കാൾ ആക്രമണസ്വഭാവമുള്ളവയായിരിക്കും. തേനീച്ചവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് വിലകൊടുത്തും കോളനികൾ വാങ്ങാം.

തേനീച്ചവളർത്തൽ ശാരീരികമായ അധ്വാനം കൂടുതൽ വേണ്ട തൊഴിലല്ല. കൃത്യമായ ഇടവേളകളിൽ കൂടുകൾ പരിശോധിക്കുകയും സീസണിൽ തേൻ ശേഖരണം നടത്തുകയും ചെയ്താൽ മാത്രം മതിയാകും. മഴക്കാലം കഴിഞ്ഞ് സെപ്റ്റംബർ മാസം മുതൽ തേനീച്ചവളർത്തൽ തുടങ്ങാൻ പറ്റിയ സമയമാണ്. മഴക്കാലത്ത് തേനീച്ചകൾക്ക് പഞ്ചസാരലായനി കൃത്യമായി നൽകണം. അനുകൂലകാലാവസ്ഥയിൽ തേനീച്ചകൾ മുട്ടയിട്ട് പെരുകി കോളനി വലുതാകുന്നു. നവംബർ മാസം ആകുമ്പോഴേക്കും കൂടുകൾ വിഭജിച്ച് കൂടുതൽ കോളനികൾ ഉത്പാദിപ്പിക്കാൻ പറ്റും. തേനിനു പുറമേ കോളനികൾ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നതും ഒരു വരുമാനമാർഗ്ഗമാണ്. ഒരു തേനീച്ചപ്പെട്ടിയിൽ, തേനീച്ചകളും റാണിയും മൂന്നുനാല് ഫ്രെയിമുകളും അടങ്ങിയ ഒരു കോളനിക്ക് ഇന്ന് ആയിരം രൂപയോളം വിലവരും. തേനീച്ചക്കോളനികൾ ഗൃഹാന്തരീക്ഷത്തിൽ സ്ഥാപിക്കുമ്പോൾ പ്രധാനമായും തേനീച്ചകൾ കൂട്ടിലേക്ക് വരുന്ന സഞ്ചാരപഥം തടസ്സങ്ങൾ ഇല്ലാത്തതായിരിക്കണം. കൂടുതൽ വെയിലേൽക്കുന്ന സ്ഥലത്തോ





ഈർപ്പം കൂടിയ സ്ഥലത്തോ കോളനികൾ സ്ഥാപിക്കരുത്. മൃഗങ്ങളുടെ സാന്നിധ്യമുള്ള സ്ഥലങ്ങൾ ഒഴിവാക്കിവേണം കോളനികൾ സ്ഥാപിക്കാൻ. കുട്ടികൾ കോളനികൾക്കടുത്ത് വരാതെ ശ്രദ്ധിക്കണം.

കേരളത്തിൽ തേനീച്ചപ്പെട്ടികൾ കൂടുതലായും സ്ഥാപിക്കാറുള്ളത് റബ്ബർതോട്ടങ്ങളിലാണ്. റബ്ബറിൽ സ്വാഭാവിക ഇലകൊഴിച്ചിലിനുശേഷം തളിരിടുന്ന സമയത്താണ് തേനുണ്ടാകുന്നത്. ഒരു ഇലത്തണ്ടിലെ മൂന്ന് ഇലകൾ കൂടിച്ചേരുന്ന ഇലഞെട്ടിലാണ് തേൻ ഗ്രന്ഥി ഉള്ളത്. തേനീച്ചകൾ തേൻ ശേഖരിക്കുന്നത് അവിടെ നിന്നാണ്. കൂടാതെ, റബ്ബർതോട്ടങ്ങളിൽ ആവശ്യത്തിന് തണലുള്ളതിനാൽ പെട്ടികളിൽ വെയിലടിക്കാതിരിക്കുകയും ചെയ്യും. വീട്ടിലേക്കാവശ്യമുള്ള തേൻ ഉത്പാദിപ്പിക്കുന്നതിന് പുറമേ മാനസികമായ സന്തോഷവും നൽകുന്ന ഒരു തൊഴിലാണ് തേനീച്ചവളർത്തൽ.

അതിരാവിലെ തേനീച്ചക്കോളനിയുടെ അടുത്തെത്തി ഈച്ചകൾ പൂമ്പൊടിയുമായി പെട്ടിയിലേക്ക് വരുന്നതും കോളനിയുടെ പെരുകലുമെല്ലാം നിരീക്ഷിക്കുന്നത് കൗതുകം തന്നെയാണ്. അധികം വൈകാതെ ഒരു തേനീച്ചക്കോളനി വാങ്ങി വീടിനടുത്ത് സ്ഥാപിച്ചാൽ മാർച്ച് മാസത്തിൽതന്നെ തേൻ ശേഖരിക്കാനാകും. •

# മണിമലയാർ റബ്ബേഴ്സ്- അഗർത്തല ബ്രാഞ്ചിന്റെ സിൽവർജൂബിലിയാഘോഷം




മണിമലയാർ റബ്ബേഴ്സിന്റെ അഗർത്തല ശാഖ പ്രവർത്തനമാരംഭിച്ചിട്ട് 25 വർഷം പൂർത്തിയാകുന്നതിനോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിൽ ത്രിപുരയിലെ പട്ടികവർഗ്ഗക്ഷേമ മന്ത്രി രാം പദ ജമാത്തിയ വിശിഷ്ടാതിഥി ആയിരുന്നു. എൻ.ഇ. മിത്ര പദ്ധതിയുടെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ച് അദ്ദേഹം തന്റെ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തിയ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ, റബ്ബർബോർഡിന്റെ പദ്ധതികൾക്ക് ത്രിപുര സംസ്ഥാനത്ത് ലഭിക്കുന്ന സ്വീകാര്യതയെക്കുറിച്ച് പ്രത്യേകം പരാമർശിച്ചു.

റബ്ബർബോർഡ് മെമ്പർമാരായ വിപ്ലബ് കാർ, കല്ലോൽ ഡേ, ടി.എഫ്.ഡി.പി.സി. മാനേജിങ് ഡയറക്ടർ രാമേശ്വർ ദാസ്, ടി.ആർ.പി.സി. മാനേജിങ് ഡയറക്ടർ പ്രസാദ് റാവു, പാലപ്പിള്ളിൽ ടെക്നോ റബ്ബർ ജനറൽ മാനേജർ ജോഷി ജോസഫ്, റബ്ബറുത്പാദകസംഘം പ്രതിനിധി ഹരിപാദ ഗോസ്വാമി എന്നിവർ ആശംസകൾ നേർന്നു. ത്രിപുര സംസ്ഥാനത്തെ ഉത്പാദകസംഘങ്ങളുമായി ചേർന്ന് മണിമലയാർ റബ്ബേഴ്സ് റബ്ബർമേഖലയിൽ നടത്തുന്ന പ്രവർത്തനങ്ങൾ കർഷകർക്ക് ഗുണകരമാണെന്ന് ചടങ്ങിൽ പങ്കെടുത്ത റബ്ബർബോർഡ് മെമ്പർമാർ എടുത്തുപറഞ്ഞു. മണിമലയാർ റബ്ബേഴ്സ് ജനറൽ മാനേജർ അരുണാഭ മജുംദാർ കമ്പനിയുടെ ത്രിപുരയിലെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു അവലോകനം യോഗത്തിൽ അവതരിപ്പിച്ചു.



ത്രിപുരയിലെ വിവിധ റബ്ബറുത്പാദകസംഘങ്ങളെ പ്രതിനിധാനം ചെയ്ത് 250-ൽ പരം കർഷകർ യോഗത്തിൽ പങ്കെടുത്തു. ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇൻ-ചാർജ് ഷൈലജ കെ. സ്വാഗതവും മണിമലയാർ റബ്ബേഴ്സ് മാനേജിങ് ഡയറക്ടർ ജോർജ് തോമസ് കൃതജ്ഞതയും പറഞ്ഞു.

തയ്യാറാക്കിയത് :

**ജോർജ് തോമസ്**
(മാനേജിങ് ഡയറക്ടർ,
മണിമലയാർ റബ്ബേഴ്സ്)




പി.കെ. നൂർജഹാൻ
ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇൻ-ചാർജ്

# കാഞ്ചൻമാലയിലെ കർഷകശ്രീ

**റബ്ബർബോർഡ് നൽകിയ റബ്ബർനഴ്സറി പരിശീലനത്തിൽ നിന്ന് നേടിയ അറിവുകളും നൂതന സാങ്കേതികവിദ്യകളും പ്രയോജനപ്പെടുത്തി ത്രിപുരയുടെ തലസ്ഥാനമായ അഗർത്തലയ്ക്കടുത്തുള്ള ഒരു ഗ്രാമത്തിലെ കർഷകൻ മികച്ച നഴ്സറിയുടമയായി മാറിയതിനെക്കുറിച്ച് ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നു.**

അഗർത്തലയിൽ നിന്ന് ഇരുപത് കിലോമീറ്റർ അകലെയുള്ള ഒരു ഗ്രാമമാണ് കാഞ്ചൻമാല. അവിടുത്തെ ഒരു സാധാരണ കർഷകനാണ് പരിമൾ ദാസ്. വിദ്യാഭ്യാസം കുറവാണെങ്കിലും കഠിനാധ്വാനം കൈമുതലായ ഈ കർഷകൻ സ്വന്തം പ്രയത്നത്താൽ ഇന്ന് ഒരു നല്ല കാർഷികനഴ്സറിയുടെ ഉടമസ്ഥനായി മാറിയിരിക്കുന്നു.

റബ്ബർബോർഡ് ഉദ്യോഗസ്ഥരുടെ പ്രേരണ കൊണ്ട് മാത്രമാണ് 1984-ൽ ബോർഡ് നടത്തിയ റബ്ബർനഴ്സറി പരിശീലനത്തിൽ പരിമൾ ദാസ് പങ്കെടുത്തത്. ബഡ്ഡിങ് ഉൾപ്പെടെ നഴ്സറിയുമായ ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ഈ പരിശീലനപരിപാടിയിൽ പരിമൾ ദാസ് പഠിച്ചെടുത്തു. റബ്ബർബോർഡ് നൽകിയ 2000 റബ്ബർവിത്തുകൾ പാകിക്കൊണ്ടാണ് ഒരു റബ്ബർനഴ്സറിക്ക് അന്ന് അദ്ദേഹം തുടക്കം കുറിച്ചത്. നന്നായി വളർന്നുവന്ന ആയിരം തൈകൾ ബഡ്ഡു ചെയ്യുകയും ബഡ്ഡിങ് വിജയിച്ച 800 തൈകളിൽനിന്ന് മികച്ച 700 എണ്ണം തെരഞ്ഞെടുത്ത് റബ്ബർബോർഡ് ബ്ളോക്ക് പ്ലാന്റിങ് നടത്തുന്ന സ്ഥലങ്ങളിൽ വിതരണം ചെയ്തു. ഇത് അദ്ദേഹത്തിന്റെ ആത്മവിശ്വാസം വർദ്ധിപ്പിച്ചു. തുടർന്നുള്ള വർഷങ്ങളിലും നല്ല ബഡ്ഡുതൈകൾ ഉത്പാദിപ്പിച്ച് ത്രിപുര റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപറേഷനും



*പരിമൾ ദാസ് ബഡ്ഡുവുഡ്ഡ് നഴ്സറിയിൽ*

റബ്ബർബോർഡിനും നൽകാൻ സാധിച്ചു. 1994 ആയപ്പോഴേക്കും പരിമൾ ദാസിന് കൂടത്തൈകളുടെ ഉത്പാദനം തുടങ്ങാനും ഗുണമേന്മയുള്ള തൈകൾ വിവിധ സർക്കാർ ഏജൻസികൾക്ക് നൽകാനും കഴിഞ്ഞു. അഗർത്തലയിൽ തീവ്രവാദപ്രവർത്തനങ്ങൾ രൂക്ഷമായിരുന്ന കാലത്തൊഴികെ നഴ്സറിയുടെ പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളൊന്നും നേരിട്ടിട്ടില്ല. ഇപ്പോൾ കാഞ്ചൻമാലയിലെ നഴ്സറിയിൽ 35,000 കൂടത്തൈകളും അത്രതന്നെ ബഡ്ഡിങ്ങിനുള്ള തൈകളും പാകമായി വരുന്നു. എൻ.ഇ. മിത്ര പദ്ധതിയുടെ ഭാഗമായി കൃഷിചെയ്യുന്ന തോട്ടങ്ങളിലേക്ക് മണിമലയാർ റബ്ബേഴ്സ് കമ്പനി മുഖേന പരിമൾ ദാസിന്റെ നഴ്സറിയിൽനിന്ന് കൂടത്തൈകൾ വിതരണം ചെയ്യുന്നുണ്ട്.

മഴ പെയ്യുമ്പോൾ വെള്ളം മണ്ണിൽ ശക്തിയായി പതിച്ച് തൈകൾക്ക് കേടുപാടുകൾ വരാതിരിക്കാൻ നഴ്സറിയിൽ പോളിത്തീൻഷീറ്റുകൾ വിരിക്കുന്നത് നല്ലതാണെന്നാണ് പരിമൾ ദാസിന്റെ അഭിപ്രായം. മണ്ണിലെ ജലാംശം നിലനിർത്താനും കളകളുടെ വളർച്ച തടയാനും ഇത് ഉപകരിക്കും. അടുത്ത കാലത്ത് ചുഴലിക്കാറ്റിനൊപ്പം കനത്ത മഴയുണ്ടായപ്പോൾ തൈകൾക്ക് നാശനഷ്ടം ഉണ്ടാകാഞ്ഞത് തൈകളുടെ നിരകൾക്കിടയിൽ പോളിത്തീൻ ഷീറ്റ് വിരിച്ചതുകൊണ്ടാണെന്ന് അദ്ദേഹം പറയുന്നു.

ഗുണമേന്മയുള്ള തൈകൾ ഉത്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ബഡ്ഡുവുഡ്ഡ് നഴ്സറിയും പരിമൾ ദാസ് സംരക്ഷിക്കുന്നു. അദ്ദേഹത്തിന്റെ ബഡ്ഡുവുഡ്ഡ് നഴ്സറിയിൽ ആർആർഐഎം 600-ന് പുറമെ ആർആർഐഐ 105, 414, 429 എന്നീ ഇനങ്ങളുടെ ബഡ്ഡുവുഡ്ഡുകളുമുണ്ട്.

### റബ്ബറിതര കൃഷികൾ

റബ്ബർനഴ്സറിയോടൊപ്പം ഡ്രാഗൺഫ്രൂട്ടിന്റെ ഒരു നഴ്സറിയും ഇദ്ദേഹത്തിനുണ്ട്. യുട്യൂബിലെ വീഡിയോകൾ കണ്ടാണ് അതിനുവേണ്ട അറിവുകൾ നേടിയത്. ഡ്രാഗൺഫ്രൂട്ടിന്റെ ഒരു ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് നൽകുന്നതിന് ഹോർട്ടിക്കൾച്ചർ ഡിപ്പാർട്ടുമെന്റുമായി പരിമൾ ദാസ് കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ, ഒരു ഹെക്ടർ സ്ഥലത്ത് സ്വന്തമായി ഡ്രാഗൺഫ്രൂട്ട് കൃഷി ചെയ്ത് അഗർത്തലയിലെ വിപണികളിൽ നല്ല വിലയ്ക്ക് വിൽക്കാനും ഇദ്ദേഹത്തിന് കഴിയുന്നുണ്ട്. റെഡ്, പിങ്ക്, യെല്ലോ, വൈറ്റ് എന്നീ ഇനങ്ങൾക്ക് പുറമെ പരപരാഗണം നടത്തി സ്വന്തമായി വികസിപ്പിച്ചെടുത്ത ഇനങ്ങളും പരിമൾ ദാസിന്റെ കൃഷിയിടത്തിലുണ്ട്. കൂടുതൽ ഉത്പാദനം ലഭിക്കുന്നതിനായി തൈകൾ നടുന്നതിലും അദ്ദേഹം സ്വന്തമായ ഒരു രീതി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

സംസ്ഥാനസർക്കാരിന്റെ ധനസഹായത്തോടെ ആധുനിക ജലസേചനമാർഗ്ഗങ്ങൾ അവലംബിച്ചിട്ടുള്ള തോട്ടത്തിൽ ഡ്രാഗൺഫ്രൂട്ട് പടർത്തിയിട്ടുള്ള പില്ലറുകൾക്കിടയിൽ ചീര, റാഡിഷ്, കോളിഫ്ളവർ തുടങ്ങിയ പച്ചക്കറികളും കൃഷിചെയ്യുന്നു. കൃഷിയാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കുളത്തിൽ മീൻ വളർത്തുന്നുമുണ്ട്. ട്രൈക്കോഡെർമ, ചാണകം, സ്വന്തമായി ഉണ്ടാക്കുന്ന വെർമി കമ്പോസ്റ്റ് എന്നിവ ഉപയോഗിച്ച് പൂർണമായും ജൈവകൃഷിരീതിയാണ് ഇദ്ദേഹം സ്വീകരിച്ചിട്ടുള്ളത്. തോട്ടത്തിൽ കൃഷിചെയ്തിട്ടുള്ള അമ്പഴം, അത്തി, സപ്പോട്ട, റമ്പൂട്ടാൻ, പപ്പായ, വാഴ, പ്ലാവ് എന്നിവയുടെ ഇനങ്ങളും അത്യുത്പാദന ശേഷിയുള്ളവയാണ്. 'ജോയ് ഗുരു ഫ്ളവേഴ്സ് ആൻഡ് ഫ്രൂട്ട്സ് ' എന്ന പേരിലറിയപ്പെടുന്ന ഒരു യുട്യൂബ് ചാനലിലൂടെ തന്റെ അറിവുകൾ മറ്റുള്ളവർക്കായി പങ്കുവെക്കാനും ഇദ്ദേഹം സമയം കണ്ടെത്തുന്നു.

ആർആർഐഎം 600 ഇനത്തിന്റെ ടാപ്പുചെയ്യുന്ന 1500 മരങ്ങളാണ് അദ്ദേഹത്തിനുള്ളത്. മൂന്ന് ദിവസത്തിലൊരിക്കലാണ് ടാപ്പിങ്. തോട്ടത്തിൽനിന്ന് നല്ല ഉത്പാദനം ലഭിക്കുന്നുണ്ട്. ഷീറ്റടിക്കുന്നതിനുള്ള റോളറും പുകപ്പുരയും സ്വന്തമായി ഉള്ള അദ്ദേഹം ഗുണമേന്മയുള്ള നാലാം ഗ്രേഡ് ഷീറ്റ് ഉത്പാദിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. ബിരുദധാരിയായ മകനും പിതാവിനെ സഹായിക്കുന്നതിന് ഒപ്പമുണ്ട്. കപ്പുതൈകളുടെ ഉത്പാദനത്തിൽ ബോർഡിന്റെ സോണൽ ഓഫീസിൽ വെച്ചു നടത്തിയ പരിശീലനപരിപാടിയിലും പരിമൾ ദാസ് പങ്കെടുത്തിരുന്നു. പരിശീലനം പൂർത്തിയാക്കിയ അദ്ദേഹം അടുത്തതായി കപ്പുതൈകളുടെ ഉത്പാദനത്തിനുള്ള പ്രാരംഭപ്രവർത്തനങ്ങളിലാണ്. റബ്ബർബോർഡ് ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ശാസ്ത്രീയമായി നഴ്സറി പരിപാലിക്കുന്നതിൽ പരിമൾ ദാസ് എപ്പോഴും ബദ്ധശ്രദ്ധനാണ്.

കഠിനാധ്വാനിയായ ഈ കർഷകൻ നൂതനമായ സാങ്കേതികവിദ്യകൾ സ്വന്തം കൃഷിസ്ഥലത്ത് നടപ്പാക്കുന്നതിന് കാണിക്കുന്ന ഉത്സാഹം പ്രശംസനീയമാണ്. നൂതനകൃഷി രീതികളോട് വിമുഖത കാണിക്കുന്നവർക്ക് പരിമൾ ദാസിന്റെ കൃഷിരീതി മാതൃകയാക്കാവുന്നതാണ്. •

# വേമ്പനാട് റബ്ബേഴ്സിന്റെ സിലാപത്താർ ശാഖ ഉദ്ഘാടനം ചെയ്തു



വേമ്പനാട് റബ്ബേഴ്സിന്റെ സിലാപത്താർ ശാഖയുടെ ഉദ്ഘാടനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. നിർവഹിച്ചു. റബ്ബർ വിപണനം, കാർഷികോത്പാദനോപാധികളുടെ ലഭ്യത എന്നീ വിഷയങ്ങളിൽ ഈ പ്രദേശത്തെ റബ്ബർകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കമ്പനിയുടെ പ്രവർത്തനം വഴി സാധിക്കുമെന്നും റബ്ബറിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിലൂടെ കർഷകരുടെ ജീവിതനിലവാരം ഉയരുമെന്നും ഡോ. രാഘവൻ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിനുവേണ്ടി റബ്ബർബോർഡ് നടപ്പാക്കിവരുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിച്ച അദ്ദേഹം ഇന്ത്യൻ റബ്ബർകൃഷിവ്യവസായമേഖലയിൽ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾക്ക് സുപ്രധാനമായ പങ്ക് വഹിക്കാൻ സാധിക്കുമെന്നും അതുവഴി ഈ സംസ്ഥാനങ്ങളുടെ സമഗ്ര വികസനം സാധ്യമാകുമെന്നും പറഞ്ഞു. വേമ്പനാട് റബ്ബേഴ്സിന്റെ അസമിലെ രണ്ടാമത്തെ ശാഖയാണ് സിലാപത്താറിലേത്.



റബ്ബർബോർഡിന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്തസംരംഭമായ വേമ്പനാട് റബ്ബേഴ്സ് എറണാകുളം ജില്ലയിലെ കണയന്നൂർ, കുന്നത്തുനാട്, ആലുവ എന്നീ താലൂക്കുകൾ കേന്ദ്രീകരിച്ച് 1996-ലാണ് പ്രവർത്തനമാരംഭിച്ചത്. കമ്പനിയുടെ പ്രവർത്തനമേഖല വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുക; അസം, അരുണാചൽപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ റബ്ബർകർഷകർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് പുതിയ ശാഖ അസമിലെ ദേമാജി ജില്ലയിലെ സിലാപത്താറിൽ തുടങ്ങിയത്.

സിലാപത്താർ, അരുണാചൽപ്രദേശ് എന്നിവിടങ്ങളിലെ വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും കർഷകരുടെയും പ്രതിനിധികൾ യോഗത്തിൽ സംസാരിച്ചു. വേമ്പനാട് റബ്ബേഴ്സ് കമ്പനി ചെയർമാൻ ഡോ. ബിനോയ് കെ. കുര്യൻ സ്വാഗതവും റബ്ബർബോർഡിന്റെ ഇറ്റാനഗർ റീജിയണൽ ഓഫീസിലെ ഡെവലപ്മെന്റ് ഓഫീസർ ബിശ്വജിത്ത് ചക്രവർത്തി നന്ദിയും പറഞ്ഞു.

തയ്യാറാക്കിയത് :

**ബർണാഡ് ഡി. കുഞ്ഞ**
(മാനേജിങ് ഡയറക്ടർ, വേമ്പനാട് റബ്ബേഴ്സ്)



ദീപാ സുകുമാർ
ഫീൽഡ് ഓഫീസർ

# ടാപ്പിങ്മേഖലയ്ക്ക് കരുത്തേകാൻ ജെൻഡർ ബജറ്റിങ്

**സ്ത്രീശാക്തീകരണം രാജ്യത്തിന്റെ സാമ്പത്തികവളർച്ചയെ സ്വാധീനിക്കുകയും വികസനത്തിന് വഴിയൊരുക്കുകയും ചെയ്യും. ഗ്രാമീണമേഖലയിലെ സ്ത്രീകളെ ടാപ്പിങ് തൊഴിലിലേക്ക് ആകർഷിച്ച് സ്വയംപര്യാപ്തരാക്കുന്നതിനായി റബ്ബർബോർഡ് നടത്തുന്ന ശ്രമങ്ങളെക്കുറിച്ചാണ് ഈ ലേഖനത്തിൽ വിവരിച്ചിരിക്കുന്നത്.**

വേൾഡ് ഇക്കണോമിക് ഫോറം പ്രസിദ്ധീകരിച്ച ഗ്ലോബൽ ജെൻഡർ ഗ്യാപ് ഇൻഡക്സ് (Global Gender Gap Index) അനുസരിച്ച് ലോകമെമ്പാടുമുള്ള 146 രാജ്യങ്ങളിൽ ഇന്ത്യ 135-ാം സ്ഥാനത്താണ്. സൂചികപ്രകാരം ലോകത്തിലെ ഏറ്റവും ലിംഗസമത്വമുള്ള രാജ്യം ഐസ്ലാൻഡ് ആണ്. ഫിൻലാൻഡ്, നോർവേ, ന്യൂസിലാൻഡ്, സ്വീഡൻ എന്നീ രാജ്യങ്ങളാണ് പട്ടികയിൽ തുടർന്നുള്ളത്. ലിംഗ അസമത്വം സ്ത്രീശാക്തീകരണത്തെയും പുരോഗതിയെയും പരിമിതപ്പെടുത്തും. സമസ്തമേഖലകളിലും സ്തീകളുടെ സാന്നിധ്യം കൂടേണ്ടത് നാടിന്റെ വികസനത്തിന് ആവശ്യമാണ്.

തൊഴിലില്ലായ്മ, സാമ്പത്തിക പരാധീനത, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും പോഷകാഹാരക്കുറവ്, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം തുടങ്ങിയവ ഉൾനാടൻ ഗ്രാമങ്ങളുടെ ശാപമായി തുടരുന്നു. ഈ ദുരവസ്ഥയിൽനിന്നും കുടുംബങ്ങളെ കരകയറ്റാനും സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്ന സ്ത്രീശക്തിയെ മുഖ്യധാരയിലെത്തിക്കാനും സർവ്വോ



*ടാപ്പിങ്പരിശീലനം നേടിയ വനിതകൾ സംഘം ഭാരവാഹികൾക്കും റബ്ബർബോർഡ് ഉദ്യോഗസ്ഥർക്കുമൊപ്പം*

പരി ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പാക്കിവരുന്ന പദ്ധതിയാണ് ജെൻഡർ ബജറ്റിങ്. സ്ത്രീശാക്തീകരണത്തിനും ലിംഗസമത്വലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുമുള്ള പരിശ്രമത്തിന്റെ പ്രതിഫലനമായ ജെൻഡർ ബജറ്റിങ്ങിൽ റബ്ബർബോർഡും ഭാഗഭാക്കാകുന്നു.

നിലവിലെ സാഹചര്യത്തിൽ റബ്ബർകൃഷിമേഖല നേരിടുന്ന ഒരു സുപ്രധാന വെല്ലുവിളി ടാപ്പിങ്തൊഴിലാളികളുടെ ദൗർലഭ്യമാണ്. ഗ്രാമീണമേഖലയിൽ സ്ത്രീകളെ ടാപ്പിങ്തൊഴിലിലേക്ക് ആകർഷിക്കുക വഴി ഗ്രാമീണകുടുംബങ്ങളുടെ സാമ്പത്തികഭദ്രത ഉറപ്പാക്കാനും റബ്ബർകൃഷിമേഖലയ്ക്ക് ഒരു പുതുജീവൻ നൽകാനും കഴിയും. ഈ രണ്ടു ലക്ഷ്യങ്ങളും ഒരേ സമയം കൈവരിക്കുന്നതിനായി റബ്ബർബോർഡ് 'ജെൻഡർ ബജറ്റിങ് പ്രോ-വിമൻ ടാപ്പിങ്' പരിശീലനപരിപാടി നടപ്പാക്കിവരുന്നു. 2022 ജൂൺ മുതൽ ഇന്ത്യയിലെ റബ്ബർമേഖലയിൽ ഒട്ടാകെ ഈ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. പദ്ധതിയുടെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തെ കിളിമാനൂർ ഫീൽഡ് സ്റ്റേഷൻ പരിധിയിലുള്ള പനപ്പാംകുന്ന് റബ്ബറുത്പാദകസംഘത്തിൽ 2022 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ജെൻഡർ ബജറ്റിങ് പ്രോ-വിമൻ ടാപ്പിങ്പരിശീലന പരിപാടിയുടെ രണ്ട് ബാച്ചുകൾ നടത്തുകയുണ്ടായി. പോങ്ങനാട്, പാളയംകുന്ന് എന്നീ റബ്ബറുത്പാദക സംഘങ്ങളും പരിശീലനപരിപാടിയുമായി സഹകരിച്ചിരുന്നു. വളരെ ദൂരെനിന്നുപോലും സ്ത്രീകൾ പരിശീലനത്തിന് എത്തിച്ചേർന്നതും കൃത്യമായി പരിശീലനത്തിൽ പങ്കെടുത്തതും ഈ പദ്ധതി സ്ത്രീസമൂഹം സ്വീകരിച്ചതിന് തെളിവാണ്.



*വി.കെ. ശ്രീകുമാർ (ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ്) ടാപ്പിങ്പരിശീലനപരിപാടി ഉദ്ഘാടനം ചെയ്യുന്നു.*

സ്വന്തം തോട്ടത്തിലെ റബ്ബർമരങ്ങൾ ടാപ്പുചെയ്യുന്നതോടൊപ്പം അടുത്തുള്ള തോട്ടങ്ങൾ കൂടി ഏറ്റെടുത്ത് ടാപ്പുചെയ്യുകവഴി നല്ലൊരു സ്ഥിരവരുമാനം ലഭിക്കുമെന്ന പ്രത്യാശയിലാണ് പഠിതാക്കളെല്ലാവരും. സ്റ്റൈപ്പന്റോടുകൂടിയ, എട്ടുദിവസം നീണ്ടുനിന്ന പരിശീലനം പൂർത്തിയാക്കിയവർക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് നൽകിയ സർട്ടിഫിക്കറ്റും ടാപ്പിങ് കത്തി ഉൾപ്പെടെയുള്ള ടൂൾകിറ്റും നൽകി. ടാപ്പിങ് തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകൾക്ക് കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനും വീട്ടുജോലികൾക്കും മറ്റു തൊഴിലുകളിൽ ഏർപ്പെടുമ്പോൾ ലഭിക്കുന്നതിനേക്കാൾ കൂടുതൽ സമയംകിട്ടുന്നു.

സ്ത്രീശാക്തീകരണം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ ഗണ്യമായി സ്വാധീനിക്കുകയും വികസനത്തിന് വഴിയൊരുക്കുകയും ചെയ്യും. ഇത്തരത്തിൽ ഗ്രാമീണസ്ത്രീകൾക്ക് കൈത്താങ്ങാകുകയും രാഷ്ട്രപുരോഗതിക്ക് ഉതകുകയും ചെയ്യുന്ന നൈപുണ്യവികസനപരിപാടികൾ റബ്ബർമേഖലയിൽ തുടർന്നും നടപ്പാക്കേണ്ടതുണ്ട്. •



കെ.കെ. ബെന്നി
ഫാം ഓഫീസർ

# ആദായം വർദ്ധിപ്പിക്കൽ - പോളിന്റെ 'പോളിസി'

**റബ്ബർതോട്ടത്തിൽ കഴിയുന്നത്ര ഇടവിളകൾ കൃഷി ചെയ്യുന്നതോടൊപ്പം ചെലവുകുറഞ്ഞ ടാപ്പിങ് രീതികൾ കൂടി നടപ്പാക്കി പരമാവധി ആദായം നേടിയെടുക്കുന്ന ഒരു കർഷകനെ ഈ ലേഖനത്തിൽ പരിചയപ്പെടാം.**

റബ്ബർതോട്ടങ്ങളിൽ കഴിയുന്നത്ര ഇടവിളകൾ കൃഷി ചെയ്യുന്നതോടൊപ്പം ചെലവുകുറഞ്ഞ ടാപ്പിങ് രീതികൂടി നടപ്പാക്കുമ്പോഴാണ് ആദായം പരമാവധി വർധിപ്പിക്കാൻ കഴിയുന്നത്. റബ്ബർതോട്ടത്തിൽ ഇടവിളകൾ കൃഷിചെയ്യുമ്പോഴുള്ള പ്രധാന വെല്ലുവിളി റബ്ബറിന്റെ ഇലച്ചിൽ മൂലം ഇടവിളകൾക്ക് ആവശ്യത്തിന് സൂര്യപ്രകാശം കിട്ടാതെ പോകുന്നു എന്നതാണ്. സൂര്യപ്രകാശം അധികം ആവശ്യമില്ലാത്ത വിളകൾ തിരഞ്ഞെടുത്ത് കൃഷിചെയ്യുക എന്നതാണ് ഇതിനൊരു പരിഹാരം. അതുകൊണ്ടാണ് തണലിൽ വളർന്നാലും പൊതുവെ തരക്കേടില്ലാത്ത വിളവുതരുന്ന കൊക്കോയും കാപ്പിയും റബ്ബറിന് ഇടവിളയായി ബോർഡ് ശുപാർശ ചെയ്യുന്നത്. തൈ നട്ട് ആദ്യവർഷങ്ങളിലോ പത്തുവർഷത്തിനു ശേഷമോ ആണ് കൊക്കോയും കാപ്പിയും നടേണ്ടത്. നാല് റബ്ബർമരങ്ങൾക്ക് നടുവിൽ ഒരു കൊക്കൊയോ കാപ്പിയോ നടാനാണ് റബ്ബർബോർഡ് ശുപാർശ ചെയ്യുന്നത്. ഇങ്ങനെ നൂറ് റബ്ബർമരങ്ങൾക്കിടയിൽ നൂറ് കൊക്കൊയോ കാപ്പിയോ നടാം.

തന്റെ റബ്ബർതോട്ടത്തിലെ ഓരോ 'ഇഞ്ചു ഭൂമിയും' പ്രയോജനപ്പെടുത്തി ടാപ്പിങ്ചെലവുകൾ കുറച്ച് പരമാവധി ആദായം നേടാനുള്ള ശ്രമമാണ് എറണാകുളം ജില്ലയിലെ കാണിനാട്ടിലുള്ള പനയ്ക്കൽ പോൾ എന്ന റബ്ബർകർഷകൻ നടത്തിയിരിക്കുന്നത്. 2009-ൽ ടാപ്പിങ് തുടങ്ങിയ 250 മരങ്ങളാണ് പോളിനുള്ളത്. കൊക്കോയും



*നിന ജോഷ (ഫീൽഡ് ഓഫീസർ), എം.വി. ഷിബു (സീനിയർ റബ്ബർ ടാപ്പിങ് ഡെമോൺസ്ട്രേറ്റർ) എന്നിവർ പോളിനോടൊപ്പം*

കുരുമുളകും ഇടവിളയായി കൃഷി ചെയ്തിരിക്കുന്നതു കൂടാതെ കുറച്ച് തേനീച്ചപ്പെട്ടികളും ഈ തോട്ടത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

### ഇടവിളയായി കൊക്കോ

പോളിന്റെ തോട്ടത്തിൽ പ്രധാനമായും കൊക്കോയാണ് ഇടവിളയായി കൃഷി ചെയ്തിരിക്കുന്നത്. അഞ്ചു വർഷം മുമ്പാണ് കൊക്കോ നട്ടത്. ഹൈബ്രിഡ് ഇനത്തിൽപ്പെട്ട കൊക്കോത്തൈകളാണ് നടീലിനായി ഉപയോഗിച്ചത്. 'തുള്ളി നന' രീതിയിലാണ് കൊക്കോയ്ക്ക് വെള്ളവും വളവും എത്തിക്കുന്നത്. കൊക്കോയുടെ കമ്പുകൾ കോതി തടിയിൽ വെയിലടിക്കത്തക്കവിധം വളർച്ച ക്രമീകരിച്ചാലേ നന്നായ് കായ്ഫലം കിട്ടുകയുള്ളൂ. തനിവിളയായി കൃഷിചെയ്യുമ്പോൾ കിട്ടുന്നത്ര ആദായമില്ലെങ്കിലും തരക്കേടില്ലാത്ത ഒരു വരുമാനം കൊക്കോ ഇടവിളയാക്കിയപ്പോൾ കിട്ടുന്നുണ്ടെന്നാണ് പോൾ പറയുന്നത്.

### പരീക്ഷണമായി കുരുമുളക്

ടാപ്പിങ്ങിന് തടസ്സം വരാത്ത രീതിയിൽ റബ്ബറിൽ കുരുമുളക് പടർത്തിയുള്ള ഒരു പരീക്ഷണവും പോൾ നടത്തിയിട്ടുണ്ട്. റബ്ബറിന്റെ ചുവട്ടിൽനിന്ന് 90 സെന്റീമീറ്റർ മാറ്റി ഒരു കൊന്നക്കമ്പ് നാട്ടി അതിൽ കുരുമുളക് വള്ളികൾ വളർത്തി ഏകദേശം രണ്ടര മീറ്റർ ഉയരമെത്തുമ്പോൾ റബ്ബറിലേക്ക് കയറ്റിവിടും. ഭാവിയിൽ കമിഴ്ത്ത്പട്ടയിട്ട് ടാപ്പുചെയ്യുമ്പോൾ പോലും ടാപ്പിങ്ങിന് തടസ്സം വരാത്ത രീതിയിലാണ് ഇതിന്റെ ആസൂത്രണം. കേരള കാർഷികസർവകലാശാലയിൽ നിന്ന് വാങ്ങിയ പന്നിയൂർ-2 ഇനം കുരുമുളകാണ് റബ്ബറിൽ പടർത്തിയിരിക്കുന്നത്. മൂന്നു വർഷമായി നടത്തുന്ന പോളിന്റെ ഈ പരീക്ഷണത്തിൽ കുരുമുളകുവള്ളികൾ നന്നായി വളരുന്നുണ്ടെങ്കിലും അത്യാവശ്യം സൂര്യപ്രകാശം കിട്ടുന്ന സ്ഥലങ്ങളിൽ മാത്രമേ കായ്പിടുത്തം കാണുന്നുള്ളു.

### ടാപ്പിങ്പരിശീലനം

ഒരു പ്രവാസിയായിരുന്ന പോൾ നാട്ടിലെത്തിയ ശേഷം കൃഷിയിലേക്കിറങ്ങാൻ തീരുമാനിക്കുകയായിരുന്നു. 2002-ൽ നട്ട ആർആർഐഐ 105 ഇനത്തിൽ പെട്ട റബ്ബർതൈകളിൽ 2009 ആയപ്പോഴേക്കും ടാപ്പിങ് തുടങ്ങി. ആദ്യം ഒരു ടാപ്പറെ ഉപയോഗിച്ച് ഒന്നിരാടം ദിവസങ്ങളിലായിരുന്നു ടാപ്പിങ്. ടാപ്പിങ്ങിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കിയതോടെ വിളവെടുപ്പ് മൂന്നുദിവസത്തിൽ ഒരിക്കലാക്കി. സ്വന്തമായി ടാപ്പു ചെയ്യണം എന്നൊരു ആഗ്രഹം തോന്നിയപ്പോൾ റബ്ബർ ബോർഡ് നടത്തുന്ന ഒരു മാസത്തെ ടാപ്പിങ്പരിശീലന ക്ലാസിൽ ചേർന്ന് ടാപ്പിങ് പഠിച്ചെടുത്തു.

### ആഴ്ചയിലൊരിക്കൽ ടാപ്പിങ്

പരിശീലനക്ലാസ്സിൽ നിന്ന് കിട്ടിയ അറിവ് വച്ചാണ് ടാപ്പിങ് ആഴ്ചയിൽ ഒരിക്കലേക്ക് മാറ്റാൻ തീരുമാനിച്ചത്. കഴിഞ്ഞ ആറുവർഷമായി ആഴ്ചയിലൊരിക്കലാണ് മരങ്ങൾ ടാപ്പുചെയ്യുന്നത്. ഇതിൽ നാലു വർഷവും പോൾ തന്നെയാണ് ടാപ്പിങ് നടത്തിയിരുന്നത്. എന്നാൽ, കഴിഞ്ഞ രണ്ടു വർഷമായി ആരോഗ്യപ്രശ്നങ്ങൾ മൂലം ഒരു ടാപ്പറെ ഉപയോഗിച്ചാണ് ടാപ്പിങ് നടത്തുന്നത്.

റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർ നിന ജോഷയും സീനിയർ റബ്ബർ ടാപ്പിങ് ഡെമോൺസ്ട്രേറ്റർ എം.വി. ഷിബുവും തോട്ടത്തിലെത്തി ആവശ്യമായ നിർദേശങ്ങൾ നൽകാറുണ്ട്. ആഴ്ചയിലൊരിക്കൽ ടാപ്പു ചെയ്യുന്നതുകൊണ്ട് ആദായത്തിൽ കുറവൊന്നും വന്നിട്ടില്ല. ഒരു മരത്തിൽനിന്ന് ഒരു വർഷം ശരാശരി ആറ് കിലോഗ്രാമോളം റബ്ബർ കിട്ടുന്നുണ്ടെന്നാണ് പോൾ പറഞ്ഞത്. കൂടാതെ ടാപ്പിങ്കൂലിയിനത്തിൽ നല്ലൊരു തുക ലാഭിക്കാനും കഴിയുന്നു. സ്വന്തമായി ടാപ്പുചെയ്യുന്നവർക്കും ഈ ടാപ്പിങ്രീതി അനുവർത്തിച്ചാൽ ആഴ്ചയിൽ ഒരു ദിവസം മാത്രം വിളവെടുപ്പിനായി ചെലവഴിച്ചാൽ മതി എന്ന നേട്ടമുണ്ട്. ടാപ്പിങ് ആഴ്ചയിലൊരിക്കലാക്കിയശേഷം മരങ്ങൾ പട്ടമരയ്ക്കുന്നതിന്റെ തോതും കുറഞ്ഞു. പട്ടയുടെ വിനിയോഗം കുറവായതിനാൽ ദീർഘകാലം വിളവെടുക്കാനും പറ്റും. കാണിനാട് റബ്ബറുത്പാദകസംഘത്തിൽ അംഗമായ പോൾ തന്റെ റബ്ബർപാൽ സംഘത്തിലെത്തിച്ച് ഷീറ്റാക്കിയാണ് വിപണനം നടത്തുന്നത്.

### പഠനവും പരിശീലനവും

എന്തും കണ്ടും കേട്ടും പഠിച്ച ശേഷം മാത്രം പ്രാവർത്തികമാക്കുക എന്നതാണ് പോളിന്റെ രീതി. ഇടവിളകൾ കൃഷിചെയ്യുന്നതിന് മുന്നേ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്

## ഡോ. വിനോദ് തോമസിന് അവാർഡ്



ഡൽഹി ആസ്ഥാനമായ സൊസൈറ്റി ഓഫ് ട്രോപ്പിക്കൽ അഗ്രിക്കൾച്ചർ നൽകുന്ന 'ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡി'ന് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. വിനോദ് തോമസ് അർഹനായി. കാർഷികമേഖലയ്ക്ക് ഉപകരിച്ച ഗവേഷണസംഭാവനകളെ വിലയിരുത്തിയാണ് അവാർഡ് നൽകിയത്. ഡൽഹിയിൽ നടന്ന അന്താരാഷ്ട്ര കോൺഫറൻസിൽ വെച്ചായിരുന്നു അവാർഡ്ദാനം.

ദേശീയ-അന്തർദേശീയതലത്തിൽ 140-ൽ പരം ശാസ്ത്രപ്രബന്ധങ്ങളും 100-ലധികം ശാസ്ത്രലേഖനങ്ങളും ഡോ. വിനോദ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹീവിയ അനാട്ടമി, നടീൽ വസ്തുക്കളുടെ വികസനം, ജനിതകവികാസം വരുത്തിയ ക്ലോണുകളുടെ താരതമ്യപഠനം, പ്രൈമറി പ്രോസസ്സിങ് എന്നിവയാണ് അദ്ദേഹത്തിന്റെ ഗവേഷണമേഖലകൾ. മികച്ച പ്രബന്ധത്തിനുള്ള ഇന്ത്യൻ സൊസൈറ്റി ഫോർ പ്ലാന്റേഷൻ ക്രോപ്സ് അവാർഡ് 2019, 2021 വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്. ഡോ. വിനോദ് തോമസിന് ഇന്റർനാഷണൽ റബ്ബർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബോർഡും ഇന്റർനാഷണൽ റബ്ബർ സ്റ്റഡി ഗ്രൂപ്പും സംഘടിപ്പിച്ച അന്തർദേശീയ ഫോട്ടോഗ്രഫി മത്സരങ്ങളിൽ യഥാക്രമം 2006-ലും 2020-ലും അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

ഫോർ റബ്ബർ ട്രെയിനിങ്, ഇടവിളക്കൃഷിയെക്കുറിച്ച് നടത്തിയ പരിശീലനപരിപാടിയിൽ പങ്കെടുക്കാനും പോൾ സമയം കണ്ടെത്തിയിരുന്നു. കൂടാതെ ഇടവിളകൾ കൃഷി ചെയ്തിരിക്കുന്ന പല തോട്ടങ്ങളിലും പോയി കണ്ട് കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കി. തേനീച്ച വളർത്തലിൽ റബ്ബർബോർഡും ഹോർട്ടിക്കോർപ്പും നൽകിയ പരിശീലനപരിപാടികളിൽ പങ്കെടുക്കാനിടയായി. അതേത്തുടർന്ന് കുറച്ച് വൻതേനീച്ചപ്പെട്ടികൾ തോട്ടത്തിലും ചെറുതേനീച്ചപ്പെട്ടികൾ വീടിന്റെ പരിസരത്തും സ്ഥാപിച്ചിട്ടുണ്ട്.

### കമ്പോസ്റ്റ് നിർമ്മാണം

തോട്ടത്തിലെ ജൈവാവശിഷ്ടങ്ങൾ കമ്പോസ്റ്റ് ആക്കി മാറ്റുന്നതിന് രണ്ട് കമ്പോസ്റ്റ് ടാങ്കുകളും തോട്ടത്തിൽ നിർമ്മിച്ചിട്ടുണ്ട്. കൊക്കോയുടെ കായിൽ നിന്ന് പരിപ്പ് എടുത്തശേഷം ബാക്കിവരുന്ന തൊണ്ട്, കൊന്നയുടെയും കൊക്കോയുടെയും കമ്പുകൾ കോതുമ്പോൾ കിട്ടുന്ന പച്ചിലകൾ, മറ്റു കളകൾ എന്നിവയെല്ലാം തോട്ടത്തിൽതന്നെ കമ്പോസ്റ്റ് ആക്കി മാറ്റി ഉപയോഗിക്കുന്നു. കുറച്ചുനാൾ മുമ്പുവരെ പോളിന് ആട് വളർത്തൽ ഉണ്ടായിരുന്നു. കൊക്കോയുടെ കമ്പുകോതുമ്പോൾ കിട്ടുന്ന ഇലകൾ അവയെ തീറ്റി ശീലിപ്പിച്ചതിലൂടെ ആടുവളർത്തലിലും അദ്ദേഹത്തിന് വ്യത്യസ്തത പുലർത്താൻ കഴിഞ്ഞു.








### കൃഷിയിലെ കുടുംബപങ്കാളിത്തം

സ്വന്തമായി ടാപ്പുചെയ്തുകൊണ്ടിരുന്ന സമയത്ത് അതിരാവിലെ തന്നെ ഭാര്യയും മക്കളുമെല്ലാം പോളിനൊപ്പം തോട്ടത്തിലെത്തും. വള്ളിപ്പാലും ചിരട്ടപ്പാലും പറിച്ചെടുക്കാനും പാലെടുക്കാനുമെല്ലാം അവരും സഹായിക്കും. പല മാതാപിതാക്കളും മക്കളെ മണ്ണിലിറങ്ങാൻ അനുവദിക്കാത്തപ്പോൾ കുട്ടികൾ കുറച്ചു നേരമെങ്കിലും കൃഷിപ്പണികൾ ചെയ്യുന്നത് നല്ലതാണ് എന്ന അഭിപ്രായമാണ് പോളിനുള്ളത്. വിദ്യാഭ്യാസകാലത്ത് കൃഷിപ്പണികൾകൂടി ചെയ്തുശീലിച്ച തന്റെ കുട്ടികൾക്ക് പഠനശേഷം ജോലി കിട്ടിയപ്പോഴും തങ്ങളുടെ ജോലികൾ മടികൂടാതെ ചെയ്യാൻ പറ്റുന്നുണ്ടെന്നാണ് പോളിന്റെ നിരീക്ഷണം. തിയോളജിയിൽ ബിരുദവും ബിരുദാനന്തരബിരുദവുമുള്ള പോൾ പെന്തക്കോസ്ത് സഭയിലെ ഒരു പാസ്റ്റർ കൂടി ആണ്. ഇപ്പോൾ 58-ാമത്തെ വയസ്സിൽ ഒരു ഡോക്ടറേറ്റ് എടുക്കാനുള്ള ശ്രമത്തിലാണ് അദ്ദേഹം. *പോളിന്റെ ഫോൺ നമ്പർ - 8547420103* •



ഡോ. വിനോദ് തോമസ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

റബ്ബർചരിത്രം 16

# അന്തർദേശീയ റബ്ബർ റഗുലേഷൻ എഗ്രിമെന്റ്

പ്രകൃതിദത്തറബ്ബറിനെ സംബന്ധിച്ച് ചില നിയന്ത്രണങ്ങൾ അന്താരാഷ്ട്രതലത്തിൽ പ്രാബല്യത്തിൽ വന്ന കാലഘട്ടമായിരുന്നു രണ്ടു ലോകമഹായുദ്ധങ്ങൾക്കിടയിലേത്. യുദ്ധം ആരംഭിച്ച് അത് കൊടുംപിരിക്കൊണ്ട തോടെ ആഗോളതലത്തിലുണ്ടായ കടുത്ത സാമ്പത്തികമാന്ദ്യം റബ്ബറിനെയും ഗ്രസിച്ചു. യുദ്ധാവശ്യങ്ങൾക്കായി റബ്ബറിന്റെ ഉപഭോഗം ക്രമാതീതമായി കൂടിയെങ്കിലും ഇക്കാലയള വിൽ വാഹനനിർമ്മാണരംഗത്തുണ്ടായ കടുത്ത പ്രതിസന്ധി റബ്ബറിന്റെ ഉപഭോഗത്തെ സാരമായി ബാധിച്ചു. ഒട്ടനവധി തോട്ടങ്ങൾ ടാപ്പിങ്ങിന് സജ്ജമായതോടെ പൂർവ്വേഷ്യൻ രാജ്യങ്ങളിൽനിന്നുള്ള റബ്ബർ യൂറോപ്യൻ വിപണിയിൽ കുമിഞ്ഞുകൂടി. ഇതു മൂലം മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധം റബ്ബറിന്റെ ആവശ്യകത കുറയുകയും തദ്വാരാ വില കൂപ്പു കുത്തുകയും ചെയ്തു.

ഒന്നാം ലോകമഹായുദ്ധമാരംഭിച്ചതോടെ ശത്രുപക്ഷത്തായിരുന്ന ഉത്പാദകരാജ്യങ്ങൾ ജർമ്മനിയിലേക്കുള്ള റബ്ബർ കയറ്റുമതിക്ക് കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. 1920 ജനുവരിയിൽ ഒരു കിലോ ആർ.എസ്.എസ്. ഒന്നാം ഗ്രേഡ് ഷീറ്റിന്റെ വില 256 സെന്റ് ഉണ്ടായിരുന്നത് അതേ വർഷം ഡിസംബർ ആയപ്പോഴേയ്ക്കും 87-ഉം 1921-ൽ 77-ഉം 1922-ൽ 73 സെന്റുമായി തകർന്നടിഞ്ഞു. ഉത്പാദനത്തെ നിയന്ത്രിച്ചുകൊണ്ട് വിപണിയെ ഉഷാറാക്കാനുള്ള പ്രഥമശ്രമമായിരുന്നു 1921-ൽ നിലവിൽ വന്ന 'സ്റ്റീവൻസൺ റെസ്ട്രിക്ഷൻ സ്കീം'. വൻകിട തോട്ടങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള ആ സ്കീമിനോട് ബ്രിട്ടൺ, ഡച്ച്, ഫ്രഞ്ച് സംരംഭകരുടെ പ്രതികരണം എപ്രകാരമായിരുന്നുവെന്നു നേരത്തേ പ്രതിപാദിച്ചിരുന്നല്ലോ. 1925 ആയപ്പോഴേയ്ക്കും വില കുതിച്ചുയർന്ന് കിലോഗ്രാമിന് 251 സെന്റിലെത്തിയത് നമ്മുടെ നാട്ടിലെ ഒട്ടേറെ ചെറുകിടകർഷകർക്ക് റബ്ബർകൃഷി തുടങ്ങാനുള്ള പ്രചോദനമായി. 1926-28 കാലഘട്ടത്തിൽ റബ്ബർകൃഷി വ്യാപനത്തിലുണ്ടായ അത്ഭുതപ്പെടുത്തുന്ന വളർച്ച ചെറുകിടകർഷകരുടെ സംഭാവനയായിരുന്നു. 'സ്റ്റീവൻസൺ സ്കീം' 1928-ൽ അവസാനിച്ചതോടെ തോട്ടങ്ങളെല്ലാം സജീവമായി. 1929-33 കാലഘട്ടത്തിലുണ്ടായ ആഗോളസാമ്പത്തികമാന്ദ്യം റബ്ബറിന്റെ വില വീണ്ടും പരിതാപകരമാക്കി. ഒരു കിലോഗ്രാമിന് 1929-ൽ 82 സെന്റ് വിലയുണ്ടായിരുന്നത് 1932-ൽ മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധം 20 സെന്റായി കൂപ്പുകുത്തി.

നിലവിലുള്ള റബ്ബർവ്യവസായത്തിന് സംഭവിച്ചിരിക്കുന്ന അപചയത്തിൽ നിന്ന് കരകയറാൻ പാർലമെന്ററി അണ്ടർ സെക്രട്ടറിയായിരുന്ന ഓംസ്ബി ഗോർ 1928-ൽ ശ്രമങ്ങൾ ആരംഭിച്ചു. നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതിന്റെ ആവശ്യങ്ങൾക്ക് 1930-ൽ ബ്രിട്ടനോടൊപ്പം ഡച്ച് സംരംഭകർ കൂടി ചേർന്നുകൊണ്ട് ആംഗ്ലോ-ഡച്ച് ലെയ്സൺ കമ്മിറ്റി ഉടലെടുത്തു. ടാപ്പിങ് കുറച്ചുകൊണ്ടുള്ള ഉത്പാദനനിയന്ത്രണം പരിഹാരമല്ലെന്ന് കണ്ടതോടെ അതുപേക്ഷിക്കുകയായിരുന്നു. ബ്രിട്ടീഷ് താൽപര്യങ്ങളെ സംരക്ഷിച്ചുകൊണ്ട് നിലനിന്നിരുന്ന 'സ്റ്റീവൻസൺ സ്കീം' പോലെ (1921-28) ഒരു ഏകപക്ഷീയമായ നിയന്ത്രണം ഇത്തവണയും ആവർത്തിക്കാതിരിക്കാൻ ഡച്ചുസംരംഭകർ പ്രത്യേകം ജാഗരൂക

രായിരുന്നു. തോട്ടങ്ങളുടെ വിസ്തൃതി, രജിസ്ട്രേഷൻ, ഉത്പാദനം എന്നിവയെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാതിരുന്ന സാഹചര്യത്തിൽ കയറ്റുമതി ച്ചുങ്കം ഏർപ്പെടുത്തുക എന്ന നിലപാടിനോട് ഡച്ചു സംരംഭകർ ആദ്യമേ പൂർണ്ണ വിയോജിപ്പ് പ്രകടിപ്പിച്ചുവെങ്കിലും പ്രാവർത്തികമാക്കാനുതകുന്ന തരത്തിലുള്ള നിയന്ത്രണങ്ങളുമായി 1933-ൽ പുതിയ ഡച്ച് സർക്കാർ അധികാരികൾ രംഗത്തുവന്നു. പുതുക്കൃഷിയെ കർശനമായും നിയന്ത്രിച്ചുകൊണ്ട് ക്വോട്ട സിസ്റ്റം ഏർപ്പെടുത്തുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളായിരുന്നു ഡച്ചുകാർ മുന്നോട്ടുവച്ചത്.

തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള ഉത്പാദനത്തെയും കയറ്റുമതിയെയും നിയന്ത്രിക്കുകയും വിപണിയിൽ കെട്ടിക്കിടക്കുന്ന റബ്ബർ വിറ്റഴിക്കുകയും ചെയ്തുകൊണ്ട് റബ്ബർവിപണിയെയും ഉത്പാദകരാജ്യങ്ങളെയും പ്രതിസന്ധിയിൽനിന്ന് കരകയറ്റുന്നതിനുവേണ്ടി 1934-ൽ ഇന്റർനാഷണൽ റബ്ബർ റഗുലേഷൻ എഗ്രിമെന്റ് നിലവിൽ വന്നു. ഉത്പാദകരാജ്യങ്ങളിലെ സർക്കാരുകൾ തമ്മിലുള്ള ഈ പരസ്പര ഉടമ്പടിയിൽ ഇന്ത്യയും പങ്കുചേർന്നു. ഈ ഉടമ്പടി പ്രകാരം ഉത്പാദിപ്പിക്കാവുന്ന റബ്ബറിന്റെ അളവ്, 1929 മുതൽ 1932 വരെ ഓരോ രാജ്യവും കയറ്റി അയച്ചിരുന്ന റബ്ബറിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തി (Quota system), അനുവദിച്ചിരിക്കുന്നതിലും കൂടുതൽ റബ്ബർ ഉത്പാദിപ്പിക്കാതിരിക്കാൻ പുതുക്കൃഷി, ആവർത്തനക്കൃഷി എന്നിവയുടെ മേൽ കർശന നിയന്ത്രണമേർപ്പെടുത്തി. എന്നാൽ, ഗവേഷണാവശ്യത്തിനുവേണ്ടി പരിമിതമായി റബ്ബർകൃഷി നടത്താൻ ഓരോ റബ്ബറുത്പാദക രാജ്യത്തിനും അനുമതി നൽകുകയും ചെയ്തു. ഒരു രാജ്യത്തെ മൊത്തം റബ്ബർകൃഷിയുടെ ഒരു ശതമാനത്തിന്റെ നാലിലൊന്നു മാത്രമാണ് ഇതിനായി അനുവദിച്ചു നൽകിയത്.

റബ്ബറിന്റെ ഇനം, വളർച്ച, വെട്ടുപട്ടയുടെ ഉപഭോഗം, ഉത്പാദനം, മരങ്ങൾ തമ്മിലുള്ള അകലം, മണ്ണിന്റെ ഘടന, കാലാവസ്ഥയിലുള്ള പ്രാദേശികമായ അന്തരം തുടങ്ങിയ അടിസ്ഥാനഘടകങ്ങളെ വിലയിരുത്തിക്കൊണ്ട് ഓരോ രാജ്യത്തിനും കോട്ട നിശ്ചയിച്ചു നൽകുക എന്നത് ശ്രമകരമായിരുന്നു. 1938 വരെയുള്ള രേഖകൾ പരിശോധിക്കുമ്പോൾ ഓരോ വർഷവും ഓരോ രാജ്യത്തിനും അനുവദിച്ചിരിക്കുന്ന കോട്ടയിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. ഓരോ രാജ്യവും 1929 മുതൽ 1932 വരെ നടത്തിയിട്ടുള്ള റബ്ബർ കയറ്റുമതിയുടെ അടിസ്ഥാനത്തിൽ തുല്യമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അനുവദിച്ച ക്വോട്ടയിൽ പ്രത്യേക ഇളവുകൾ ഇൻഡോ-ചൈന, തായ്‌ലാൻഡ്, ഫ്രഞ്ച് എന്നിവർ ആവശ്യപ്പെട്ടു. 15,000 ടൺ അനുവദിച്ചിരുന്നതിനുപകരം 40,000 ടണ്ണിനുള്ള അനുമതിയും പുതുക്കൃഷി ചെയ്യാനുള്ള പൂർണ്ണ സ്വാതന്ത്ര്യവും വേണമെന്നാവശ്യപ്പെട്ട തായ്‌ലാൻഡിനെ ഒഴിവാക്കിക്കൊണ്ടായിരുന്നു സ്കീം ആരംഭിച്ചത്. റബ്ബർ കൃഷിക്ക് യോജിച്ചതും എന്നാൽ, കണക്കിൽപ്പെടാത്തതുമായ ഏറെ ഭൂപ്രദേശമുള്ളതുകൊണ്ടും രാജ്യത്തിനകത്തുനിന്നും റബ്ബർ യഥേഷ്ടം കടത്താനനുകൂലമായ ഭൂപ്രകൃതിയുമുള്ളതുകൊണ്ടും തായ്‌ലാൻഡിന്റെ ആവശ്യം ഏറെക്കുറെ അനുവദിച്ചു കൊടുക്കേണ്ടതായി വന്നു.

ഐ.ആർ.ആർ.എ. -യിൽ പങ്കാളികളായ റബ്ബറുത്പാദകരാജ്യങ്ങൾ ഐകകണ്ഠ്യേന ഉന്നയിച്ച ആവശ്യങ്ങളിലൊന്നായിരുന്നു കമ്മറ്റിയുടെ ഉന്നതസ്ഥാനം അലങ്കരിക്കുന്നത് ഉയർന്ന റാങ്കിലുള്ള ഒരു ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരിക്കണമെന്നത്. ബ്രിട്ടൺ, ഡച്ച്, ഫ്രഞ്ച് എന്നിവിടങ്ങളിൽ നിന്നുള്ള വൻകിട തോട്ടവിള സംരംഭകരുടെ സംഘടനകൾ മുൻകൈയ്യെടുത്തുകൊണ്ട് 1934-ൽ വിഭാവനം ചെയ്ത ഉടമ്പടിക്ക് അതതു രാജ്യത്തെ സർക്കാരിന്റെയോ ചെറുകിടകർഷകരുടെയോ പൂർണ്ണമായ അറിവോ സമ്മതമോ ഇല്ലായിരുന്നു. റബ്ബർ ഗ്രോവേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ സംഘടനകൾ ഒത്തു ചേർന്നുകൊണ്ട് റബ്ബറുത്പാദനത്തെ കർശനമായി നിയന്ത്രിക്കാൻ തയ്യാറെടുക്കുകയായിരുന്നു.

ആഗോളസാമ്പത്തികമാന്ദ്യം സമസ്തമേഖലകളിലും വിള്ളൽവീഴ്ത്തിക്കൊണ്ടിരുന്നപ്പോൾ റബ്ബറിന്റെ ഭാവിയും തുലനം ചെയ്യപ്പെടുകയായിരുന്നു. ലാഭകരമല്ലാതായതോടെ വിദേശീയരായ പണച്ചാക്കുകൾക്ക് റബ്ബർകൃഷിക്ക് വേണ്ടി പണമിറക്കാൻ താൽപര്യമില്ലാതെയായി. കൂടാതെ, തദ്ദേശീയരായ റബ്ബർകമ്പനികൾ തമ്മിൽ നിലനിൽപിന്റെ ഭാഗമായി മത്സരിക്കാനും തുടങ്ങി. കമ്പോളനിലവാരത്തിനുസൃതമായി റബ്ബറുത്പാദനത്തെ നിയന്ത്രിക്കുന്ന രീതിയാണ് വിദേശീയരായ വൻകിട തോട്ടസംരംഭകർ അനുവർത്തിച്ചിരുന്നത്. എന്നാൽ, നേരിയ ലാഭം മാത്രമുള്ള കാലത്തും ഉത്പാദനത്തിൽ കുറവു വരുത്താത്ത സമീപനമായിരുന്നു മലയാ, നെതർലാന്റ്, ഇൻഡീസ് എന്നിവിടങ്ങളിലെ ചെറുകിടക്കാരും ഇടത്തരം സംരംഭകരും പ്രാവർത്തികമാക്കിയത്. താരതമ്യേന ഉത്പാദനം കുറവുള്ളതും ലാഭകരമല്ലാത്തതുമായ തോട്ടങ്ങളെ ഏതാണ്ട് പൂർണ്ണമായും ഒഴിവാക്കുക എന്നത് വിപണിയിലെ മാന്ദ്യത്തെ നേരിടാനുള്ള പരിഹാരമായി കണ്ടു. എന്നാൽ, നിയമപരമായും രാഷ്ട്രീയപരമായും അത്തരത്തിലൊരു നീക്കത്തെ സാധൂകരിക്കാവുന്നതായിരുന്നില്ല. ഉത്പാദനത്തെ നിയന്ത്രിക്കുക എന്നതിലുപരി തോട്ടംമേഖല ലാഭകരമാക്കാവുന്ന തരത്തിൽ റബ്ബറിന്റെ വില ഉയർത്തുക എന്നതിനായിരുന്നു ഉടമ്പടി വിഭാവനം ചെയ്തവർ മുൻതൂക്കം നൽകിയത്. റബ്ബറിന് മാത്രമല്ല, നിയന്ത്രണങ്ങളുടെ ഭാഗമായി യൂറോപ്യൻ വിപണിയിലെ അവിഭാജ്യ ഘടകങ്ങളായ വെളുത്തീയം, തേയില, പഞ്ചസാര, ഗോതമ്പ് എന്നിവയ്ക്കും അന്താരാഷ്ട്രതലത്തിലുള്ള കമ്മറ്റികൾ രൂപീകരിച്ച് ബ്രിട്ടൺ, ജർമനി, അമേരിക്ക എന്നിവിടങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് റബ്ബറുത്പന്നനിർമ്മാതാക്കളുടെ ഒരു കമ്മറ്റിയും ഉടലെടുത്തു. ഇതര രാജ്യങ്ങളിലായി മൊത്തം പതിനാല് മെമ്പർമാരും പത്ത് സഹായികളുമായിട്ടുള്ള കമ്മറ്റിയുടെ ദൈനംദിന ചെലവുകൾ മെമ്പർ രാജ്യങ്ങളായിരുന്നു വഹിച്ചിരുന്നത്. നിയന്ത്രണങ്ങൾ കർശനമായിരുന്നെങ്കിലും സ്റ്റീവൻസൺ സ്കീമിന്റേതിൽനിന്നും താരതമ്യേന മൃദുവായ സമീപനം കൈക്കൊണ്ടതുകൊണ്ടും കമ്മറ്റിയംഗങ്ങളുടെ അകമഴിഞ്ഞ സഹകരണം കൊണ്ടും ഐ.ആർ.ആർ.എ. - യ്ക്ക് പരക്കെ അംഗീകാരം ലഭിച്ചു.

വൻകിട-ചെറുകിട സംരംഭകരുടെ ഉത്പാദനത്തെ സംബന്ധിച്ചുള്ള വിവരങ്ങൾക്ക് കൂടുതൽ സുതാര്യത വരുത്തുന്നതിനുവേണ്ടി 1936-ൽ ബ്രിട്ടീഷ് നോർത്ത് ബോർണിയോയിൽ നടത്തിയ പ്രഖ്യാപനം നിർണായകമായി. റബ്ബർ കൺട്രോൾ സ്കീമിന്റെ പരമപ്രധാനമായ ലക്ഷ്യം എന്നത് യൂറോപ്യൻ വൻകിട സംരംഭകരുടെ മലയാ, ബോർണിയോ, നെതർലാന്റ്, ഈസ്റ്റ് ഇൻഡീസ് (എൻ.ഇ.ഐ.) എന്നിവിടങ്ങളിലെ തോട്ടവിള

കമ്പനികളെ നിലവിലുള്ള പ്രതിസന്ധിയിൽനിന്ന് സംരക്ഷിക്കുക എന്നതാണെന്നും ഈ കമ്പനികളുടെ ചുവടുപറ്റിക്കൊണ്ടുള്ള ഇടത്തരം തോട്ടങ്ങളിൽ നിന്നുള്ള ഉത്പാദനവുമായിട്ടുള്ള മത്സരം ഈ സ്കീമിന്റെ പരിധിയിൽ വരുന്നില്ല എന്നും അസന്നിഗ്ദ്ധമായി വെളിപ്പെടുത്തി. വൻകിടസംരംഭകർക്കു നൽകുക എന്നതിനൊപ്പം തന്നെ അവരുത്പാദിപ്പിക്കുന്ന റബ്ബറിനു ചെറുകിടകർഷകരുടേതിനേക്കാൾ ഒരു പടി മുൻതൂക്കം നൽകുക എന്നതും ഉറപ്പാക്കി. വിൽക്കുന്ന വസ്തുവിന്റെ വ്യാപ്തം, അതിന്റെ വില, ഉത്പന്നത്തിൽ നിന്നുള്ള വരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് വൻകിട റബ്ബർകമ്പനികൾ അവരുടെ ലാഭം കണക്കാക്കിയിരുന്നത്. റബ്ബർവ്യവസായത്തെ നിലവിലുള്ള അവസ്ഥയിൽനിന്ന് കരകയറ്റുന്നതിനും ന്യായമായ വില സുസ്ഥിരമായി ഉറപ്പാക്കുന്നതിനും വേണ്ടി രൂപീകൃതമായ ഉടമ്പടിക്ക് ഇക്കാര്യത്തിൽ കാര്യമായൊന്നും ചെയ്യാനായില്ല.

സ്കീം നടപ്പാക്കി ആദ്യ രണ്ടു വർഷത്തേയ്ക്ക് തദ്ദേശീയരായ ചെറുകിടകർഷകർക്ക് വ്യക്തിഗത നിയന്ത്രണങ്ങളില്ലായിരുന്നെങ്കിലും പ്രത്യേക ചുങ്കം ഏർപ്പെടുത്തിക്കൊണ്ട് കയറ്റുമതിയെ നിയന്ത്രിക്കുന്ന നയമായിരുന്നു എൻ.ഇ.ഐ. -യിൽ അരങ്ങേറിയത്. സുമാട്രാ, ബോർണിയോ എന്നിവിടങ്ങളിലെ തോട്ടങ്ങൾ സമയബന്ധിതമായി അളന്നു തിട്ടപ്പെടുത്താനാകാത്തതുകൊണ്ട് കയറ്റുമതിച്ചുങ്കം ഏർപ്പെടുത്തിക്കൊണ്ട് മറ്റൊരു രീതിയിൽ സ്കീം നടപ്പാക്കുകയായിരുന്നു. വ്യക്തിഗതമായി ക്വോട്ട നിശ്ചയിച്ചു നൽകുക എന്നത് ശ്രമകരവും ചിലവേറിയതുമായിരുന്നു. സ്വന്തമായി ടാപ്പുചെയ്തുകൊണ്ട് ഉപജീവനം നടത്തിയിരുന്ന നാമമാത്രകർഷകരായിരുന്നു നിയന്ത്രണങ്ങളിൽപ്പെട്ട് നന്നേ വലഞ്ഞത്. പതിനായിരക്കണക്കിനു വരുന്ന തോട്ടം തൊഴിലാളികളായിരുന്നു ഇക്കാലയളവിൽ മുണ്ടുമുറുക്കിയുടുക്കേണ്ടതായി വന്ന മറ്റൊരു കൂട്ടർ.

മലയായിലെ യൂറോപ്യൻ എസ്റ്റേറ്റുകളിൽ നിന്നും നാല്, ചൈനയിൽ നിന്നും ഒന്ന്, മലയായിലെ ചെറുകിടകർഷകരെ പ്രതിനിധീകരിച്ച് ഒന്ന്, ലെയ്സൺ ഓഫീസറായി ഒരാൾ എന്നിങ്ങനെ ഏഴു പേരടങ്ങുന്നതായിരുന്നു മലയായിലെ കമ്മിറ്റി. സ്റ്റീവൻസൺ സ്കീമിന്റെ കാലഘട്ടത്തിൽ മലയായിൽ സംഭവിച്ചതു പോലെയുള്ള അസന്തുലിതാവസ്ഥയും അഴിമതിയും പ്രത്യേകിച്ചും ചെറുകിടകർഷകരോട് തുടരാതിരിക്കുന്നതിന് വേണ്ട മുൻകരുതലുകൾ മലയായിലെ ഫെഡറൽ കൗൺസിലിന്റെ ഭാഗത്തുനിന്നുമുണ്ടായി. വൻകിട എസ്റ്റേറ്റുകളുടെ റെക്കാർഡുകളിൽ നിന്നുമാണ് കണക്കുകൾ ശേഖരിച്ചിരുന്നത്. എന്നാൽ, ചെറുകിടകർഷകർക്ക് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്ന രീതി ഇല്ലാതിരുന്നതുകൊണ്ട് അധികാരികൾ നേരിട്ടു സന്ദർശിച്ചുകൊണ്ട് വേണ്ടുന്ന വിവരങ്ങൾ ശേഖരിക്കുകയായിരുന്നു.

ഇന്ത്യൻ ഗവർണർ ജനറൽ നിയമനിർമ്മാണത്തിലൂടെ പാസാക്കി ഗസറ്റ് വിജ്ഞാപനം നടത്തിയ 1934-ലെ ഇന്ത്യൻ റബ്ബർ കൺട്രോൾ ആക്ട് നമ്പർ XXVIII പ്രകാരം റബ്ബറിന്റെ കയറ്റുമതിയും ഇറക്കുമതിയും നിയന്ത്രിക്കും വിധം ബ്രിട്ടീഷ് ഇന്ത്യയിലെ റബ്ബർകൃഷി വ്യാപനത്തിന് താല്ക്കാലികമായി കടിഞ്ഞാണിട്ടു. 1938 ഡിസംബർ 31 വരെയായിരുന്നു റബ്ബർ ലൈസൻസിങ് റെസലൂഷന്റെ ഭാഗമായ കമ്മറ്റിയുടെ കാലാവധി. ഇതേ ആക്ടിന്റെ കീഴിൽ ബർമ്മ റബ്ബർ ലൈസൻസിങ് കമ്മറ്റിയും രൂപീകൃതമായി. ഇന്ത്യയ്ക്കു വെളിയിലേക്കോ ഇന്ത്യയ്ക്ക് അകത്തു തന്നെയുള്ള ഫ്രഞ്ച്, പോർച്ചുഗീസ് കോളനികളിലേക്കോ റബ്ബർ കയറ്റി അയയ്ക്കുന്നതിനായിരുന്നു ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത്. *ഹീവിയ* മരത്തിൽ നിന്നും ലഭിക്കുന്ന റബ്ബറിന് മാത്രമായിരുന്നില്ല *മാനിഹോട്ട്, കാസ്റ്റില്ല, ഫൈക്കസ്* എന്നിവയിൽ നിന്നും കിട്ടുന്ന റബ്ബറിനും സമാനമായ നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയത്.

എസ്റ്റേറ്റുകൾക്കും ചെറുകിടകർഷകർക്കും ഒന്നുപോലെ ബാധകമായിരുന്ന ഈ സ്കീം നേരാംവിധം പ്രാവർത്തികമാക്കാൻ പ്രാദേശികതലത്തിൽ കമ്മറ്റികളെ നിയമിച്ചു. അപ്രകാരം ഇന്ത്യയിൽ 1934-ൽ തിരുവിതാംകൂറിലെ കോട്ടയം ആസ്ഥാനമായി 'ഇന്ത്യ റബ്ബർ ലൈസൻസിങ് കമ്മറ്റി' രൂപീകരിച്ചു. ട്രാവൻകൂർ ഗവണ്മെന്റു നിർദ്ദേശിക്കുന്ന രണ്ടും മദ്രാസ് ഗവണ്മെന്റ്, കൊച്ചിൻ ഡർബാർ, യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസിയേഷൻ ഓഫ് സൗത്ത് ഇന്ത്യ (ഉപാസി) എന്നിവരുടെ പ്രതിനിധിയായി ഓരോരുത്തരുമുൾപെടെ അഞ്ചു പേരടങ്ങുന്നതായിരുന്നു കമ്മറ്റി. ഈ അഞ്ചു പേരിൽ ഒരാളാണ് കമ്മറ്റി ചെയർമാനാകുന്നത്. ബർമ്മ പ്ലാന്റേഴ്സ് അസോസിയേഷന്റെയും പ്രാദേശിക സർക്കാരിന്റെയും ഈരണ്ടു പ്രതിനിധികൾ അടങ്ങുന്നതാണ് ബർമ്മ റബ്ബർ ലൈസൻസിങ് കമ്മറ്റി. കമ്മറ്റി അംഗങ്ങളെ സംബന്ധിച്ച കാര്യങ്ങൾ ഗസറ്റ് ഓഫ് ഇന്ത്യയിൽ വിജ്ഞാപനം ചെയ്യും. ശരിയാംവിധം ആക്ട് പ്രാബല്യത്തിൽ വരുത്തുന്നതിനുവേണ്ടി സബ് കമ്മറ്റികളെ രൂപവത്കരിക്കുക, ഉദ്യോഗസ്ഥർക്കു യാത്രാബത്തയും സ്ഥാനക്കയറ്റവും നൽകുക തുടങ്ങി സമസ്തമേഖലകളിലുമുള്ള സ്വതന്ത്രമായ അധികാരം കമ്മറ്റിയിൽ നിക്ഷിപ്തമായിരുന്നു. ആക്ട് പ്രാബല്യത്തിൽ വന്ന 1934 ജൂൺ മുതൽ ഡിസംബർ വരെ കയറ്റുമതി അനുമതി ഇന്ത്യ ബർമ്മ എന്നിവിടങ്ങളിൽ നിന്നും യഥാക്രമം 8484 ടണ്ണും 2616 ടണ്ണുമായിരുന്നു.

ബർമ്മ ഒഴികെ ഇന്ത്യയിലെ റബ്ബർ എസ്റ്റേറ്റുകളെയും ചെറുകിടകർഷകരെയും സംബന്ധിച്ച സമഗ്രമായൊരു ക്രോഡീകരണമാണ് ഇന്ത്യ റബ്ബർ ലൈസൻസിങ് കമ്മറ്റി (ഐ.ആർ.എൽ.) ഏറ്റെടുത്ത പ്രഥമ ദൗത്യം. കോട്ടയത്തെ മലങ്കര ബിൽഡിങ്സിൽ പ്രവർത്തിച്ചിരുന്ന കമ്മറ്റി, തോട്ടങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളും സമാഹരിച്ചു. തോട്ടം ഉടമയുടെ പേരും മേൽവിലാസവും റബ്ബർ കൃഷിചെയ്തിരിക്കുന്ന ഭൂമിയുടെ വിസ്തൃതി, മരങ്ങളുടെ എണ്ണം, സർവെ നമ്പർ, വില്ലേജ് തുടങ്ങിയ വിവരങ്ങളെല്ലാമടങ്ങിയ അപേക്ഷയാണ് ക്വോട്ട അനുവദിച്ചു ലഭിക്കുന്നതിന് കർഷകർ കമ്മറ്റി മുമ്പാകെ 1934-ൽ സമർപ്പിച്ചത്. മരങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കാവുന്ന റബ്ബറിന്റെ അളവും ഉത്പാദിപ്പിച്ച റബ്ബറിന്റെ എത്ര ശതമാനം കയറ്റി അയയ്ക്കാമെന്നതും കമ്മറ്റി തീരുമാനിക്കുന്നു. ഇതിനു ക്വോട്ട സിസ്റ്റം എന്നാണു പറയുന്നത്. 1936 മുതൽ 1940 വരെ ഇത്തരത്തിലുള്ള അറിയിപ്പുകൾ തപാലിലൂടെ കർഷകർക്കെല്ലാം അയച്ചു കൊടുത്തു കൊണ്ടിരുന്നതിൽ എറണാകുളം ജില്ലയിലെ കർഷകനും തിരുവാങ്കുളം പഞ്ചായത്തു പ്രസിഡന്റുമായിരുന്ന പി.ടി. കുര്യൻ, പുന്നച്ചാലിനു ലഭിച്ച കത്തിടപാടുകളുടെ അസ്സൽ അദ്ദേഹത്തിന്റെ പിൻഗാമികളായ അഞ്ചാം തലമുറക്കാർ ഇന്നും സൂക്ഷിക്കുന്നുണ്ട്. CH 63 എന്ന രജിസ്ട്രേഷൻ നമ്പരോടു കൂടിയ പ്രസ്തുത തോട്ടത്തിൽ 1926-ൽ രണ്ട് ഏക്കർ സ്ഥലത്ത് 350 മരങ്ങളും

# GOLDEN TOUCH®



**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH® - ALUMINIUM DISH**
**GOLDEN TOUCH® - FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**
N.B.: Available at : Rubber Board Companies & Rubber Marketing Societies

*Packed & Marketed By*

GTC
Estd. 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com





പി. കുര്യൻ ജോൺ

1929–ൽ ഒരേക്കർ സ്ഥല ത്ത് 50 മരങ്ങളും നട്ടിരുന്നതായി രേഖകളുണ്ട്. ഇക്കാര്യങ്ങൾ ഐ.ആർ. എൽ. കമ്മറ്റിയുടെ കൺട്രോളറായിരുന്ന പി. കുര്യൻ ജോൺ 1935–ൽ പ്രസിദ്ധീകരിച്ച 'ദ ലിസ്റ്റ് ഓഫ് റബ്ബർ എസ്റ്റേറ്റ്സ് ആന്റ് ഹോൾഡിങ്സ്' എന്ന പുസ്തകത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിലെ റബ്ബർകൃഷിയെക്കുറിച്ചുള്ള ആദ്യ സംഗ്രഹമായിരുന്നു മൂന്നു വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച ആ പുസ്തകം.

നെല്ല്, തെങ്ങ് കൃഷികൾ സുപരിചിതമായിരുന്ന തിരുവാങ്കുളം പ്രദേശത്ത് പ്രഥമ റബ്ബർകൃഷി നടത്തിയത് കുര്യനും അദ്ദേഹത്തിന്റെ പിതൃസഹോദരപുത്രനായ ഐപ്പും കൂടിയായിരുന്നു. ചെങ്കൽ നിറഞ്ഞ മലകൾ തരിശിടുകയാണ് അക്കാലത്തെ പതിവ്. മലകളിൽ വളർന്നുണ്ടാകുന്ന കുറ്റിക്കാടുകൾ വെട്ടിയെടുത്ത് നെൽപ്പാടങ്ങളിൽ പച്ചിലവളമായി ഉപയോഗിക്കുമായിരുന്നു. പുഞ്ചപ്പാടത്തിന്റെ ഓരത്തായി സ്ഥിതി ചെയ്യുന്ന അത്തരത്തിലൊരു മലയിലായിരുന്നു കുര്യന്റെ റബ്ബർകൃഷി അരങ്ങേറിയത്. കിഴക്കുനിന്നും ഒരു പക്ഷേ, 50 കിലോമീറ്റർ അകലെയുള്ള മലങ്കര എസ്റ്റേറ്റിൽ നിന്നുമായിരുന്നിരിക്കണം റബ്ബർവിത്തുകൾ സംഘടിപ്പിച്ചത്. മുൻപരിചയമൊന്നുമില്ലാതെ ചെയ്ത റബ്ബർ കൃഷിയെ തദ്ദേശവാസികളായ മറ്റു കർഷകർ ഏറെ സംശയദൃഷ്ടിയോടെയാണ് നോക്കിക്കണ്ടത്. ടാപ്പിങ്ങും റബ്ബർപാൽ വിൽപനയും ഏറെ ബുദ്ധിമുട്ടായതുകൊണ്ട് കൂടെയുണ്ടായിരുന്ന ഐപ്പ് ഏറെ താമസിയാതെ റബ്ബർ കൃഷി ഉപേക്ഷിച്ചു.

കുര്യന്റെ ശേഖരത്തിൽ കണ്ടെത്തിയ ഐ.ആർ. എൽ. -ഉം ആയിട്ടുള്ള കത്തിടപാടുകൾ അക്കാലത്തെ റബ്ബർകൃഷിചരിത്രത്തിന്റെ നേർരേഖകളാണ്. 1936–ൽ മൊത്തം ഉത്പാദനത്തിന്റെ 60 ശതമാനവും 1937–ൽ എഴുപതും 1940–ൽ എൺപത് ശതമാനവും കയറ്റി അയയ്ക്കാനുള്ള അനുവാദം ലഭിച്ചിരുന്നു. അക്കാലത്ത് സിലോൺ വഴിയാണ് ബ്രിട്ടണിലേക്കു റബ്ബർ കയറ്റി അയച്ചിരുന്നത്. കമ്മറ്റിയുടെ അറിവോടും സമ്മതത്തോടും കൂടി ഒരു കർഷകനു ലഭിച്ച ക്വോട്ട മറ്റൊരാൾക്കു രേഖാമൂലം കൈമാറ്റം ചെയ്യാനാകുമായിരുന്നു (Quota transfer).



പഴയ അഞ്ചൽപെട്ടി

പുതുക്കൃഷിയും ആവർത്തനക്കൃഷിയും ചെയ്യുന്നതിന്റെ ഭാഗമായി അന്തർദ്ദേശീയ തലത്തിൽ കൈക്കൊള്ളുന്ന നിയന്ത്രണങ്ങളും തീരുമാനങ്ങളും യഥാസമയം ഇന്ത്യയിലെ റബ്ബർകർഷകരെ കമ്മറ്റി അറിയിക്കും. ഈ തീരുമാനത്തിന്റെ ഭാഗമായി 1939–40 കാലഘട്ടത്തിൽ ഇന്ത്യയിൽ 6,400 ഏക്കർ സ്ഥലത്തു റബ്ബർ കൃഷിചെയ്യാനുള്ള അനുവാദം ലഭിച്ചു. കൂടുതൽ സ്ഥലം കൃഷിചെയ്യാനുള്ള അധികാരം അന്തർദേശീയ കമ്മറ്റിയിൽ മാത്രം നിക്ഷിപ്തമായിരുന്നു. രണ്ടു വർഷത്തെ കാലയളവിൽ ലോകത്താകമാനം കൃഷി ചെയ്യാൻ വേണ്ടി മാറ്റി വച്ചിരുന്ന ഭൂമിയുടെ വിസ്തൃതി 83,000 ഏക്കറാണ്. ആദ്യ വർഷം അനുവദിച്ചിരിക്കുന്ന വിസ്തൃതിയുടെ അഞ്ചു ശതമാനം പുതുക്കൃഷിക്കുവേണ്ടി ഉപയോഗിച്ചിട്ടുണ്ടെങ്കിൽ കരുതിവച്ചിരിക്കുന്നതിൽ നിന്നും വീണ്ടും വിസ്തൃതി അനുവദിക്കുന്നതായിരിക്കും.

കമ്മറ്റിയുടെ അറിയിപ്പുകളും മറ്റ് കത്തിടപാടുകളും നടത്തിയിരുന്നത് ഇംഗ്ലീഷ്, മലയാളം ഭാഷകളിലുള്ള ടൈപ്പിങ്, പ്രിന്റുചെയ്ത ഫോമുകൾ, കൈപ്പടയിൽ ഉള്ളവ എന്നിവ മുഖേനയായിരുന്നു. മുക്കാൽ ചക്രത്തിന്റെ കവറുകളിലായിരുന്നു കത്തിടപാടുകൾ. മഷിക്കുപ്പിയിൽ പേനയുടെ നിബ് കൂടെക്കൂടെ മുക്കി വടിവൊത്ത കലാപരമായ കൈപ്പടയിൽ തീർത്ത കത്തുകളുടെ ഭംഗി ഒന്നു വേറെ തന്നെ. കത്തുകൾ കൃത്യമായും ലളിതമായും തരംതിരിക്കുന്നതിനു വേണ്ടി വിഭാവനം ചെയ്ത ആറക്കമുള്ള പോസ്റ്റൽ ഇൻഡക്സ് കോഡ് പിൻകോഡ് (PIN code) 1972ൽ നിലവിൽ വരുന്നതിനും എത്രയോ പതിറ്റാണ്ടുകൾ മുമ്പേയുള്ള കത്തിടപാടുകളായിരുന്നു അവ. ഓരോ തവണയും വ്യത്യസ്ത അഞ്ചലാഫീസുകളിൽ കയറിയിറങ്ങിയാണന്ന് കത്തുകൾ ലക്ഷ്യസ്ഥാനത്തെത്തിയിരുന്നത് എന്ന് കവറുകളുടെ പുറത്തുള്ള മുദ്രണങ്ങൾ വെളിവാക്കുന്നു.

ക്വോട്ട പ്രകാരം റൊക്കം വിലയ്ക്കു റബ്ബർ വാങ്ങുന്നതിനും, ക്വോട്ട കൈമാറ്റം ചെയ്യുന്നതിനും, റബ്ബർ മേഖലയ്ക്കാവശ്യമായ ആസിഡ്, കത്തി, തൊട്ടി, അരി തുടങ്ങിയ സാധനങ്ങൾ മിതമായ വിലയ്ക്കു നൽകുന്നതിനുമായി നിരവധി ഏജൻസികൾ കൊച്ചി, ആലപ്പുഴ, കോട്ടയം, കാഞ്ഞിരപ്പിള്ളി എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്നു. അനുവദിച്ചിരുന്ന ക്വോട്ട പ്രകാരം റബ്ബർ ഉത്പാദിപ്പിക്കാൻ പ്രായമാകാത്ത മരങ്ങളിലും ടാപ്പിങ് നടത്തേണ്ടതായി വന്നു. കാഠിന്യമേറിയ ടാപ്പിങ്രീതികൾ അവലംബിച്ചതോടുകൂടി മരങ്ങൾക്ക് സാരമായ കേടുപാടുകളുണ്ടായതോടെ ആവർത്തനക്കൃഷി ചെയ്യേണ്ടതായ ഗതികേടിലായി കർഷകർ. ഇത് കർഷകർക്ക് പരോക്ഷമായി പ്രതിസന്ധികൾ സൃഷ്ടിച്ചു.

(തുടരും)

## കാംപെയ്ൻ 2022 - ഉദയ്പൂർ മേഖലാതല ഉദ്ഘാടനം





റബ്ബർബോർഡ് നടത്തുന്ന കാംപെയ്ൻ 2022-ന്റെ ഉദയ്പൂർ മേഖലാതല ഉദ്ഘാടനം ജില്ലാ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ത്രിപുര പട്ടികവർഗ്ഗക്ഷേമവകുപ്പ് മന്ത്രി രാം പദ ജമാത്തിയ നിർവഹിച്ചു. കുപ്പിലോങ്ങ് റബ്ബറുത്പാദകസംഘത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച യോഗത്തിൽ സംഘം പ്രസിഡന്റ് കാനു രഞ്ജൻ മജുംദാർ അധ്യക്ഷനായിരുന്നു.

കാംപെയ്ൻ 2022-ന്റെ 'റബ്ബറുത്പാതകസംഘങ്ങളുടെ നവോത്ഥാനം യുവതയിലൂടെ' എന്ന വിഷയത്തിൽ ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇൻ-ചാർജ് രാജീവൻ കുറുങ്ങോട്ട് മുഖ്യപ്രഭാഷണം നടത്തി

ത്രിപുര ലാറ്റക്സ് എം.ഡി. ഭാസ്കർ ഘോഷ്, കില്ല ബി.എ.സി. ചെയർമാൻ ബാഗൻ ഹരിമോൾസം, സാമൂഹ്യ പ്രവർത്തകൻ രതീന്ദ്രലാൽ ജമാത്തിയ, ശങ്കരി കാർ ചൗധരി (ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ്), ശന്തനു ദാസ് (ഫീൽഡ് ഓഫീസർ) എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

## റബ്ബർടാപ്പർമാർക്ക് ഇൻഷുറൻസ് പദ്ധതി

ചെറുകിടത്തോട്ടങ്ങളിൽ ജോലിചെയ്യുന്ന ടാപ്പർമാർക്കായി റബ്ബർബോർഡ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നു. റബ്ബറുത്പാദകസംഘങ്ങളിൽ ഷീറ്റുനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും ഒരു ഹെക്ടർ വരെ വിസ്തൃതിയുള്ളതും റെയിൻഗാർഡുചെയ്തതുമായ സ്വന്തം തോട്ടങ്ങളിൽ കുറഞ്ഞത് നൂറ് മരങ്ങളെങ്കിലും തനിയെ ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കും പദ്ധതിയിൽ അംഗങ്ങളാകാം. അപേക്ഷകരുടെ പ്രായപരിധി 18-നും 59-നും ഇടയിലായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.

പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സുവരെയുള്ള കാലയളവിലുണ്ടാകുന്ന സ്വാഭാവികമരണത്തിന് 80000 രൂപയും അപകടമരണത്തിന് 1.8 ലക്ഷം രൂപയും ഇൻഷുറൻസ് പരിരക്ഷയുണ്ടായിരിക്കും. അടയ്ക്കുന്ന തുകയ്ക്ക് അനുസൃതമായി ഒരു തുക പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് ഓരോ അംഗത്തിനും തിരികെ ലഭിക്കുന്നതാണ്. മുന്നൂറ് രൂപയാണ് കുറഞ്ഞ വാർഷിക പ്രീമിയം തുക. കാലാവധി പൂർത്തിയാകുമ്പോൾ കൂടുതൽ നിക്ഷേപത്തുക ലഭിക്കുന്നതിന് ഉയർന്ന നിരക്കിൽ പ്രീമിയം അടയ്ക്കാവുന്നതാണ്. ഓരോ അംഗത്തിന്റെയും പേരിൽ റബ്ബർബോർഡിന്റെ വിഹിതമായി 600 രൂപയുമാണ് നിക്ഷേപിക്കപ്പെടുന്നത്. 2023 ഫെബ്രുവരി 24 വരെ ഈ പദ്ധതിയിലേക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.





# ഫെബ്രുവരി മാസത്തെ കൃഷിപ്പണികൾ

വേനൽകാലത്ത് നഴ്സറിയിലെ തൈകൾ ഇടയ്ക്കിടെ നനച്ചുകൊടുക്കണം. രാവിലെയും വൈകുന്നേരവും മാത്രമേ തൈകൾ നനയ്ക്കാവൂ. നഴ്സറികൾ വിസ്തൃതി കൂടിയതാണെങ്കിൽ ജലത്തിന്റെ ലഭ്യതയനുസരിച്ച് അത് പല ഭാഗങ്ങളായി തിരിച്ച് നനയ്ക്കുന്നതാണ് സൗകര്യപ്രദം. കപ്പുതൈകളുടെയും കൂടത്തൈകളുടെയും നഴ്സറികളിൽ ജലസേചനം അനിവാര്യമാണ്. വൈകുന്നേരമാണ് നനയ്ക്കാൻ പറ്റിയ സമയം.

**രണ്ടാംവർഷം മുതൽ തൈകളുടെ ഇലപ്പടർപ്പ് വളർന്നുമൂടുന്നതുവരെയുള്ള കാലഘട്ടത്തിൽ തൈകളുടെ ചുവടുമുതൽ കവരഭാഗം വരെ തവിട്ടുനിറമുള്ള ഭാഗത്ത് വെള്ളപൂശണം. വെള്ളനിറമുള്ള പ്രതലങ്ങൾ ചൂട് അധികം ആകർഷിക്കുകയില്ല എന്ന തത്ത്വമാണിതിന് ആധാരം.**

## പുതയിടൽ

കൃഷിയിടങ്ങളിലെ ചെറുതൈകൾ വേനൽകാലത്ത് ചൂടേറ്റ് ഉണങ്ങിപ്പോകാതിരിക്കാൻ കൂടകൾ വച്ചു മറച്ചും ഉണങ്ങിയ ചവറുപയോഗിച്ച് പുതയിട്ടും അവയ്ക്ക് സംരക്ഷണം നൽകാം. ഈറയോ മെടഞ്ഞ ഓലയോ ഉപയോഗിച്ചുണ്ടാക്കിയ, ഏതാണ്ട് 45-60 സെ.മീറ്റർ ഉയരവും 30-45 സെ.മീറ്റർ വ്യാസവുമുള്ള കൂടകളാണ് ഇതിന് ഉപയോഗിക്കുന്നത്. പുതയിടുന്നതിന് ഉണങ്ങിയ ചവറ്, പുല്ല്, തോട്ടപ്പയർ എന്നിവ ഉപയോഗിക്കാം. കൂടത്തൈകൾ ഉപയോഗിച്ച് കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ സാധാരണഗതിയിൽ ഉണങ്ങിയ ചവർ ഉപയോഗിച്ച് പുതയിട്ടാൽ മാത്രം മതിയാകും. പുതയിടൽകൊണ്ട് മണ്ണിലെ ഈർപ്പവും തണുപ്പും നിലനിർത്താനും ജൈവാംശം വർദ്ധിപ്പിക്കാനും കളകളുടെ വളർച്ച തടയാനും കഴിയും.

തുറസ്സായ സ്ഥലത്തുവച്ചിരിക്കുന്ന തൈകൾ ശക്തിയായ വെയിലേറ്റ് വാടിയുണങ്ങാതിരിക്കാൻ അവയ്ക്ക് തണൽ കൊടുക്കണം. ആവശ്യത്തിന് സൂര്യപ്രകാശം ലഭിക്കത്തക്കവിധം മെടയാത്ത ഓലകൾ ഉപയോഗിച്ച് വശങ്ങളിലും മുകളിലും ഭാഗികമായി മറയ്ക്കുന്നതാണ് ശരിയായ രീതി.





### വെള്ളപൂശൽ

രണ്ടാംവർഷം മുതൽ തൈകളുടെ ഇലപ്പടർപ്പ് വളർന്നുമൂടുന്നതുവരെയുള്ള കാലഘട്ടത്തിൽ തൈകളുടെ ചുവടുമുതൽ കവരഭാഗം വരെ തവിട്ടു നിറമുള്ള ഭാഗത്ത് വെള്ളപൂശണം. വെള്ളനിറമുള്ള പ്രതലങ്ങൾ ചൂട് അധികം ആകർഷിക്കുകയില്ല എന്ന തത്ത്വമാണിതിന് ആധാരം. ഇതിനായി തയ്യാറാക്കുന്ന ചുണ്ണാമ്പുലായനിയിൽ തുരിശുചേർക്കേണ്ട ആവശ്യമില്ല. ചൈനാക്ലേ, മണ്ണ് എന്നിവ തൈകളിൽ പൂശുന്നത് വേണ്ടത്ര പ്രയോജനം ചെയ്യുകയില്ല.

### ഫയർബെൽറ്റ്

വേനൽകാലാരംഭത്തോടെ റബ്ബർതോട്ടങ്ങളിൽ തീപിടിത്തത്തിനെതിരെ മുൻകരുതൽ സ്വീകരിക്കണം. തോട്ടത്തിനുചുറ്റും ഫയർബെൽറ്റ് നിർമ്മിക്കുകയാണ് ഇതിനുള്ള ഒരു ഉപാധി. തോട്ടത്തിനു ചുറ്റും മൂന്ന് മുതൽ അഞ്ച് വരെ മീറ്റർ വീതിയിൽ കുറ്റിച്ചെടികളും ചപ്പുചവറുകളും നീക്കംചെയ്ത് വൃത്തിയാക്കിയിടണം. തോട്ടത്തിനു പുറമെ തീ പടർന്നാലും അത് തോട്ടത്തിനകത്തേക്ക് എളുപ്പം വ്യാപിക്കാതിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. അഗ്നിബാധയ്ക്കെതിരായി എല്ലാ തരത്തിലുമുള്ള മുൻകരുതലുകളും ഏർപ്പെടുത്തണം. തീപിടിത്തം, കൊടുങ്കാറ്റ് എന്നീ അത്യാഹിതങ്ങൾക്കെതിരെ റബ്ബർതോട്ടങ്ങൾ ഇൻഷ്വർ ചെയ്യുന്നതും നല്ലതാണ്.

### ഇതര സംരക്ഷണനടപടികൾ

റബ്ബർതോട്ടങ്ങളിൽ കന്നുകാലികളെ മേയാൻ അനുവദിക്കരുത്. ചുറ്റും വേലികെട്ടിയോ കയ്യാലകൾ നിർമ്മിച്ചോ കന്നുകാലികളിൽനിന്ന് തോട്ടത്തെ സംരക്ഷിക്കാം. റബ്ബർതൈകളും ആവരണവിളകളും തിന്നുനശിപ്പിക്കുന്നതിനുപുറമേ അവ ഭൂമിയുടെ ഉപരിതലത്തോടു ചേർന്നുള്ള വേരുപടലം ചവിട്ടിനശിപ്പിക്കാനും ഇടയുണ്ട്.

റബ്ബർകൃഷിയിൽ, തൈകൾ നട്ട് ആദ്യത്തെ രണ്ടുമൂന്നു വർഷത്തെ പരിചരണം കൂടുതൽ നിർണ്ണായകമാണ്. റബ്ബർതൈകളുടെ ആദ്യകാലവളർച്ച മുരടിക്കുകയോ സുഗമമല്ലാതാവുകയോ ചെയ്യുന്നപക്ഷം അതിന്റെ ഭവിഷ്യത്ത് പിന്നീടുള്ള അവയുടെ നിലനിൽപിനെ ബാധിക്കും. തുടർന്നുനൽകുന്ന പരിചരണം എത്ര മെച്ചപ്പെട്ടതായാലും ആദ്യകാലവളർച്ചയിൽ സംഭവിക്കുന്ന ആഘാതത്തിൽനിന്ന് തൈകളെ പിന്നീട് മോചിപ്പിക്കുക എളുപ്പമല്ല.

### ഇലരോഗങ്ങളുടെ നിവാരണം

പുള്ളിക്കുത്ത്, പക്ഷിക്കണ്ണ് എന്നീ രോഗങ്ങൾ വേനൽകാലത്ത് നഴ്സറിയിലെ തൈകളെയും പ്രായം കുറഞ്ഞ ചെടികളെയും ബാധിക്കുന്നു. ഇലകളെയാണ് ഈ രോഗങ്ങൾ ബാധിക്കുക. കുമിൾമൂലമുണ്ടാകുന്ന രോഗമായതിനാൽ രോഗനിവാരണത്തിനായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം.

### പൊടിക്കുമിൾ രോഗബാധ

തോട്ടങ്ങളിൽ തളിർപ്പുകാലം നീണ്ടുനിൽക്കുകയാണെങ്കിൽ മരങ്ങളുടെ തളിരിലകളിലും കൂടയിൽ വളരുന്ന ചെറുതൈകളിലും പൊടിക്കുമിൾരോഗബാധ ആവർത്തിച്ചുണ്ടാകാം.



തോട്ടങ്ങളിൽ തളിർപ്പുകാലം മുഴുവൻ ഹെക്ടറൊന്നിന് 11 മുതൽ 14 വരെ കിലോഗ്രാം എന്ന തോതിൽ പൊടിരൂപത്തിലുള്ള (325 മെഷ് വലിപ്പത്തിലുള്ളത്) ഗന്ധകപ്പൊടി അടിക്കണം. 7 മുതൽ 14 വരെ ദിവസം ഇടവിട്ട് 3 മുതൽ 6 വരെ തവണ ഇത് ചെയ്യേണ്ടിവരും. 70 ശതമാനം ഗന്ധകവും 30 ശതമാനം ടാൽക്കും ചേർന്ന മിശ്രിതമാണ് ഇതിനായി ഉപയോഗിക്കേണ്ടത്. ഡസ്റ്റിങ് മെഷീൻ ഉപയോഗിച്ചു വേണം വലിയ മരങ്ങൾക്ക് ഗന്ധകപ്പൊടിയടിക്കാൻ.

ചെറുതൈകൾക്കും നഴ്സറിയിലെ തൈകൾക്കും ഗന്ധകപ്പൊടിക്കു പകരം വെള്ളത്തിൽ കലക്കാവുന്ന ഗന്ധകം ഉപയോഗിക്കുന്നതാകും സൗകര്യപ്രദം. 2.5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 7 മുതൽ 10 വരെ ദിവസങ്ങളിൽ ഒരു തവണ വീതം സ്പ്രേയറുകൾ ഉപയോഗിച്ചു വേണം തളിക്കാൻ.

ഇതിനുപകരം കാർബെൻഡാസിമും വെറ്റബിൾ സൾഫറും ഒന്നിടവിട്ട തവണകളിൽ 7 മുതൽ 14 വരെ ദിവസം ഇടവിട്ട് തളിക്കുന്നതും ഫലപ്രദമാണ്.

### സൂര്യാഘാതം

ചെറുതൈകൾ വെയിലുകൊണ്ട് ഉണങ്ങാറുണ്ട്. തൈകളുടെ ചുവടുഭാഗത്തിന് ചുറ്റുമുള്ള മണ്ണു ചൂടാകുന്നതാണിതിനു കാരണം. ഉണക്കു ബാധിച്ചു വാടിയ തൈകൾ ഉണങ്ങിപ്പോകുകയോ കാറ്റത്തു മറിഞ്ഞു പോകുകയോ ചെയ്യും. ഉണക്കുബാധ ശക്തമല്ലെങ്കിൽ ചെടികളുടെ കേടുവന്ന ഭാഗം ചുരണ്ടി മാറ്റി 0.75 ശതമാനം വീര്യമുള്ള മാങ്കോസെബ് ലായനി ഉപയോഗിച്ചു കഴുകിയശേഷം പട്ട വളർന്നു മൂടാൻ സഹായിക്കുന്ന മരുന്നുകൾ പുരട്ടണം. മരുന്നു പുരട്ടിയതിനു മുകളിലോട്ടുള്ള (തവിട്ടു നിറമുള്ള) ഭാഗത്ത് വെള്ള പൂശുകയും ചെയ്യണം. ●




റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതികൾ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡയറക്ടർ (ലേബർ മാനേജ്മെന്റ്) ബിനു മാത്യു, 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് നടത്തിവരുന്ന പരിശീലനങ്ങൾ' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഫാക്ടറി മാനേജർ ഉമാശങ്കർ ജി. എന്നിവർ കർഷകരുടെ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബർബോർഡിന്റെ തൊഴിലാളിക്ഷേമപദ്ധതികൾ

1. ***റബ്ബർബോർഡ് തോട്ടംതൊഴിലാളികൾക്കായി നടപ്പാക്കിവരുന്ന ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്?***

കുട്ടികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്, വൈദ്യസഹായപദ്ധതി, ഭവനനിർമ്മാണ സാമ്പത്തിക സഹായപദ്ധതി, വനിതാ ടാപ്പർമാർക്കും ഉത്പാദക സംഘങ്ങളിലെ ഗ്രൂപ്പ് പ്രോസ്സസിങ് സെന്ററുകളിൽ (ജി.പി.സി.) ജോലിചെയ്യുന്ന തൊഴിലാളികൾക്കും അവരുടെ പെൺമക്കൾക്കുമുള്ള വിവാഹധനസഹായ പദ്ധതി, വനിതാടാപ്പർമാർക്കും ജി.പി.സി. -കളിൽ ജോലിചെയ്യുന്ന വനിതാ തൊഴിലാളികൾക്കുമുള്ള പ്രസവാനുകൂല്യം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവയാണ് റബ്ബർബോർഡ് നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ.

2. ***ഗ്രൂപ്പ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് സ്കീം എന്നതുകൊണ്ട് വിഭാവനം ചെയ്യുന്നത് എന്താണ്?***

അസംഘടിതമേഖലയിലെ 18-നും 59-നും മദ്ധ്യേ പ്രായമുള്ള തൊഴിലാളികൾക്ക് വേണ്ടിയുള്ള പദ്ധതിയാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് ലഘു സമ്പാദ്യപദ്ധതി. ഈ പദ്ധതിയിൽ അംഗങ്ങളായവർക്ക് സ്വാഭാവിക മരണമോ അപകടമരണമോ സംഭവിച്ചാൽ അവകാശികൾക്ക് യഥാക്രമം 80000 രൂപയും 180000 രൂപയും ലഭിക്കും. 60 വയസ്സ് തികഞ്ഞ അംഗങ്ങൾക്ക് മെച്യുരിറ്റി തുകയും ലഭിക്കുന്നു. റബ്ബർബോർഡ് വിഹിതമായി ഓരോ അംഗത്തിന്റെയും പേരിൽ പ്രതിവർഷം 600 രൂപ നിക്ഷേപിക്കും. ഈ പദ്ധതിയിൽ 2023 ഫെബ്രുവരി 24 വരെ പുതുതായി അംഗങ്ങളാകാം. വാർഷികപ്രീമിയം 300 രൂപയാണ്. കൂടുതൽ തുക അടയ്ക്കുന്നവർക്ക് ഉയർന്ന മെച്യുരിറ്റി തുക ലഭിക്കുന്നതാണ്. എല്ലാ വർഷവും പ്രീമിയം തുക കൃത്യമായി അടച്ച് പോളിസി പുതുക്കുന്നവർക്കു മാത്രമേ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

3. ***റബ്ബർബോർഡ് വഴി നടപ്പാക്കുന്ന തൊഴിലാളിക്ഷേമ പദ്ധതികളിൽ ആർക്കൊക്കെ അംഗങ്ങളാകാം?***

1951-ലെ തോട്ടംതൊഴിലാളിനിയമത്തിന്റെ പരിധിയിൽപെടാത്തതും 0.40 ഹെക്ടറിൽ കുറയാത്ത വിസ്തൃതിയുള്ളതുമായ റബ്ബർതോട്ടത്തിൽ കുറഞ്ഞത് 150 മരങ്ങളെങ്കിലും ഒരു വർഷമായി ടാപ്പു ചെയ്തുകൊണ്ടിരിക്കുന്ന ടാപ്പിങ്തൊഴിലാളികൾ, റബ്ബറുത്പാദകസംഘങ്ങളുടെ കീഴിലുള്ള ജി.പി.സി.കളിൽ ഒരു വർഷമായി ജോലിയിൽ തുടരുന്നവർ; സ്വന്തം അല്ലെങ്കിൽ ജീവിതപങ്കാളിയുടെ ഉടമസ്ഥതയിലുള്ളതോ രണ്ടുപേരുടേയും കൂട്ടുടമസ്ഥതയിലുള്ളതോ ആയ ഒരു ഹെക്ടറിൽ താഴെ വിസ്തൃതിയുള്ളതും റെയിൻഗാർഡ് ചെയ്തിട്ടുള്ളതുമായ തോട്ടത്തിൽ ഒരു വർഷമായി 100 മരമെങ്കിലും സ്വയം ടാപ്പുചെയ്യുന്ന കർഷകർ എന്നിവർക്ക് തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകാം.

4. ***കുട്ടികൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് ലഭിക്കാൻ എപ്പോഴാണ് അപേക്ഷ നൽകേണ്ടത് ?***

11-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും പഠിക്കുന്ന കുട്ടികൾ ഫെബ്രുവരി 28-ന് മുമ്പ് അപേക്ഷ നൽകണം. മറ്റു കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾ പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റ് ലഭിച്ച് നാലുമാസത്തിനുള്ളിൽ അപേക്ഷ നൽകിയാൽ മതി.

5. ***വൈദ്യസഹായപദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്?***

ഡോക്ടർമാർ നിർദ്ദേശിക്കുന്ന വിശ്രമകാലയളവ് ഉൾപ്പെടെ അഞ്ച് ദിവസമെങ്കിലും രോഗാവസ്ഥയിലുള്ള ടാപ്പർമാർക്ക് ഒരു സാമ്പത്തികവർഷം പരമാവധി 5000 രൂപ വരെ ധനസഹായം ലഭിക്കും. കൂടാതെ, ഹൃദയം, തലച്ചോറ്, കരൾ എന്നിവയെ ബാധിക്കുന്ന മാരകരോഗങ്ങളുടെ ചികിത്സക്കായി അഞ്ചുവർഷക്കാലയളവിലേക്ക് 30000 രൂപ വരെ ധനസഹായം ലഭിക്കുന്നു. മാരകരോഗങ്ങൾ ബാധിച്ചവർക്കുള്ള ധനസഹായത്തിന് തൊഴിലാളിയുടെ പങ്കാളിക്കും അർഹതയുണ്ട്. ചികിത്സ ആരംഭിക്കുന്ന അന്നു മുതൽ അല്ലെങ്കിൽ ആശുപത്രിയിൽനിന്ന് വിടുതൽ ചെയ്യുന്ന അന്നുമുതൽ മൂന്നുമാസത്തിനുള്ളിൽ അപേക്ഷ നൽകണം.

6. ***ക്ഷേമപദ്ധതികളുടെ ആനുകൂല്യം നേടാനും ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാനും ആരെയാണ് സമീപിക്കേണ്ടത് ?***

അപേക്ഷാഫോമുകൾ റബ്ബർബോർഡിന്റെ റീജിയ

ണൽ ഓഫീസുകളിലും കോട്ടയത്തെ കേന്ദ്രഓഫീസിലെ തൊഴിലാളിക്ഷേമവിഭാഗത്തിലും സൗജന്യമായി ലഭിക്കും. റബ്ബർബോർഡിന്റെ വെബ്സൈറ്റിൽ നിന്ന് ഫോമുകൾ ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാം. ക്ഷേമപദ്ധതികൾക്കുള്ള അപേക്ഷകൾ പൂരിപ്പിച്ച് റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിൽ സമർപ്പിക്കാവുന്നതാണ്. ഇൻഷ്വറൻസ് പദ്ധതിക്കുള്ള അപേക്ഷകൾ റീജിയണൽ ഓഫീസുകളിൽ സമർപ്പിച്ച് പ്രീമിയം തുക അടയ്ക്കാനുള്ള സൗകര്യം ഉണ്ടായിരിക്കും.

## നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് നടത്തിവരുന്ന പരിശീലനങ്ങൾ

1. ***നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് നടത്തി വരുന്ന പരിശീലനങ്ങൾ എന്തെല്ലാമാണ്?***

റബ്ബർകൃഷിവികസനം, റബ്ബർസംസ്കരണം, വിപണനം, ഉത്പന്നനിർമാണം, ഗുണമേന്മാനിയന്ത്രണം തുടങ്ങി റബ്ബറുമായി ബന്ധപ്പെട്ട സമസ്തമേഖലകളിലും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.)മുൻകൂട്ടി നിശ്ചയിച്ച കലണ്ടർ പ്രകാരം പരിശീലനം നൽകി വരുന്നു. ഈ മേഖലകളിലെല്ലാം തന്നെ നൈപുണ്യവികസനത്തിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുമായി നടത്തുന്ന പരിശീലനങ്ങളും ഇതിലുൾപെടുന്നു.

2. ***എൻ.ഐ.ആർ.റ്റി. നടത്തുന്ന റബ്ബർകൃഷി സംബന്ധമായ പരിശീലനപരിപാടികളെക്കുറിച്ച് വിശദമാക്കാമോ?***

റബ്ബർകൃഷിയുമായി ബന്ധപ്പെട്ട് വിവിധ പരിശീലന പരിപാടികൾ എൻ.ഐ.ആർ.റ്റി. നടത്തുന്നുണ്ട്. ചെറുകിടതോട്ടമുടമകൾക്കും എസ്റ്റേറ്റ് മേഖലയിലുള്ളവർക്കുമായി റബ്ബർകൃഷിയെക്കുറിച്ചുള്ള പ്രത്യേക ഹ്രസ്വകാലകോഴ്സ്, വടക്കുകിഴക്കൻ മേഖലകളിലെയും പാരമ്പര്യേതര പ്രദേശങ്ങളിലെയും കർഷകർക്ക് യോജിച്ച ഹ്രസ്വകാല കോഴ്സ്, റബ്ബർകൃഷി, തോട്ടംപരിപാലനം എന്നിവയിൽ അഡ്വാൻസ്ഡ് ട്രെയിനിങ്, സുസ്ഥിര റബ്ബറുത്പാദനത്തിനായുള്ള 'നല്ല കാർഷികരീതികൾ' എന്നീ വിഷയങ്ങളിലുള്ള പരിശീലനപരിപാടികൾ ഇതിലുൾപ്പെടുന്നു.

കൂടാതെ, ഗുണമേന്മയുള്ള നടീൽവസ്തുക്കൾ, നഴ്സറി മാനേജ്മെന്റ്, വളപ്രയോഗം, തോട്ടം പരിപാലനം, ഇടവിളകൾ, കീട-രോഗനിയന്ത്രണം, വിളവെടുപ്പ്, റെയിൻഗാർഡിങ്, സ്പ്രേയിങ്, സ്പ്രേയറുകളുടെ പരിപാലനം തുടങ്ങി ഇരുപതോളം വിഷയങ്ങളിൽ പ്രത്യേക പരിശീലനപരിപാടികളും നടത്താറുണ്ട്.

റബ്ബർതോട്ടത്തിൽ തേനീച്ചവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദീർഘകാല സർട്ടിഫിക്കറ്റ് കോഴ്സ് 2016 മുതൽ റബ്ബറുത്പാദകസംഘങ്ങൾ കേന്ദ്രീകൃതമായി നടത്തിവരുന്നു.

3. ***റബ്ബർതോട്ടത്തിലെ കൃഷി ഒഴികെയുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിശീലനപരിപാടികൾ ഉണ്ടോ?***

കൃഷിയിതര മേഖലയിൽ പ്രധാനമായും ഉത്പാദകസംഘങ്ങളിലെ കളക്ഷൻ ഏജന്റുമാർക്കുള്ള പരിശീലനം, സംഘങ്ങളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്കുള്ള നേതൃത്വപരിശീലനം, സ്വയംസഹായ




*ഉമാശങ്കർ ജി. കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

സംഘങ്ങളുടെ ശാക്തീകരണം എന്നീ പരിശീലനങ്ങളാണ് നടത്തിവരുന്നത്.

പട്ടികജാതി പട്ടികവർഗവിഭാഗത്തിൽപെട്ട കർഷകരുടെയും തൊഴിലാളികളുടെയും സ്ത്രീകളുടെയും ശാക്തീകരണത്തിനായി റബ്ബറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവരുടെ നൈപുണ്യവും വികസനവും ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ എൻ.ഐ. ആർ.റ്റി. നടത്തിവരുന്നു.

ഇ-ട്രേഡിങ്, അക്കൗണ്ടുകളുടെ പരിപാലനം; ജി.എസ്.ടി., പാൻ, ഉത്പാദകസംഘം എന്നിവയുടെ രജിസ്ട്രേഷൻ, നെറ്റ് ബാങ്കിങ് മുതലായവ പരിശീലനപരിപാടികളിൽ ഉൾപെടുത്തിയിട്ടുള്ള ചില വിഷയങ്ങളാണ്. ഇവയ്ക്കുപുറമെ ഉത്പാദകസംഘങ്ങളുടെ കീഴിലുള്ള സ്വയംസഹായസംഘങ്ങളുടെ സുസ്ഥിരസേവനം ഉറപ്പുവരുത്തുന്നതിനും അധികവരുമാനം സൃഷ്ടിക്കുന്നതിനും തിരഞ്ഞെടുത്ത സംഘങ്ങളിലെ ഗുണഭോക്താക്കൾക്ക് കുട, പരിസ്ഥിതി സൗഹൃദ പേപ്പർ ബാഗ്, ഫയൽകവർ, ഫയൽപാഡ്, റൈറ്റിങ് പാഡ്, പേന മുതലായവയുടെ നിർമാണം; കൂൺകൃഷി തുടങ്ങി വിവിധ മേഖലകളിൽ പരിശീലനം നൽകുന്നു.

4. ***റബ്ബർവ്യവസായവുമായി ബന്ധപ്പെട്ട വിവിധ പരിശീലനപരിപാടികൾ എന്തൊക്കെയാണ്?***

റബ്ബർസംസ്കരണത്തെയും ഗുണമേന്മാനിയന്ത്രണത്തെയും കുറിച്ചുള്ള ഹ്രസ്വകാല കോഴ്സ്; ഷീറ്റുറബ്ബർ, ബ്ലോക്കുറബ്ബർ, സെൻട്രിഫ്യൂജ്ഡ് ലാറ്റക്സ് എന്നിവയുടെ സംസ്കരണത്തെക്കുറിച്ചുള്ള പരിശീലനം; ഉണക്കറബ്ബർ, റബ്ബർപാൽ എന്നിവയിൽ നിന്നുള്ള ഉത്പന്നനിർമാണത്തെക്കുറിച്ചുള്ള ഹ്രസ്വകാലപരിശീലനം; അസംസ്കൃത വസ്തുക്കൾ, റബ്ബർപാൽ, റബ്ബർ രാസവസ്തുക്കൾ എന്നിവയുടെ പരിശോധനയും ഗുണമേന്മാനിയന്ത്രണവും സംബ

ന്ധിച്ച പ്രത്യേക പരിശീലനം; വിവിധതരം റബ്ബർ, റബ്ബറുത്പന്നങ്ങൾ എന്നിവയുടെ ഗുണമേന്മാപരിശോധന; നിയന്ത്രണം, ഉത്പന്ന വിശകലനം, റിവേഴ്സ് എഞ്ചിനീയറിങ് എന്നിവയിൽ പ്രത്യേക പരിശീലനം എന്നിവ വാർഷിക കലണ്ടർ പ്രകാരവും വ്യവസായികൾ, സംരംഭകർ, സാങ്കേതിക വിദ്യാർത്ഥികൾ എന്നിവരുടെ ആവശ്യാനുസരണം റബ്ബറുത്പന്നങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക പരിശീലനങ്ങളും നടത്തിവരുന്നു.

ഈ മേഖലകളിലെല്ലാം തന്നെ സംരംഭകത്വവികസനം ലക്ഷ്യമിട്ട് വിവിധ പരിശീലനപരിപാടികളും എൻ.ഐ.ആർ.റ്റി. നടത്തുന്നുണ്ട്.

5. ***എൻ.ഐ.ആർ.റ്റി. നടത്തുന്ന ഏതെങ്കിലും മാനേജ്മെന്റ് പ്രോഗ്രാമുകൾ ഉണ്ടോ?***

റബ്ബർവ്യവസായത്തിലെ ഓൺട്രപ്രൂണർ ഡെവലപ്മെന്റ് പ്രോഗ്രാം, റ്റോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ, ലബോറട്ടറി മാനേജ്മെന്റ് സിസ്റ്റം (എൻ.എ.ബി.എൽ.), റബ്ബറുത്പന്നങ്ങളുടെ വിപണനവും കയറ്റുമതി മാനേജ്മെന്റും സംബന്ധിച്ച പരിശീലനം തുടങ്ങിയ പരിപാടികൾ എൻ.ഐ.ആർ.ടി. നടത്തുന്നുണ്ട്.

കൂടാതെ മാനവവിഭവശേഷിവികസനത്തിന്റെ ഭാഗമായി റബ്ബർബോർഡ് ഉദ്യോഗസ്ഥർ, കോർപ്പറേറ്റ് കമ്പനികളിലെയും കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലെയും ജീവനക്കാർ എന്നിവർക്ക് ആവശ്യാനുസരണം വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു.

6. ***ഏതെങ്കിലും തരത്തിലുള്ള അക്കാദമിക് പ്രോഗ്രാമുകൾ എൻ.ഐ.ആർ.ടി. നടത്തുന്നുണ്ടോ?***

പ്ലാന്റേഷൻ മാനേജ്മെന്റ്, റബ്ബർ ടെക്നോളജി എന്നിവയിൽ ബിരുദാനന്തരബിരുദ ഡിപ്ലോമകോഴ്സുകൾ എൻ.ഐ.ആർ.ടി. നടത്തുന്നുണ്ട്. കൂടാതെ, റബ്ബർ ടെക്നോളജി, റബ്ബറുത്പന്നനിർമാണം, മോളിക്യുലാർ ബയോളജി & ബയോടെക്നോളജി എന്നിവയിൽ മൂന്നുമാസത്തെ സർട്ടിഫിക്കറ്റ് കോഴ്സും എൻ.ഐ.ആർ.ടി. നടത്തുന്നു.

വിവിധ സർവ്വകലാശാലകളിലെ ബി. ടെക്, എം. ടെക് വിദ്യാർത്ഥികൾക്ക് റബ്ബർസാങ്കേതികവിദ്യയിൽ ഹ്രസ്വകാലകോഴ്സുകൾ എൻ.ഐ.ആർ.ടി. പതിവായി നടത്തിവരുന്നു. കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങൾ പഠിക്കുന്ന ബിരുദ വിദ്യാർത്ഥികൾക്കുള്ള ഹ്രസ്വകാലപരിശീലനപരിപാടിയും ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്നു.

കേരള സർക്കാരിന്റെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമുമായി (ASAP) സഹകരിച്ച് നൈപുണ്യ വികസനപരിപാടികളും ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിരമായി സംഘടിപ്പിച്ചുവരുന്നു.

7. ***എൻ.ഐ.ആർ.ടി. നടത്താനുദ്ദേശിക്കുന്ന പ്രോഗ്രാമുകളെക്കുറിച്ചും പ്രോഗ്രാമിനായി എങ്ങനെ രജിസ്റ്റർ ചെയ്യാം എന്നതിനെക്കുറിച്ചും ഒരു വ്യക്തിക്ക് എങ്ങനെ അറിയാനാകും?***

എൻ.ഐ.ആർ.ടി. നടത്തുന്ന എല്ലാ പ്രോഗ്രാമുകളുടെയും വിശദാംശങ്ങൾ റബ്ബർബോർഡിന്റെയും എൻ.ഐ.ആർ.ടി. യുടെയും വെബ്സൈറ്റിൽ (www. training.rubberboard.org.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൊട്ടടുത്ത മാസം നടത്താനുദ്ദേശിക്കുന്ന പരിശീലനപരിപാടികളുടെ ലിസ്റ്റ് റബ്ബർമാസികയിൽ സ്ഥിരമായി പ്രസിദ്ധീകരിക്കുന്നുമുണ്ട്.

ഒരു പ്രോഗ്രാമിനായി രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന വ്യക്തിക്ക് വെബ്സൈറ്റിൽ പോയി തിരഞ്ഞെടുത്ത പ്രോഗ്രാമിൽ ക്ലിക്കുചെയ്താൽ പ്രോഗ്രാമിന്റെ വിശദാംശങ്ങൾ കാണാനാകും. രജിസ്റ്റർ ബട്ടണിൽ ക്ലിക്ക് ചെയ്ത് ആവശ്യമായ വിവരങ്ങൾ നൽകുന്ന ഒരാൾക്ക് വെബ്സൈറ്റ് വഴി തന്നെ രജിസ്ട്രേഷൻ നടത്താൻ പറ്റും.

തയ്യാറാക്കിയത്

**ആൻസമ്മ ജോർജ്ജ്**
(ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ്)

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



### റബ്ബർപാൽസംഭരണവും ഗുണമേന്മയുള്ള ഷീറ്റുനിർമ്മാണവും

റബ്ബർപാൽസംഭരണം ഗുണമേന്മയുള്ള ഷീറ്റുനിർമ്മാണം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2023 ജനുവരി 18 ബുധനാഴ്ച രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജു മറുപടി പറയും.

### റബ്ബർതടിയുടെ വിപണനം

റബ്ബർതടിയുടെ വിപണനസാധ്യതകളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് 2023 ജനുവരി 25 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ (എഞ്ചിനീയറിങ്) കെ. തോംസൺ ഫ്രാൻസിസ് മറുപടി പറയും.

### വേനൽകാലസംരക്ഷണം

റബ്ബർതൈകൾക്ക് വേനൽകാലത്ത് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2023 ഫെബ്രുവരി 8 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ് ശിവരാമൻ പി.ആർ. മറുപടി പറയും.

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2023 ഫെബ്രുവരി മാസത്തെ പരിശീലനപരിപാടികൾ

1. **റബ്ബറുത്പാദകസംഘം**

   റബ്ബറുത്പാദകസംഘം ഭാരവാഹികൾക്കായി മാനേജ്മെന്റ്, കാര്യശേഷി വർദ്ധിപ്പിക്കൽ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം ഫെബ്രുവരി 2, 3 തീയതികളിൽ നടത്തുന്നതാണ്. പരിശീലനം സൗജന്യമായിരിക്കും.

2. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**

   റബ്ബർപാലിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ഫെബ്രുവരി 6 മുതൽ 10 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്ട് ഡിസൈൻ; റബ്ബർ ബാന്റ്, കയ്യുറകൾ, ഫോംറബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമ്മാണം, ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **ഉണക്കറബ്ബർ നിർണയം**

   റബ്ബർപാലിലെ ഉണക്കറബ്ബർ പരിശോധിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ഫെബ്രുവരി 13 മുതൽ 15 വരെയുള്ള തീയതികളിൽ നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



**4. ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണം**

ഉണക്കറബ്ബറിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ഫെബ്രുവരി 13 മുതൽ 17 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർ കോമ്പൗണ്ടിങ്, പ്രോസ്സസ് കൺട്രോൾ ടെസ്റ്റുകൾ, വൾക്കനൈസേറ്റ് ടെസ്റ്റിങ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്നു. റബ്ബർവ്യവസായങ്ങളിൽ നിന്നുള്ള സംരംഭകർ, സാങ്കേതികോദ്യോഗസ്ഥർ, സ്റ്റാർട്ടപ്പ് മിഷനുകളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് പങ്കെടുക്കാം. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**5. രോഗ-കീടനിവാരണം**

റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം ഫെബ്രുവരി 21-ന് നടക്കും. കർഷകർക്കും റബ്ബർ തോട്ടമേഖലയിൽ നിന്നുള്ളവർക്കും പങ്കെടുക്കാം. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**6. റബ്ബർനടീൽ, പരിപാലനം**

റബ്ബറിന്റെ നടീൽരീതികൾ, പരിപാലനം, ഇടവിള ക്കൃഷി, കളനാശനം എന്നിവയുൾക്കൊള്ളിച്ചുകൊണ്ടുള്ള ഏകദിനപരിശീലനം ഫെബ്രുവരി 28-ന് നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 04812353201 (വ്യവസായം), 04812351313 (കൃഷി) ബന്ധപ്പെടുക.



139 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

# ആഘോഷങ്ങൾ ആർഭാടമാകുമ്പോൾ

വീണ്ടുമൊരു ക്രിസ്തുമസ് കൂടി വന്നു പോയിരിക്കുന്നു. ആഘോഷങ്ങളെല്ലാം ആർഭാടത്തിന്റെ അത്യുന്നതങ്ങളിൽ അടിപൊളിയായി മാറുമ്പോൾ ലാളിത്യത്തിന്റെ സാക്ഷ്യമായ തിരുപ്പിറവിയും ആ വഴിയ്ക്കുതന്നെ. കാലിത്തൊഴുത്തിന്റെയും ഇടയന്മാരുടെ വിയർപ്പിന്റെയും ഗന്ധം നിറഞ്ഞുനിന്ന മഞ്ഞണിഞ്ഞ ഡിസംബറിലെ ആ അപരിഷ്കൃതവും ലാളിത്യവുമാർന്ന സാഹചര്യത്തോളം നിർമ്മലമായ അനർഘനിമിഷം ചരിത്രത്തിൽ മറ്റൊന്നുണ്ടാകില്ല. ലോകത്തിലിന്നോളമുണ്ടായിട്ടുള്ള ഏറ്റവും ലാളിത്യമുള്ള ഒരു ദിവ്യജനനത്തിന്റെ ഓർമ്മപ്പെടുത്തലാണ് ഓരോ ക്രിസ്തുമസും! ക്രിസ്തുമസിന്റെ ദൂതുമായെത്തുന്ന പുൽകൂടാകട്ടെ, നക്ഷത്രദീപങ്ങളാകട്ടെ, എല്ലാത്തിലും തന്നെ പ്രകൃതിയുടെ തനിമയും നന്മയുമുണ്ടായിരുന്നു!

മഞ്ഞുപെയ്യുന്ന ധനുമാസരാവുകളിലൊന്നിൽ മനോജ്ഞമായൊരു പുൽകൂട് ലോകമാകെ പ്രകാശപൂർണ്ണമാക്കിയതിന്റെ ഓർമ്മയ്ക്കായി നമ്മൾ എല്ലാക്രിസ്തുമസ്സിനും പുൽകൂടൊരുക്കുന്നു. മരച്ചീനിക്കമ്പുകളും എഴുന്നുവളരുന്ന പുൽച്ചെടികളും ഈന്തിന്റെ ഓലയും വൈക്കോലും മറ്റും കൊണ്ടായിരുന്നു പണ്ടു നാം പുൽകൂട് ഒരുക്കിയിരുന്നത്. വീട്ടിലെ കുട്ടികളും മുതിർന്നവരും ചേർന്ന് നമ്മുടെ ജീവിതപരിസരത്ത് തന്നെ സുലഭമായ ഇവയെല്ലാം ഉപയുക്തമാക്കി പുൽകൂടും നക്ഷത്രവിളക്കും തയ്യാറാക്കുമ്പോൾ പണച്ചെലവ് ഒഴിവാകുന്നതോടൊപ്പം കുടുംബക്കൂട്ടായ്മയുടെ ഒരുമയും കലയും കരവിരുതും സമന്വയിക്കുക കൂടിയാണ്. മിന്നിത്തിളങ്ങുന്ന ബൾബുകളോടുകൂടിയ ചൈനയുടെ അലങ്കാര പുൽകൂടുകളും വിളക്കുകളും ഇപ്പോൾ വിപണിയിൽ സുലഭം.

ഇന്നിതാ ഇവയൊക്കെയും ഓൺലൈനിൽ വീട്ടുപടിക്കൽ ലഭ്യവുമാണ്. പണം കൊടുത്താൽ ക്രിസ്തുമസ് അടക്കം എല്ലാ ആഘോഷങ്ങളും പൊടിപൂരമാക്കാൻ വേണ്ടതൊക്കെയും മൊത്തമായും ചില്ലറയായും വീട്ടുമുറ്റത്തെത്തുന്ന കാലം. ഇപ്പോൾ നാം ഒരുക്കിവയ്ക്കുന്ന പുൽകൂടുകൾ ഏറെയും തയ്യാറാക്കുന്നത് പ്രകൃതിക്ക് വിനയായി മാറുന്ന പ്ലാസ്റ്റിക്കുകൊണ്ടാണ്. ക്രിസ്തുമസ് കഴിയുമ്പോൾ ഇവയൊക്കെയും പരിസ്ഥിതിക്ക് വിനാശമായി മാറുന്നു. സന്മനസ്സുള്ളവർക്ക് ഭൂമിയിൽ സമാധാനമേകുന്ന മനുഷ്യപുത്രന്റെ തിരുപ്പിറവി വിളിച്ചോതുന്ന പുൽകൂടുകളും നക്ഷത്രദീപങ്ങളും, മടൽപ്പൊളിയും ഈറക്കഷണങ്ങളും മുളന്തണ്ടും വർണ്ണകടലാസുകളും കൊണ്ട് തയ്യാറാക്കിയിരുന്ന നന്മയുടെ കാലം കഴിഞ്ഞു. ഇപ്പോൾ ക്രിസ്തുമസ് എത്തുന്നതിനും മാസങ്ങൾക്ക് മുമ്പുതന്നെ നക്ഷത്രദീപങ്ങളും പുൽകൂടുകളും വിപണിയിൽ വില്പനയ്ക്കെത്തുകയായി. ഇവയുടെ വില്പനയും ഇന്നിതാ വമ്പൻ ബിസിനസ്സായി മാറിയിരിക്കുന്നു. നമ്മുടെ ആഘോഷങ്ങളെല്ലാം വിപണിയുടെയും വിറ്റഴിക്കലിന്റെയും 'ഡിസ്കൗണ്ട്' മേളകളായി തീർന്നിരിക്കുകയാണല്ലോ.

എന്നാൽ, മണ്ണും മനുഷ്യനുമായുള്ള ജൈവബന്ധത്തിന്റെ ഇണക്കുകണ്ണികളായ പുൽച്ചെടിയും മരച്ചീനിക്കമ്പും മുളംതണ്ടും ഈന്തിന്റെ ഓലയും ഒപ്പം കുടുംബക്കൂട്ടായ്മയിൽ അധിഷ്ഠിതമായ മനുഷ്യാദ്ധ്വാനവും ചേരുംപടി ചേരുമ്പോൾ പുൽകൂടും നക്ഷത്രവിളക്കും അതിന്റെ പ്രത്യക്ഷഘടന പോലെ അതീവലളിതവും പരസ്പരബന്ധിതവുമായി മാറുകയായിരുന്നു. 'ഏച്ചുവെച്ചാൽ മുഴച്ചിരിക്കും' എന്ന് പറയും പോലെ വില കൊടുത്തുവാങ്ങുന്ന റെഡിമെയ്ഡ് പുൽകൂടിനും നക്ഷത്രവിളക്കിനും ധാടിയും മോടിയും കൂടുമെങ്കിലും എവിടെയോ ഒരു ആത്മസ്പർശത്തിന്റെ അഭാവം ബാക്കിയാകുന്നില്ലേ? യഥാർത്ഥത്തിൽ സ്നേഹസ്വരൂപനായ യേശു പുൽകൂടിന്റെ നൈർമല്യത്തെയാണ് ആ ധന്യജീവിതത്തിലുടനീളം പ്രസരിപ്പിച്ചത്. ഇന്ന് വലിയ വില നൽകി അലങ്കരിച്ചുവെയ്ക്കുന്ന പുൽകൂട് കേവലം

ആഘോഷത്തിന്റെ അടയാളക്കുറിമാത്രം. എന്നാൽ, ദൈവപുത്രന്റെ പിറവിയിലൂടെ പുൽകൂട് സമൂഹത്തിന് നൽകുന്ന ദർശനം ആഡംബരങ്ങൾക്ക് പകരം ലാളിത്യത്തിന്റെ പവിത്രതയും വിശുദ്ധിയും ജീവിതത്തിലേക്ക് സന്നിവേശിപ്പിക്കണമെന്നുള്ള ആഹ്വാനമാണ്.


യഥാർത്ഥത്തിൽ പൂജയും നാമസങ്കീർത്തനവും പ്രാർത്ഥനയുമില്ലാത്ത 'പൂജാമുറികൾ' പോലെയായിരിക്കുന്നു നമ്മുടെ ഒട്ടുമിക്ക ആഘോഷങ്ങളും. വാസ്തുശാസ്ത്രത്തിന്റെ നാനാവശങ്ങളും അണുവിട തെറ്റാതെ വീടുവയ്ക്കുന്നതിന് ഈ പുതിയകാലത്ത് നാം പ്രത്യേകം ശ്രദ്ധിക്കുന്നു. ആധുനിക ഗൃഹനിർമ്മാണത്തിൽ 'വാസ്തു' പരമപ്രധാനമായി മാറുകയും ഏറ്റവും യോജിച്ച സ്ഥലം പൂജാമുറിക്കായി മാറ്റി വയ്ക്കുകയും ചെയ്യുന്നുണ്ട്. ആധുനിക വീടുനിർമാണത്തിലെ അനിവാര്യതയായ പൂജാമുറി മിക്ക വീടുകളുടെയും കാര്യത്തിൽ ഒരു 'ഷോക്കേസ് പീസ്സ്'മാത്രമായി മാറുകയാണ്- പൂജയും പ്രാർത്ഥനയും നാമജപവുമില്ലാത്ത അവസ്ഥ! ആത്മാവ് നഷ്ടപ്പെട്ട ആഘോഷങ്ങൾക്കും ഇത് തന്നെയാണ് സംഭവിച്ചിരിക്കുന്നത്. ആഘോഷത്തിന്റെ സത്ത ഊർന്നും ചോർന്നും ഇല്ലാതാകുകയും ആർഭാടത്തിന്റെ പൊലിപ്പും പൊലിമയും പത്രാസ്സും പതിൻമടങ്ങ് വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. ക്രിസ്തുമസിന്റെ കാര്യത്തിൽ മാത്രമല്ല ഓണവും വിഷുവും തിരുവാതിരയും പെരുന്നാളും നവാഹവും സപ്താഹവുമെല്ലാം ഏറെക്കുറെ ഇങ്ങനെ വഴിമാറിയ അവസ്ഥയിലാണ്.

ക്രിസ്തുമസ് നമ്മെ ഓർമിപ്പിക്കുന്നത് എല്ലാവിധ തിന്മകളുടെയും നിരാസമാണ്. നന്മയുടെ സുവിശേഷമായി ഒരിടൊത്തൊരുണ്ണി പിറന്നു എന്നതായിരുന്നു മാനവരാശിയെ സമാശ്വസിപ്പിച്ച സദ്‌വാർത്ത. ക്രിസ്തുമസ്സിന്റെ നന്മയെ ജീവിതത്തിലേക്ക് സ്വാംശീകരിക്കുമ്പോഴാണ് ഈ ആഘോഷം അർത്ഥപൂർണ്ണമാകുന്നത്. ഒരു വർഷത്തിന് വിടചൊല്ലി ഭിത്തിയിൽ പുതിയ വർഷത്തിന്റെ കലണ്ടർ രംഗപ്രവേശനം ചെയ്യുന്ന മാസമാണ് ഓരോ ഡിസംബറും. കണ്ണുകൊണ്ട് കാണാൻ കഴിയാത്ത ഒരു അതിസൂക്ഷ്മജീവി ലോകത്തെ മുഴുവൻ ഭയാശങ്കയിലാക്കിയതിനാൽ കഴിഞ്ഞ ഒന്നുരണ്ടുവർഷങ്ങളായി എല്ലാ ആഘോഷങ്ങൾക്കും അവധി കൊടുക്കാൻ നാം നിർബന്ധിതരായി. നാടും വീടും അടച്ചുപൂട്ടി തഴുതിട്ട നാളുകളുടെ ഭീതിദമായ അവസ്ഥ ഇനി തിരിച്ചു വരാതിരിക്കട്ടെ എന്നതാകട്ടെ 2023 -ന്റെ പടിപ്പുരയിൽ നിന്നുകൊണ്ടുള്ള നമ്മുടെ പ്രാർത്ഥന. ചൈനയിലടക്കം ലോകത്ത് പലയിടത്തും കോവിഡിന്റെ വർദ്ധിത വീര്യത്തോടെയുള്ള തിരിച്ചുവരവും മരണങ്ങളും ഡിസംബറിന്റെ വേദനയും വ്യഥയുമായി നമ്മുടെ മനസ്സിൽ ഘനീഭവിച്ച് നിൽക്കയാണ്.


പണ്ട് തെങ്ങിൻകള്ളും തുടർന്ന് വിദേശമദ്യവുമായിരുന്നു ആഘോഷങ്ങൾക്ക് ലഹരി പകർന്നിരുന്നതെങ്കിൽ ഇപ്പോഴിതാ തൊട്ടാൽ ഉന്മാദാവസ്ഥയിലാകുന്ന പുതുപുത്തൻ സിന്തറ്റിക്ക് ലഹരി ഉത്പന്നങ്ങൾ നാട്ടിൻപുറത്തെ തട്ടുകടയിലും സുലഭമായിരിക്കുന്നു. പുതുവത്സരത്തിന്റെ സിന്തറ്റിക്ക് ലഹരിക്ക് തടയിടാൻ കൊച്ചിയടക്കമുള്ള നഗരങ്ങളിൽ പോലീസ് ആഴ്ചകൾക്ക് മുമ്പുതന്നെ പരിശോധനകൾ കർശനമാക്കിയ വാർത്തയും നാം വായിച്ചു. പുതുവർഷപ്പിറവിയുടെ ആഘോഷങ്ങൾ ഉന്മാദമാക്കാൻ എത്രകോടിയുടെ മദ്യവും മറ്റ് ലഹരി ഉത്പന്നങ്ങളും കേരളം കുടിച്ചും പുകച്ചും സിരകളിൽ കുത്തിവെച്ചും തീർത്തുവെന്ന് ഔദ്യോഗിക കണക്കുകൾ വരുമ്പോഴേ കൃത്യമായി അറിയാൻ കഴിയൂ. പുതുവർഷാഘോഷത്തിന് മാത്രമല്ല എന്തിനേറെ കുടുംബങ്ങളിലെ ഒത്തുചേരലുകൾക്ക് പോലും മദ്യത്തിന്റെ മാസ്മരിക ലഹരി കൂടിയേതീരൂ എന്നതാണവസ്ഥ. നമ്മുടെ ആഘോഷങ്ങൾക്ക് ഇത്രകണ്ട് ആർഭാടവും ഉന്മാദവും ആവശ്യമുണ്ടോ? 'തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും'എന്ന ബൈബിൾ വചനത്തെ സാർത്ഥകമാക്കിയ ഗാന്ധിജിയിലേക്ക് നമുക്ക് മടങ്ങാം. ഇതുതന്നെയാണ് ക്രിസ്തുമസ്സിന്റെ ആത്യന്തിക സന്ദേശവും- ഈ സന്ദേശം പുതുവർഷത്തിൽ നമ്മുടെ ജീവിതത്തിന്റെ വഴിവിളക്കാകട്ടെയെന്ന ചിന്തയോടെ എല്ലാ വായനക്കാർക്കും ഗ്രാമകേരളത്തിന്റെ സ്നേഹമസൃണമായ നവവത്സരാശംസകൾ. •


## റബ്ബർമാസിക- പരസ്യനിരക്കുകൾ

റബ്ബർമാസികയുടെ പുതുക്കിയ പരസ്യനിരക്കുകൾ
(5 ശതമാനം ജി.എസ്.റ്റി. സഹിതം) താഴെച്ചേർക്കുന്നു.



| | |
|---|---|
| ബാക്ക് കവർ (കളർ) | - 13860 രൂപ |
| ഫ്രണ്ട് ഇൻസൈഡ് (കളർ) | - 9975 രൂപ |
| ബാക്ക് ഇൻസൈഡ് (കളർ) | - 9975 രൂപ |
| സെന്റർ സ്പ്രെഡ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - 16800 രൂപ |
| ഇൻസൈഡ് ഫുൾ പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - 8400 രൂപ |
| ഇൻസൈഡ് 1/2 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - 4200 രൂപ |
| ഇൻസൈഡ് 1/4 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - 2100 രൂപ |
| ഇൻസൈഡ് 1/8 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - 1313 രൂപ |



പരസ്യം നൽകാൻ ആഗ്രഹിക്കുന്നവർ, തയ്യാറാക്കിയ പരസ്യത്തിന്റെ സോഫ്റ്റ് കോപ്പി, പരസ്യം നൽകാൻ ആഗ്രഹിക്കുന്ന ലക്കത്തിന്റെ തൊട്ടുമുൻപത്തെ മാസം 15-ാം തീയതിക്കകം നൽകേണ്ടതാണ്. എഡിറ്റർ, റബ്ബർമാസിക, കോട്ടയം-2 എന്ന വിലാസത്തിൽ അയച്ചുതരികയോ ppr@rubberboard.org.in എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യുകയോ ചെയ്യാം. പരസ്യത്തുക സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം-2 എന്ന വിലാസത്തിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി അയയ്ക്കുകയോ റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിൽ നേരിട്ട് അടയ്ക്കുകയോ ചെയ്യാം.

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2022 ഡിസംബർ 1 | 14600 | 14300 | 9720 | 14600 | 14300 | 12949 | 12880 |
| 2022 ഡിസംബർ 2 | 14550 | 14250 | 9615 | 14550 | 14250 | 13011 | 12942 |
| 2022 ഡിസംബർ 3 | 14550 | 14200 | അവധി | 14550 | 14200 | അവധി | അവധി |
| 2022 ഡിസംബർ 4 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ഡിസംബർ 5 | 14500 | 14100 | 9405 | 14500 | 14100 | അവധി | അവധി |
| 2022 ഡിസംബർ 6 | 14400 | 14000 | 9300 | 14400 | 14000 | 13197 | 13127 |
| 2022 ഡിസംബർ 7 | 14350 | 13950 | 9300 | 14350 | 13950 | 13286 | 13216 |
| 2022 ഡിസംബർ 8 | 14300 | 13900 | 9195 | 14300 | 13900 | 13342 | 13271 |
| 2022 ഡിസംബർ 9 | 14250 | 13900 | 9300 | 14250 | 13900 | 13466 | 13395 |
| 2022 ഡിസംബർ 10 | 14250 | 13900 | അവധി | 14250 | 13900 | അവധി | അവധി |
| 2022 ഡിസംബർ 11 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ഡിസംബർ 12 | 14250 | 13950 | 9350 | 14250 | 13950 | അവധി | അവധി |
| 2022 ഡിസംബർ 13 | 14200 | 13900 | 9300 | 14200 | 13900 | 13566 | 13495 |
| 2022 ഡിസംബർ 14 | 14150 | 13850 | 9300 | 14150 | 13850 | 13638 | 13566 |
| 2022 ഡിസംബർ 15 | 14050 | 13750 | 9245 | 14050 | 13750 | 13696 | 13624 |
| 2022 ഡിസംബർ 16 | 14050 | 13700 | 9195 | 14050 | 13700 | 13627 | 13556 |
| 2022 ഡിസംബർ 17 | 14000 | 13700 | അവധി | 14000 | 13700 | അവധി | അവധി |
| 2022 ഡിസംബർ 18 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ഡിസംബർ 19 | 13950 | 13650 | 9140 | 13950 | 13650 | 13543 | 13472 |
| 2022 ഡിസംബർ 20 | 13900 | 13600 | 9035 | 13900 | 13600 | 13540 | 13469 |
| 2022 ഡിസംബർ 21 | 13850 | 13550 | 8980 | 13850 | 13550 | 13492 | 13421 |
| 2022 ഡിസംബർ 22 | 13800 | 13500 | 8930 | 13800 | 13500 | 13567 | 13496 |
| 2022 ഡിസംബർ 23 | 13750 | 13450 | 8875 | 13750 | 13450 | 13549 | 13477 |
| 2022 ഡിസംബർ 24 | 13700 | 13400 | അവധി | 13700 | 13400 | അവധി | അവധി |
| 2022 ഡിസംബർ 25 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ഡിസംബർ 26 | 13600 | 13200 | 8875 | 13600 | 13200 | 13359 | 13287 |
| 2022 ഡിസംബർ 27 | 13550 | 13100 | 8875 | 13550 | 13100 | 13392 | 13321 |
| 2022 ഡിസംബർ 28 | 13550 | 13150 | 8930 | 13550 | 13150 | 13444 | 13372 |
| 2022 ഡിസംബർ 29 | 13600 | 13200 | 8930 | 13600 | 13200 | 13536 | 13464 |
| 2022 ഡിസംബർ 30 | 13650 | 13200 | 8980 | 13650 | 13200 | അവധി | അവധി |
| 2022 ഡിസംബർ 31 | 13700 | 13200 | അവധി | 13700 | 13200 | അവധി | അവധി |
| **ശരാശരി** | **14039** | **13687** | **9172** | **14039** | **13687** | **13432** | **13361** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ്, റബ്ബർബോർഡ്*




RUBBER LAB
APPROVAL NUMBER
P/11-1/2021-22/E&P
RUBBER BOARD APPROVED
DRC TESTING Laboratory
AVANEESWARAM
Opp FCI.(Food Corporation of India)
PATHANAPURAM KUNNICODE Road, Kerala
Customer Care Number
+91 9846791991

# പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | സെപ്റ്റംബർ 2022 | സെപ്റ്റംബർ 2021 | ഏപ്രിൽ 2022 മുതൽ സെപ്റ്റംബർ 2022 വരെ | ഏപ്രിൽ 2021 മുതൽ സെപ്റ്റംബർ 2021 വരെ | ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 50150 | 45370 | 203930 | 204150 | 491090 | |
| ബ്ലോക്കുറബ്ബർ | 14450 | 13990 | 77710 | 68240 | 155125 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9420 | 9890 | 48130 | 43940 | 109250 | |
| മറ്റുള്ളവ | 1980 | 1750 | 9230 | 8670 | 19535 | |
| ആകെ | 76000 | 71000 | 339000 | 325000 | 775000 | 4.3 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 46780 | 42000 | 277490 | 270080 | 516275 | |
| ബ്ലോക്കുറബ്ബർ | 53500 | 52600 | 342385 | 296590 | 594160 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 7020 | 9150 | 46545 | 48655 | 100050 | |
| മറ്റുള്ളവ | 2700 | 2250 | 16580 | 14675 | 27515 | |
| ആകെ | 110000 | 106000 | 683000 | 630000 | 1238000 | 8.4 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 76685 | 78434 | 484846 | 464067 | 904574 | 4.5 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 54073 | 42063 | 281591 | 236598 | 546369 | |
| കയറ്റുമതി (p) | 148 | 101 | 1505 | 2421 | 3560 | |

**2022 സെപ്റ്റംബർ അവസാനത്തെ സ്റ്റോക്ക് (ടൺ)**

| | | | |
|---|---|---|---|
| കർഷകർ | 112000 | ഷീറ്റുറബ്ബർ | 218060 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 116000 | ബ്ലോക്കുറബ്ബർ | 86940 |
| ടയർ നിർമ്മാതാക്കൾ (c) | 94000 | റബ്ബർപാൽ (ഡിആർസി) | 25000 |
| മറ്റു വ്യവസായികൾ | 38000 | മറ്റുള്ളവ | 30000 |
| ആകെ | 360000 | ആകെ | 360000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ,

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിപ്പാർട്ട്മെന്റ്, റബ്ബർബോർഡ്*


ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.



Anna Industries
കർഷകർക്ക്
വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്





ഉത്പാദന വിതരണ രംഗത്ത്
42 വർഷം !
ORGANIC 100%
അനുകരിക്കാൻ കഴിയാത്ത ഗുണമേന്മ
CBC റബ്ബർ മിക്സ്സ് ജൈവവളം
ജൈവകീടനാശിനി അടങ്ങിയത്
42
Basic Formula by
R HELI (Late)
സാങ്കേതിക ഉപദേശം
Sri.K.K. Soman
(Late)
CBC ബ്രാൻഡ് ജൈവവളങ്ങൾ ഓരോ വിളകൾക്കും
പ്രത്യേകം പ്രത്യേകം തയ്യാർ ചെയ്യപ്പെടുന്നു.
COCONUT MIX, NUTMEG, PLANTAIN SPECIAL, CARDAMOM, ARECANUT, PEPPER
sif
South Indian Fertilizers
IDA, Edayar, P.O. Binanipuram, Kochi - 683 502, Kerala.
Email: sif@sif.in, Web : www.sif.in Ph: 9947773620
Estd. 1979
വിത്തു മുതൽ വിള വരെ കർഷകർക്കൊരു കൈത്താങ്ങായി
കർഷകർക്കാവശ്യമായ എന്തും ഏതും ഒരു കുടക്കീഴിൽ...
ഫ്രാഞ്ചൈസികൾക്ക് ബന്ധപ്പെടുക
9497165620, 9847902316
കിസാൻ കേന്ദ്ര
AGRI SUPER MARKET

RUBBER MONTHLY (MALAYALAM )
Published on 11 January 2023
RNI. 7842/65

Registered KL / KTM/ 44 / 2021-23
Licence No. KL / CR / KTM / WPP-30 / 2021-23
Licensed to post without pre-payment




Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad